بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ    وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 4

ലക്കം 43

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2019 ഒക്ടോബർ 24/ഹി:ശം:1398 അഖാഅ് 24/ഹി:ഖ: 1441 സഫർ 24

## അല്ലാഹുവിന്റെ വചനം

وَمَا مُحَمَّدٌ اِلَّا رَسُوۡلٌ ۚ
قَدۡ خَلَتۡ مِنۡ قَبۡلِهِ الرُّسُلُ ؕ
اَفَا۟ئِنۡ مَّاتَ اَوۡ قُتِلَ
انۡقَلَبۡتُمۡ عَلٰۤى اَعۡقَابِكُمۡ

'മുഹമ്മദ് ഒരു ദൈവദൂതൻ മാത്രമാണ്. അദ്ദേഹത്തിനു മുമ്പേ യുണ്ടായിരുന്ന എല്ലാ ദൈവദൂതന്മാരും കാലഗതി പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു. അപ്പോൾ അദ്ദേഹം മരിക്കുകയോ കൊല്ലപ്പെടുകയോ ചെയ്തെങ്കിൽ നിങ്ങൾ നിങ്ങളുടെ കുതികാലുകളിന്മേൽ പിന്തിരിഞ്ഞുപോവുകയോ?'(3:145)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**ഈ ഭൗതികാഭിവൃദ്ധിയുടെ കാലത്ത് ഇസ്ലാമിനെ സഹായിക്കാതെ അല്ലാഹു വിട്ടുകളഞ്ഞില്ല. മറിച്ച് അവൻ ഇസ്ലാമിനെ കാത്തുസൂക്ഷിക്കുകയും തന്റെ സത്യവാനായ റസൂലിന്റെ(സ) വാഗ്ദാനങ്ങളെ സത്യമായി സ്ഥാപിച്ചുകാണിക്കുകയും ചെയ്തു. അനുഗൃഹീതമായ പ്രവചനങ്ങളുടെ യാഥാർഥ്യം തുറന്ന തന്നു. അങ്ങനെ ഈ നൂറ്റാണ്ടിൽ ഒരു വ്യക്തിയെ സൃഷ്ടിച്ചു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### വർത്തമാനകാലത്തിന്റെ അവസ്ഥയും പരിഷ്കർത്താവിന്റെ ആവശ്യകതയും

നമ്മൾ ജീവിക്കുന്ന ഈ കാലഘട്ടത്തിൽ ഈമാനികശക്തികൾ നിർജീവമാകുകയും കുഴപ്പങ്ങളും കുറ്റകൃത്യങ്ങളും ആ സ്ഥാനം പിടിച്ചെടുക്കുകയും ചെയ്തിരിക്കുകയാണ്. ജനങ്ങ ളുടെ കാര്യങ്ങൾ ഒരുഭാഗത്ത്; ആരാധനകൾ മറുഭാഗത്ത്. ചുരുക്കത്തിൽ എല്ലാ കാര്യത്തിലും വിള്ളലുകൾ ഉണ്ടായിരിക്കുന്നു. ഈ വിപത്ത് മാത്രമായിരുന്നെങ്കിൽ എന്തെങ്കിലും തകരാറോ ഭീഷണിയോ ഉണ്ടാകുമായിരുന്നില്ല. പക്ഷേ, ഈ എല്ലാ കാര്യങ്ങൾക്കും പുറമെ ഏറ്റവും വലിയ വിപത്ത്- അതിനെ കുറിച്ച് എനിക്ക് പല പ്രാവശ്യവും പറയേണ്ടിവരുന്നു- അത് ഇസ്ലാമിക മനസ്സ് മനസ്സിലാക്കി കഴിഞ്ഞിട്ടുണ്ടെങ്കിലും മനസ്സിലാക്കാൻ സാധിക്കുകയാണെങ്കിലും വേണ്ടില്ല അത് വിഷലിപ്തമായ സ്വാധീനമുള്ളതാണ്. അത് ഇക്കാലത്തെ ആധുനിക ശാസ്ത്രവും വ്യാജമായ തത്ത്വജ്ഞാനവും നിമിത്തം ഇസ്ലാമിന്റേയും മുസ്ലിമീങ്ങളുടേയുംമേൽ വന്നുഭവിച്ചുകൊണ്ടിരിക്കുന്നു. ഉലമാ ഇതിലേക്ക് ശ്രദ്ധിക്കുന്നില്ല. ആഭ്യന്തരയുദ്ധങ്ങളിൽനിന്നും കലാപങ്ങളിൽ നിന്നും പരസ്പരം കാഫിറാക്കുന്നതിൽനിന്നും ഒഴിവു കിട്ടിയിട്ടുവേണ്ടേ ഈ ഭാഗത്തേക്ക് അവർക്ക് ശ്രദ്ധിക്കാൻ. സ്വാത്മപരിത്യാഗി തങ്ങളുടെ ഏകാന്തവാസത്തിലിരുന്ന് ദുആ ചെയ്യുകയായിരുന്നെങ്കിലും കുറച്ച് ഫലമുണ്ടാകുമായിരുന്നു. എന്നാൽ, അവർ പീർമാരെ പൂജിക്കുക, സ്വരരാഗങ്ങൾ കേട്ട് അതിൽ ലയിക്കുക തുടങ്ങിയ ചർച്ചകളിൽ വീണുകിടക്കുകയാണ്. യഥാർഥ സ്വൂഫിസത്തിന്റെ സ്ഥാനം ഇപ്പോൾ കുറച്ച് അനാചാരങ്ങൾ പിടിച്ചെടുത്തിരിക്കുകയാണ്. അത് ഖുർആനിൽ നിന്നും സുന്നത്തുകളിൽനിന്നും അറിയാൻ പറ്റില്ല. ചുരുക്കത്തിൽ എല്ലാ ഭാഗത്തുനിന്നും ഇസ്ലാം അജ്ഞതയുടെ പടുകുഴിയിൽ വീണുകൊണ്ടിരിക്കുന്നു. ഏതെങ്കിലും പരിഷ്കർത്താവ് അല്ലെങ്കിൽ റിഫോർമറിന്റെ ആഗമനത്തിന് നിർബന്ധമായ ആവശ്യങ്ങൾ ഇപ്പോൾ പരമമായ അവസ്ഥയിലെത്തിക്കഴിഞ്ഞിരുന്നു. പൂർണമായ സീമവരെ എത്തിക്കഴിഞ്ഞിരിക്കുന്നു. എല്ലാ ഓരോ വ്യക്തിയും ഒരു പുതിയ മതം ഉൾക്കൊള്ളുന്നതിനു പകരം ആ എല്ലാ കാര്യങ്ങളിലും അവസ്ഥകളിലും അനുമാനിച്ച് പ്രവർത്തിക്കുകയും ഇസ്ലാമിന്റെ അവസാന ആയുസ്സ് അടുത്തെത്തുകയും ചെയ്തിരിക്കുന്നതായി കാണാൻ കഴിയുന്നു. ഡോക്ടർ അല്ലെങ്കിൽ വൈദ്യൻ കോളറ ബാധിതനായ ഒരാളുടെ ശരീരം ഐസുപോലെ തണുത്തിരിക്കുന്നതോ അയാൾ സന്നിപാതജ്വരത്തിൽ അകപ്പെട്ടിരിക്കുന്നതോ കാണുമ്പോൾ ചികിത്സയില്ല എന്നു പറഞ്ഞ് ഒഴിഞ്ഞുമാറുന്നു. അവസ്ഥാവിശേഷം കണ്ട് വിദഗ്ധനായ ഡോക്ടറും ദുഃഖവും നിരാശയും പ്രകടിപ്പിക്കുന്നു. ഇപ്പോൾ ഇസ്ലാമിന്റെ അവസ്ഥയാണെങ്കിൽ ദുഃഖത്തിന്റെ പരമസീമയിൽ എത്തിയിരിക്കുന്നുവെന്നതിൽ സംശയമില്ല. പക്ഷേ, അതും മനുഷ്യന്റെ സ്വന്തം ചിന്താഗതികളുടെ ഫലമോ അവന്റെ പരിശ്രമങ്ങളുടെ ഫലമോ ആണെങ്കിൽ ഈ വിപത്തുകൾക്കും പ്രയാസങ്ങൾക്കുമിടയിലും- അതായത് നാലുഭാഗത്തു നിന്നും അതിനുമേൽ പ്രഹരമേല്ക്കുകയും അതിന്റെ ആന്തരികമായ സ്ഥിതി കപടത കൊണ്ട് ദുർബലമായിപ്പോകുകയും ചെയ്തിരിക്കുന്ന അവസ്ഥയിൽ കുറഞ്ഞപക്ഷം ഇസ്ലാമിന്റെ നിലനിൽപ്- അതിനെ ഉന്മൂലനം ചെയ്യുന്നതിന് എതിരാളികൾ നഖശിഖാന്തം എതിർക്കുകയും എതിർത്തുകൊണ്ടിരിക്കുകയുമാണ്- വളരെ ദുർഘടമായിത്തീരുന്നു. ഇസ്ലാമിനുമേൽ ആക്രമണം നടത്താൻ പുതിയ പദ്ധതി ആവിഷ്കരിക്കാത്ത ഒരു വർഷവും കടന്നുപോകുന്നില്ല. എന്തെങ്കിലും നിർമാണമോ കണ്ടുപിടിത്തമോ പദ്ധതിയോ ആസൂത്രണം ചെയ്യുന്നു. അതിനുവേണ്ടി അടിസ്ഥാന കാര്യങ്ങളെ ദൃഷ്ടിക്കു വിധേയമാക്കി ഇസ്ലാമിനുമേൽ ആക്രമണം നടത്തുന്നു.

### ഇക്കാലത്തെ അഭിവൃദ്ധിയും ഇസ്ലാമിന്റെ ഒരു ദിവ്യദൃഷ്ടാന്തമാണ്

ചുരുക്കിപ്പറഞ്ഞാൽ ഇത്തരം കുഴപ്പങ്ങളുടെ കാലത്ത്, ശത്രുക്കൾ ഒരുമിച്ചുകൂടി ഒരൊറ്റ തവണ കൊണ്ടു തന്നെ മുസ്ലിമീങ്ങളെ നശിപ്പിക്കുക എന്ന അവസ്ഥ അടുത്തെത്തിയിരുന്നു. പക്ഷേ, അല്ലാഹുവിന്റെ അതിശക്തമായ കരം ഇസ്ലാമിനെ സംരക്ഷിച്ചു. ഇതു ഇസ്ലാമിന്റെ സത്യസാക്ഷ്യത്തിനുള്ള ഒരു തെളിവാണ്. ഇക്കാലത്തെ അഭിവൃദ്ധിയും ഇസ്ലാമിന്റെ ഒരു ദിവ്യദൃഷ്ടാന്തമാണ്. നോക്കൂ! ശത്രുക്കൾ തങ്ങളുടെ സർവശക്തികളും കഴിവുകളും എത്രത്തോളമെന്നാൽ ജീവനും ധനവുംവരെ ഇസ്ലാമിനെ ഉന്മൂലനം ചെയ്യാൻ ചെലവഴിച്ചു. എന്നാൽ അല്ലാഹു *ഇന്നാ നഹ്നു നസ്സൽനദ്ദിക്റ വ ഇന്നാ ലഹൂ ലഹാഫിളൂൻ* (15:10) എന്ന തന്റെ വാഗ്ദാനമനുസരിച്ച് അതായത് അല്ലാഹു സ്വയമേവ ഈ പ്രകൃതിയുടെ ചിത്രങ്ങളെ ഓർമപെടുത്തുന്നവനാണ്- അപകടത്തിന്റെ നേരത്ത് അതിനെ സംരക്ഷിക്കുന്നതായിരിക്കും. ഇസ്ലാമിന്റെ നൗക അപകടത്തിൽപോയി പെട്ടിരുന്നു. പാതിരിമാരുടെ ആക്രമണം, അവർ കോടിക്കണക്കിന് രൂപ ചെലവഴിച്ചും പല രീതിയിലുള്ള പ്രലോഭനങ്ങളും വാഗ്ദാനങ്ങളും എത്രത്തോളമെന്നാൽ, നാണംകെട്ട ശാരീരികമായ ആസ്വാദനങ്ങൾവരെ കാണിച്ചും ജനങ്ങളെ ഇസ്ലാമിനെക്കുറിച്ച് തെറ്റുധരിപ്പിക്കാൻ ശ്രമിക്കുകയും മറുഭാഗത്ത് ഇസ്ലാമികമായ വിശ്വാസാദാർശങ്ങൾക്ക് ദുഷ്പേരുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. നോക്കൂ! മഴയില്ലാത്ത കാരണത്താൽ മഴയ്ക്കുള്ള നമസ്കാരം അനുഷ്ഠിക്കുകയും നാളെ മുതൽ മഴ പെയ്യാൻ തുടങ്ങുകയും ചെയ്യുമ്പോൾ അമേരിക്ക തുടങ്ങിയ രാജ്യങ്ങ

**(ശേഷം പേജ് 12ൽ)**

## ഖാദിയാൻ ജൽസസാലാനയെ സംബന്ധിച്ചുള്ള അടിയന്തര വിളംബരം

2019 ഡിസംബറിൽ നടക്കാൻ പോകുന്ന ഖാദിയാൻ ജൽസസാലാനയെ സംബന്ധിച്ച് ബദ്ർ പത്രത്തിൽ 'ഇത് 125-ാമത് ജൽസ'യാണെന്ന് വിളംബരം വന്നുകൊണ്ടിരുന്നു. ഈ ചരിത്രപരമായ ജൽസ പരിഗണിച്ച് ഹുദൂർ അയ്യദഹുല്ലാഹ് ചില പ്രത്യേക പരിപാടികൾക്ക് സമ്മതവും തന്നിരുന്നു. ഇതിന്റെ വിവരം സർക്കുലർ മുഖേന ജമാഅത്തുകളെ അറിയിക്കുകയും ചെയ്തിരുന്നു. ഇതിന്നിടയിൽ 'ഖാദിയാൻ അഹ്മദിയ്യ ചരിത്രവിഭാഗ'ത്തിന്റെ അന്വേഷണത്തിന്റെ വെളിച്ചത്തിൽ '2019-ൽ നടക്കാൻ പോകുന്ന ജൽസ 125-ാമത് ജൽസ അല്ല, 126-ാമത് ജൽസയാണെന്ന് വിവരം ഹുദൂറിനെ അറിയിക്കുകയുണ്ടായി. ഹുദൂർ അയ്യദഹുല്ലാഹ് അതിന് സമ്മതം നല്കുകയും പ്രോഗ്രാം തുടർന്നുകൊണ്ടുപോകാൻ നിർദേശിക്കുകയും ചെയ്തിരിക്കുന്നു. ബദ്ർ വായനക്കാർ ഇക്കാര്യം ശ്രദ്ധിക്കുക **(ഖാഇം മഖാം നാളിർ ഇസ്ലാഹ് വ ഇർശാദ്, മർക്കസിയ്യ)**

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

### സെനറ്റർ Hon.Ben Cardinന്റെ കൂടിക്കാഴ്ച:

അതിനുശേഷം മെരിലാന്റി(Maryland)ൽ നിന്നുള്ള ഒരു സെനറ്റർ Hon.Ben Cadin, അദ്ദേഹം ഈ പ്രോഗ്രാമിൽ പങ്കെടുക്കാൻവേണ്ടി വന്നതാണ് ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. അദ്ദേഹം ഹുദൂറിനെ സ്വാഗതം ചെയ്തുകൊണ്ട് പറഞ്ഞു, ഞങ്ങൾ അങ്ങയെ ഒരുപാട് ആദരിക്കുന്നു. അങ്ങയുടെ ഇന്റർനാഷണൽ ലീഡർഷിപ്പിനെ ബഹുമാനിക്കുന്നു. അങ്ങ് പ്രത്യേകിച്ചും സ്വാതന്ത്ര്യത്തെ ഉദ്ധരിച്ച് അവകാശങ്ങൾ നല്കേണ്ടതിന്റെ അടിസ്ഥാനത്തിലും വിവിധ സംഘടനകളുടെ ഇടയിൽ ബന്ധങ്ങൾ വർധിപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലും വളരെ വലിയ ലീഡർഷിപ്പാണ് കാണിച്ചത്.

ഹുദൂർ: ഇതു തന്നെയാണ് ഇക്കാലഘട്ടത്തിലെ ഏറ്റവും വലിയ പ്രശ്നവും. നമ്മൾ അതിദ്രുതം നാശത്തിലേക്ക് പോയികൊണ്ടിരിക്കുകയാണ്.അതിനു പകരം നമ്മൾ സ്നേഹവും സമാധാനവും വ്യാപിപ്പിക്കേണ്ടതുണ്ട്.

സെനറ്റർ: ഇക്കാലഘട്ടത്തിൽ വളരെയധികം പ്രശ്നങ്ങളുണ്ട്. സഊദി അറേബ്യയിലെ ജേർണലിസ്റ്റിന്റെ വധം, യമന്റേയും സിറിയയുടേയും പ്രശ്നങ്ങൾ, വെനീസ്വലയിലെ പ്രശ്നങ്ങൾ, ഇക്കാര്യങ്ങൾ കൊണ്ടെല്ലാം സമാധാനാവസ്ഥ മോശമായി വരുന്നു. ഇക്കാരണം കൊണ്ടു തന്നെയാണ് ഹുദൂറിന്റെ സമാധാന സന്ദേശം വളരെ ആവശ്യമായി വരുന്നത്.

ഹുദൂർ: മുസ്ലിമീങ്ങൾതന്നെ മുസ്ലിമീങ്ങളെ കൊല്ലുന്നു എന്നത് വളരെ വ്യസനകരമാണ്. അവർ ഒട്ടും ചിന്തിക്കാതെ പരസ്പരം പോരാടിക്കൊണ്ടിരിക്കുന്നു. കുട്ടികളും വധിക്കപ്പെടുന്നു. വളരെ വിഷമമുണ്ട്. ഈ അവസ്ഥകളെല്ലാം കണ്ട് വളരെ വലിയ ശക്തിയായ അമേരിക്കക്ക് സമാധാന സ്ഥാപനവും മാനുഷിക സേവനവുമായി ബന്ധപ്പെട്ട് സ്വന്തം പങ്കു വഹിക്കേണ്ടതുണ്ട്.

സെനറ്റർ: ഞാൻ ഹുദൂറുമായി ആയിരം ശതമാനം യോജിക്കുന്നു. ഹുദൂറിന്റെ സന്ദേശം വളരെ ശക്തിമത്താണ്. താങ്കളെ പോലുള്ള ഒരു വ്യക്തിക്ക് ആദ്യമായാണ് ഞങ്ങൾ ബാൾട്ടിമൂറിൽ(Baltimore) ആതിഥ്യം നല്കുന്നത്. ഹുദൂർ ഇവിടെ വന്നതിലും ഇവിടെ മസ്ജിദ് നിർമിച്ചതിലും അത് ഉൽഘാടനം ചെയ്തതിലും ഞങ്ങൾക്ക് വളരെ നന്ദിയുണ്ട്. താങ്കളുടെ വളരെ നല്ലൊരു കമ്മ്യൂണിറ്റിയാണ് ഇവിടെയുള്ളത്. ഇതിൽ ഞങ്ങൾക്ക് വളരെ സന്തോഷമുണ്ട്.

അവസാനം ഹുദൂർ പറഞ്ഞു: നമ്മളെല്ലാവരും ഹദ്റത്ത് ഇബ്റാഹീം(അ)നെ പിൻപറ്റുന്നവരാണ്. അദ്ദേഹത്തെ അംഗീകരിക്കുന്നവരാണ്; ക്രിസ്തുമത വിശ്വാസിയായാലും യഹൂദിയായാലും മുസ്ലിമായാലും ശരി. ഇക്കാര്യത്തെ മനസ്സിലാക്കുകയാണെങ്കിൽ ലോകത്ത് സമാധാനം സ്ഥാപിക്കാൻ സാധിക്കും.

ഒടുവിൽ ഹുദൂറുമൊത്ത് സെനറ്റർ ഫോട്ടോയുമെടുത്തു. 6.15-ന് ഈ അഭിമുഖം അവസാനിച്ചു.

### ബാൾട്ടിമൂറി(Baltimore)ലെ മറ്റു ആദരണീയവ്യക്തികളുമായുള്ള അഭിമുഖം.

ശേഷം ഹുദൂർ ഹോട്ടലിലെ ബ്ലേക്ക് റൂം (Blake Room) എന്ന് അറിയപ്പെടുന്ന മീറ്റിംഗ് ഹാളിലെത്തി. താഴെ പേർപറയുന്ന വ്യക്തികൾക്ക് ഇവിടെ ഹുദൂറിനെ കാണാൻ അവസരം ലഭിച്ചു.

കാത്തറിൻ പുഗ്(Hon.Catherine Pugh) (ബാൾട്ടുമൂർ മേയർ), ജിൽ കാർട്ടർ(Jill Carter) (മെരിലാന്റ് സ്റ്റേറ്റ് സെനറ്റർ), ജെയിംസ് മത്തിയാസ്(James Mathias) (മെരിലാന്റ് സ്റ്റേറ്റ് സെനറ്റർ), പമേല ബെയ്ഡിൽ (Pamela Beidle) (മെരിലാന്റ് ഹൗസ് ഓഫ് Delegates അംഗം), മാറീലിൻ മോസ്ബി(Marilyn Mosby) (സ്റ്റേറ്റ് അറ്റോർണി ഫോർ ബാൾട്ടി മോർ, ജോൺ വോബൻസ്മിത്ത്(John Wobensmith)(സെക്രട്ടറി ഓഫ് സ്റ്റേറ്റ്, മെരിലാന്റ്), വിക്കി അൽമോണ്ട് (Vicki Almond)(കൗൺസിൽ വുമൺ ബാൾട്ടിമോർ കൗണ്ടി), ഭനിക്ക് മോസ്ബി(Nick Mosby) (കൗൺസിൽ മെൻ ബാൾട്ടി മോർ സിറ്റി),ബ്രെന്റ് ഹൊവാർഡ് (Brent Howard)(പ്രസിഡന്റ് ചേമ്പേർ ഓഫ് കോമേഴ്സ്), മിഖായേൽ അഡാമോ(Hon.Michael Adamo) (ഗാബോൺ രാജ്യത്തിന്റെ അംബാസഡർ), കെനിയയിലെ അംബാസഡറിന്റെ പ്രതിനിധി. ഇദ്ദേഹം എമ്പസിയിൽ ഇക്ണോമിക് കൗൺസിലറാണ്, മുസ്തഫാ സോസെ (Mustapha Sosseh) (സ്റ്റേറ്റ് അംബാസഡർ, ഗാംബിയ(Gambia, ഫ്രെഡ്ഗെ (Fred Guy) (ഡയറക്ടർ ഓഫ് യൂണിവേഴ്സിറ്റി ഓഫ് ബാ ൾട്ടിമോർ, ഫിലോ സഫി ഡിപ്പാർട്ട്മെന്റ്) മേജർ ട്രാവിസ് ഹോർഡ്(Major Travis Hord) (കമാന്റിംഗ് ഓഫീസർ യു.എസ് Marines, കേണൽ ജോൺസ്(Colonel Jones) (ബാൾട്ടിമോർ കൌണ്ടി പോലീസ്), ഗാരി ടഗ്ഗിൾ(Gary Tuggle)(ബാൾട്ടിമോർ സിറ്റി പോലീസ് കമ്മീഷണർ), ഫാദർ ജോസഫ് മുത്ത് (Father Joseph Muth)(പാസ്റ്റർ ഓഫ് സെ ന്റ് മാത്യൂസ്(Matthews) ചർച്ച്, റബ്ബി ആൻ ഡി, (Rabby Andy) (ബാൾട്ടിമോർ ഹിബ്രൂ കോൺഗ്രഗേഷൻ(HebrewCongregation),ക്രിസ്റ്റ്യൻ സ്പെൻസർ (Christine Spencer)(ഡീൻ ഓഫ് യാലെ ഗാർഡൻ(Dean of Yale Gardon School of Arts) ബാൾട്ടിമോർ യൂണിവേഴ്സിറ്റി., അന്തോണി ഡേ (Anthony Day)(പ്രസിഡന്റ് ഓഫ് ലൊയാള(Loyala), ഹൈസ്കൂൾ), നട്ടാലി എഡിംഗ്ടൺ. (Natalie Eddington)(ഡീൻ യൂണിവേഴ്സിറ്റി ഓഫ് മറണ്ട്, സ്കൂൾ ഓഫ് ഫാർമസി(Dean University of Marand school of Pharmacy).

ഈ അതിഥികളുമായുള്ള അഭിമുഖത്തിന്റെ ആരംഭത്തിൽ ഹുസൂർ പറഞ്ഞു: നിങ്ങൾ വന്നതിന് വളരെയധികം നന്ദിയുണ്ട്. നമ്മുടെ പ്രോഗ്രാമിനുവേണ്ടി നിങ്ങളുടെ വിലപ്പെട്ട സമയം മാറ്റി വെച്ചു. പ്രത്യേകിച്ചും ഇന്ന് നിങ്ങൾക്ക് അവധി ദിവസവുമാണ്. സ്വന്തം കുടുംബങ്ങളുമായി കഴിച്ചു കൂട്ടേണ്ട സമയത്താണ് നിങ്ങളിവിടെ എത്തിയത്.

ഒരു വനിതാ അതിഥി: അങ്ങയുടെ ഇവിടേക്കുള്ള വരവ് നമ്മുടെ സൗഭാഗ്യമാണ്.

മറ്റൊരതിഥി പറഞ്ഞു: 'അങ്ങയുടെ സമാധാനത്തിന്റെ സന്ദേശം, വിടവുകൾ ദൂരീകരിക്കാനുള്ള സന്ദേശം ഇപ്പോൾ വളരെയധികം അനിവാര്യമാണ്. അങ്ങ് ഇവിടെ ഞങ്ങളുടെ പട്ടണത്തിൽ വന്നത് ഞങ്ങൾക്ക് ലഭിച്ച വലിയൊരു ആദരവാണ്. യൂ എസിലേക്ക് ഞങ്ങൾ അങ്ങയെ സ്വാഗതം ചെയ്യുന്നു. അങ്ങയ്ക്ക് നന്ദി പറയുന്നു. അങ്ങയുടെ സാന്നിധ്യം ഞങ്ങൾക്ക് സുപ്രധാനമാണ്. ഐക്യത്തിന്റേയും സ്നേഹത്തിന്റേയും അങ്ങ് നല്കിയ സന്ദേശം വളരെ വിലമതിക്കുന്ന ശേഖരമാണ്.

മേയർ ബാൾട്ടിമോർ സിറ്റി: എല്ലാ പൗരന്മാർക്കും വേണ്ടി ഹുദൂറിന് ഞാൻ നന്ദി പറയുന്നു. നമ്മൾ കടന്നു പൊയ്ക്കൊണ്ടിരിക്കുന്ന ഇക്കാലഘട്ടത്തിൽ ഈ സന്ദേശത്തിന് വളരെ പ്രാധാന്യമുണ്ട്. എന്നെ ഇത് വളരെയധികം സ്വാധീനിച്ചു. ലോകം മുഴുവനും ഈ സന്ദേശം അനുസരിച്ചുള്ള പ്രവർത്തനം നടക്കേണ്ടതാണ്. അങ്ങനെ ലോകം സമാധാന ഗേഹമായി തീരട്ടെ. അങ്ങയുടെ വരവിൽ എനിക്ക് വളരെ സന്തോഷമുണ്ട്. അങ്ങ് നല്കിയ സന്ദേശം എല്ലാവരും കൂടെ കൊണ്ടുപോകുമെന്നും തദനുസരണം പ്രവർത്തിക്കുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു.

ഹുദൂർ എല്ലാവർക്കും നന്ദി പറഞ്ഞു. തുടർന്ന് പറഞ്ഞു: നമ്മൾ സമൂഹത്തിൽ സമാധാനം സ്ഥാപിക്കുകയും പരസ്പരം ഐക്യത്തിന്റേയും സ്നേഹത്തിന്റേയും അന്തരീക്ഷമുണ്ടാക്കുകയും ചെയ്യുക എന്നത് ഇക്കാലത്തിന്റെ ആവശ്യമാണ്. ലോകം ഈ സന്ദേശം മനസ്സിലാക്കുകയാണെങ്കിൽ, ലോകം മനോഹരമായിരിക്കും. നമ്മളെല്ലാവരും നമ്മുടെ സ്രഷ്ടാവിനെ തിരിച്ചറിയുക എന്നതും വളരെ പ്രധാനപ്പെട്ട കാര്യമാണ്. കാരണം നമ്മളെല്ലാം ഒരേയൊരു പരമകാരുണികനായ ദൈവത്തിന്റെ സൃഷ്ടിയാണ്. അവന്റെ സൃഷ്ടികളായതുകൊണ്ട് നമ്മൾ പരസ്പരം സ്നേഹത്തോടെ ജീവിക്കേണ്ടതാണ്. ഈ സന്ദേശം മനസ്സിലാക്കുകയാണെങ്കിൽ ഞാൻ പറഞ്ഞതുപോലെ എല്ലാം ശരിയാകുന്നതായിരിക്കും.

ഹുദൂർ മേയറോട് ബൾട്ടിമോറിലെ വിവിധ ജില്ലകളെ സംബന്ധിച്ച് അന്വേഷിച്ചു.

മേയർ പറഞ്ഞു: അദ്ദേഹം മേയർക്കു പുറമെ സിറ്റി കൗൺസിലിന്റെ പ്രസിഡന്റുമാണ്. ഇപ്രകാരംതന്നെ ബാൾട്ടിമോറിൽ 14 ജില്ലയുണ്ട്. ആ ജില്ലകളിലെ പ്രതിനിധികൾ കൗൺസിലിന്റെ ഭാഗമാണ്. മേയർ തന്റെ കൂടെ വന്ന ഒരു അസിസ്റ്റന്റിനേയും പരിചയപ്പെടുത്തി. സമാധാനം

(ശേഷം പേജ് 11ൽ)

'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.'
(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.

"വ്യക്തിപരമായ നിലയിൽ ലയ്ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്."
(ജുമുഅ ഖുത്ബ 25-7-2014)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.

# ഖുത്ബ ജുമുഅ

മുസയ്‌ലിമത്തുൽ കദ്ദാബിൽനിന്നുണ്ടായ രാജ്യദ്രോഹത്തിന്റെ വിളംബരംതന്നെയായിരുന്നു യഥാർഥത്തിൽ യുദ്ധത്തിനു കാരണം.

ഇമാം ഖുത്ബ കൊടുത്തുകൊണ്ടിരിക്കുമ്പോൾ നിങ്ങളിലാരെങ്കിലും വന്നാൽ അയാൾ രണ്ടു റക്അത്ത് നമസ്കരിക്കേണ്ടതാണ്. അത് ദീർഘിപ്പിക്കാനും പാടില്ല.

അല്ലാഹുവാണ! ഞാനൊരിക്കലും ഖുബയ്ബിനെക്കാൾ ഉത്തമനായ ഒരു തടവുകാരനെ കിട്ടില്ല.

ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപമായ നബി(സ)തിരുമേനിയുടെ ബദ്റിൽ പങ്കെടുത്ത സ്വഹാബിമാരായ ഹദ്റത്ത് യസീദ് ബിൻ റുഖയ്ശിന്റേയും ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മഖറമയുടേയും ഹദ്റത്ത് അംറ് ബിൻ മഅ്ബദിന്റേയും ഹദ്റത്ത് നുഅ്മാൻ ബിൻ മാലിക്കിന്റേയും ഹദ്റത്ത് ഖുബയ്ബ് ബിൻ അദിയ്യ് അൻസ്വാരിയുടേയും (റളിയല്ലാഹുഅൻഹും) അനുഗൃഹീത ജീവചരിത്ര വിവരണം

കള്ളപ്രവാചകത്വവാദി മുസയ്‌ലിമത്തുൽ കദ്ദാബിനെതിരെ ചെയ്ത നിർണായകമായ യമാമ യുദ്ധം, ബദ്ർ യുദ്ധം കഴിഞ്ഞുടനെ ഉണ്ടായ റജീഅ് സംഭവം, ഹദ്റത്ത് ഖുബയ്ബ്(റ)ന്റെ ശഹാദത്തിന്റെ വിശദമായ വിവരണം.

വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽ മുബല്ലിഗായി സേവനം അനുഷ്ഠിച്ച സ്വഫിയുർറഹ്മാൻ സാഹിബിനെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബ് നമസ്കാരവും

**അഹ്മദിയ്യ ചരിത്രവിഭാഗത്തിന്റെ വെബ്സൈറ്റ് ഉൽഘാടനം**

**ഖുത്ബ ജുമുഅ 2019 സെപ്റ്റംബർ 20/1398 തബൂക് 20**
**മസ്ജിദ് ബയ്ത്തുൽഫുതൂഹ്,മോർഡൻ സിർറി. യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ- اَلرَّحْمٰنِ الرَّحِيمِ- مٰلِكِ يَوْمِ الدِّينِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيمَ- صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ
غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ-

ഹദ്റത്ത് യസീദ് ബിൻ റുഖയ്ശ്(റ)നെ സംബന്ധിച്ചുള്ള പരാമർശത്തോടെയാണ് ഞാനിന്ന് ബദ്‌രീ സ്വഹാബാക്കളെക്കുറിച്ചുള്ള വിവരണം ആരംഭിക്കുന്നത്. ഹദ്റത്ത് യസീദിന്റെ ബന്ധം ഖുറയ്ശീ കുടുംബമായ ബനൂ അസദ് ബിൻ ഖുസയ്മയുമായിട്ടായിരുന്നു. ഹദ്റത്ത് യസീദ്(റ) ബനൂ അബ്ദുശ്ശംസിന്റെ സഖ്യകക്ഷിയായിരുന്നു. (അസ്സീറത്തുന്നബ്‌വിയ്യ ലിഇബ്നി ഹിശാം പേജ് 460, ബാബു മിൻ ഹദ്റത്ത് മൻ ഹള്റ ബദ്റൻ മിനൽമുസ്‌ലിമീന, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001).

ചിലർ അദ്ദേഹത്തിന്റെ പേര് അർബദ് എന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ, ഇതു ശരിയല്ല.(ഉസുദുൽ ഗാബ, ഫീ മഅ്രിഫത്തിസ്സ്വഹാബ ലി ഇബ്നി കഥീർ വാല്യം 5, പേജ് 452, യസീദ് ബിൻ റുഖയ്ശ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2008).

ഹദ്റത്ത് യസീദിന്റെ പിതാവിന്റെ പേര് റുഖയ്ശ് ബിൻ രിആബ് എന്നായിരുന്നു. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂഖാലിദ് എന്നായിരുന്നു. ഹദ്റത്ത് യസീദ് ബദ്ർ, ഉഹുദ്, ഖൻദഖ് തുടങ്ങി എല്ലാ എല്ലാ യുദ്ധങ്ങളിലും നബി(സ) തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു. ബദ്ർ യുദ്ധത്തിൽ അദ്ദേഹം ത്വയ്യ് ഗോത്രത്തിൽപ്പെട്ട അംറ് ബിൻ സുഫിയാനെ വധിച്ചിരുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 50, യസീദ് ബിൻ റുഖയ്ശ്, ദാറു അഹ്‌യാഉത്തുറാഥ് അൽ അറബി 1996).(അസ്സീറത്തുന്നബ്‌വിയ്യ ലിഇബ്നി ഹിശാം പേജ് 480, ബാബു മൻ ഖതല ബിബദ്റിൻ മിനൽമുശ്‌രിക്കീന, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001).

ഹദ്റത്ത് യസീദിന്റെ ഒരു സഹോദരന്റെ പേര് ഹദ്റത്ത് സഊദ് ബിൻ റുഖയ്ശ് എന്നായിരുന്നു. അദ്ദേഹം തന്റെ കുടുംബത്തോടൊപ്പം മക്കയിൽനിന്ന് മദീനയിൽ ഹിജ്റത്ത് ചെയ്തു. ആദ്യകാല മുഹാജിറുകളിൽ അദ്ദേഹം എണ്ണപ്പെടുന്നു. (ഉസുദുൽ ഗാബ, ഫീ മഅ്രിഫത്തിസ്സ്വഹാബ ലിഇബ്നു അഥീർ വാല്യം 2, പേജ് 475, ഊദ് ബിൻ റുഖയ്ശ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2008).

ഹദ്റത്ത് യസീദിന്റെ ഒരു സഹേദരന്റെ പേര് അബ്ദുർറഹ്മാൻ ബിൻ റുഖയ്ശ് എന്നുമായിരുന്നു. അദ്ദേഹം ഉഹുദ് യുദ്ധത്തിൽ പങ്കെടുത്തിരുന്നു. (അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 4, പേജ് 370, യസീദ് ബിൻ റുഖയ്ശ്, ദാറു അഹ്‌യാഉത്തുറാഥ് അൽ അറബി 1996).

ഹദ്റത്ത് യസീദിന്റ ഒരു സഹോദരിയുടെ പേര് ഹദ്റത്ത് ആമിന ബിൻത് റുഖയ്ശ് എന്നായിരുന്നു. അവർ ആരംഭകാലത്തുതന്നെ മക്കയിൽ ഇസ്‌ലാം സ്വീകരിച്ചിരുന്നു. അവരും തന്റെ കുടുംബത്തോടൊപ്പം മദീനയിൽ ഹിജ്റത്ത് ചെയ്തു. (അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 8, പേജ് 371, ആമിന ബിൻത് റുഖയ്ശ്, ദാറു അഹ്‌യാഉത്തുറാഥ് അൽ അറബി 1996).

ഹദ്റത്ത് യസീദ് യമാമ യുദ്ധ ദിവസം ഹിജ്റ 12 ൽ ശഹീദായി.(അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 50, യസീദ് ബിൻ റുഖയ്ശ്, ദാറു അഹ്‌യാഉത്തുറാഥ് അൽ അറബി 1996). ഈ യുദ്ധത്തെക്കുറിച്ചുള്ള കുറച്ചു വിശദീകരണം ഇപ്രകാരമാണ്. ഒരു പ്രാവശ്യം മുമ്പേയും അല്പം വിശദീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

ഹദ്റത്ത് അബൂബക്കർ(റ)ന്റെ ഖിലാഫത്തുകാലത്ത് ഹിജ്റ 11 –ലാണ് യമാമ യുദ്ധം നടന്നത്. ചില ചരിത്രകാരന്മാർ പറയുന്നത് ഹിജ്റ 12 ലാണ് യമാമ യുദ്ധം നടന്നതെന്നാണ്. ഈ യുദ്ധം മുസയ്‌ലിമത്തുൽ കദ്ദാബിനെതിരെ യമാമ എന്ന സ്ഥലത്തുവച്ചാണ് നടന്നത്.

മുസയ്‌ലിമത്തുൽ കദ്ദാബിനെതിരെ യമാമാ എന്ന പ്രദേശത്തുവച്ച് നടന്ന യുദ്ധമാണ് യമാമ യുദ്ധം. ഹദ്റത്ത് അബൂബക്കർ(റ) മുസയ്‌ലിമയെ നേരിടാൻ ഹദ്റത്ത് ഇക്‌രിമ ബിൻ അബൂജഹ്‌ലിന്റെ നേതൃത്വത്തിൽ ഒരു സൈന്യത്തെ അയച്ചു. അദ്ദേഹത്തെ സഹായിക്കാൻ അദ്ദേഹത്തിനു പിന്നാലെ ഹദ്റത്ത് ശുറഹ്ബീൽ ബിൻ ഹസനയുടെ നേതൃത്വത്തിൽ ഒരു സൈന്യത്തെയും അയച്ചു. ഹദ്റത്ത് ശുറഹ്ബീൽ എത്തിച്ചേരുന്നതിനു മുമ്പേ ഹദ്റത്ത് ഇക്‌രിമ, മുസയ്‌ലിമത്തുൽ കദ്ദാബുമായി യുദ്ധം ആരംഭിച്ചിരുന്നു; വിജയത്തിന്റെ കിരീടം അദ്ദേഹത്തിന്റെ തലയിൽ വരുന്നതിനു വേണ്ടി. പക്ഷേ, അദ്ദേഹം മുസയ്‌ലിമയോട് പരാജയപ്പെട്ടു. ഈ സംഭവത്തെക്കുറിച്ച് ഹദ്റത്ത് ശുറഹ്ബീലിനു വിവരം ലഭിച്ചപ്പോൾ അദ്ദേഹം വഴിയിൽത്തന്നെ നിന്നു. ഹദ്റത്ത് ഇക്‌രിമ തന്റെ പരാജയത്തെക്കുറിച്ച് ഹദ്റത്ത് അബൂബക്കർ(റ)ന് എഴുതിയപ്പോൾ ഹദ്റത്ത് അബൂബക്കർ(റ) അദ്ദേഹത്തിനെഴുതി: 'താങ്കൾ ഈ അവസ്ഥയിൽ എന്നെ കാണരുത്. ഞാൻ താങ്കളെ കാണുകയുമരുത്. മദീനയിൽ തിരിച്ചു വരരുത്. കാരണം അതുമുഖേന ജനങ്ങളിൽ ഭീരുത്വം ഉണ്ടാകുന്നതാണ്. അതുകൊണ്ട് താങ്കളുടെ സൈന്യത്തെയും കൂട്ടി ഒമാനിലെയും മഹ്റായിലെയും കലാപകാരികളുമായി യുദ്ധം ചെയ്യുക. അതിനുശേഷം യമനിലേയും ഹദറമൗത്തിലേയും കലാപകാരികളുമായി യുദ്ധം ചെയ്യുക.' ഹദ്റത്ത് അബൂബക്കർ(റ) ഹദ്റത്ത് ശുറഹ്ബീലിനെഴുതി: ഹദ്റത്ത് ഖാലിദ് ബിൻ വലീദ് വരുന്നതുവരെ താങ്കൾ അവിടെത്തന്നെ നിൽക്കുക. ഹദ്റത്ത് അബൂബക്കർ(റ) മുസയ്‌ലിമത്തുൽ കദ്ദാബിനെ നേരിടാൻ ഹദ്റത്ത് ഖാലിദിനെ പറഞ്ഞയച്ചു. അദ്ദേഹത്തിന്റെ കൂടെ മുഹാജിറുകളുടെയും അൻസ്വാറിന്റേയും വലിയൊരു സംഘത്തെയും അയച്ചു. അൻസ്വാറിന്റെ സംഘത്തലവൻ ഹദ്റത്ത് ഥാബിത്ത് ബിൻ ഖയ്സും മുഹാജിറുകളുടെ നേതാക്കൾ ഹദ്റത്ത് ഹുദയ്ഫയും ഹദ്റത്ത് സയ്ദ് ബിൻ ഖത്വാബും ആയിരുന്നു. ഹദ്റത്ത് ഖാലിദ് എത്തുന്നതിനു മുമ്പേ ഹദ്റത്ത് ശുറഹ്ബീൽ മുസയ്‌ലിമത്തുൽ കദ്ദാബിനെതിരെ യുദ്ധമാരംഭിക്കുകയും പരാജിതനാകുകയും ചെയ്തു. ഹദ്റത്ത് അബൂബക്കർ(റ), ഹദ്റത്ത് ഖാലിദിനുവേണ്ടി ഹദ്റത്ത് സലീത്വിന്റെ നേതൃത്വത്തിൽ കൂടുതൽ സുരക്ഷാഭടന്മാരെ അയച്ചു.

പിന്നിൽനിന്ന് ആരും അദ്ദേഹത്തെ ആക്രമിക്കാതിരിക്കാൻ ആയിരുന്നു അത്. ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞിരുന്നു: 'ബദ്‌രി സ്വഹാബാക്കളെ ഉപയോഗിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. തങ്ങളുടെ സ്വാലിഹായ കർമങ്ങളിലൂടെ അവർ അല്ലാഹുവിനെ കണ്ടുമുട്ടുന്നതാണ് ഞാനാഗ്രഹിക്കുന്നത്. അല്ലാഹു അവരുടെ ബർക്കത്തുകൊണ്ടും നല്ലയാളുകളുടെ ബർക്കത്തുകൊണ്ടും ഇതിനെക്കാൾ കൂടുതൽ ശ്രേഷ്ഠമായ നിലയിൽ വിപത്തുകളെ അകറ്റുന്നതാണ്; അവരിൽനിന്ന് കർമപരമായുള്ള സഹായം എടുക്കുന്നതിനുപകരം. പക്ഷേ, നിർബന്ധിതരായി അവർ പങ്കെടുക്കുകയും ചെയ്തിരുന്നു. എന്നാൽ, ഹദ്റത്ത് ഉമറിന്റെ അഭിപ്രായം അതിനു നേരെ വിപരീതമായിരുന്നു. അദ്ദേഹം ബദ്‌രി സ്വഹാബാക്കളെ സൈന്യം തുടങ്ങിയവയിൽ ഉപയോഗിക്കാറുണ്ടായിരുന്നു.

ഈ യുദ്ധത്തിൽ മുസ്‌ലിമീങ്ങളുടെ സൈന്യത്തിൽ പതിമൂവായിരവും മുസയ്‌ലിമയുടെ സൈന്യത്തിൽ നാല്പതിനായിരവും പേരുണ്ടായിരുന്നുവെന്ന് വിവരിക്കപ്പെടുന്നു. മുസയ്‌ലിമത്തുൽ കദ്ദാബിനോടൊപ്പം നഹാർറുരിജാൽ ബിൻ ഉൻഫുവ എന്നൊരാളുമുണ്ടായിരുന്നു. അയാൾ നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി, അവിടനിന്ന് വിശുദ്ധ ഖുർആനും ദീനിജ്ഞാനവും കരസ്ഥമാക്കി. നബി(സ)തിരുമേനി അയാളെ യമാമയിലെ ജനങ്ങളിൽ മുഅല്ലിമാക്കി അയച്ചു: മുസയ്‌ലിമത്തുൽ കദ്ദാബിന്റെ നുബുവ്വത്ത് വാദം ഖണ്ഡിക്കുന്നുതിനുവേണ്ടി. അവിടെ ചെന്ന് ഇയാൾ മുർത്തദ്ദായിപ്പോയി. നബി(സ)തിരുമേനി മുസയ്‌ലിമത്തുൽ കദ്ദാബിനെ തന്റെ നുബുവ്വത്തിൽ നഊദുബില്ലാഹ് പങ്കാളിയാക്കിയിരിക്കുന്നവെന്നുള്ള കള്ളസാക്ഷ്യം അയാൾ നല്കി; നബി(സ)തിരുമേനി ഇതു പറഞ്ഞത് താൻ കേട്ടുവെന്നും കളവ് പറഞ്ഞു! എന്തായാലും ഇത്തരക്കാർ മുർത്തദ്ദാകുമ്പോൾ മുമ്പേയും ഇന്നും ഇത്തരത്തിലുള്ള തെറ്റായ ആക്ഷേപങ്ങളും വ്യാജകാര്യങ്ങളും പ്രചരിപ്പിക്കുക എന്നത് അവരുടെ തൊഴിലാണ്. എന്തായാലും മുസയ്‌ലിമത്തുൽ കദ്ദാബിന്റെ ഗോത്രമായ ബനൂഹനീഫയുടെമേൽ ആ വ്യക്തിയുടെ ഇസ്‌ലാം ഉപേക്ഷിക്കൽ, മുസയ്‌ലിമയുടെ നുബുവ്വത്ത് വാദത്തെ അപേക്ഷിച്ച് കൂടുതൽ സ്വാധീനം ചെലുത്തി. കാരണം തർബിയ്യത്ത് നല്കുന്നതിനുവേണ്ടിയാണ് അയാളെ അയച്ചത്. അയാളുടെ പ്രഭാവമുണ്ടായിരുന്ന ആളുകളുമുണ്ടായിരുന്നു. അയാൾ ഇക്കാര്യങ്ങൾ പറയുന്നതിനുമുമ്പേ മുസയ്‌ലിമായുടെ നുബുവ്വത്ത് വാദത്തിന് അത്ര സ്വാധീനമൊന്നുമുണ്ടായിരുന്നില്ല. ഇയാൾ ഇത് പറയാൻ തുടങ്ങിയതോടെ അത് ആളുകളിൽ സ്വാധീനമുണ്ടാക്കാൻ തുടങ്ങി. അയാളുടെ സാക്ഷ്യത്തെ എല്ലാവരും വിശ്വസിച്ചു. സ്വാഭാവികമായും അവർ മുസയ്‌ലിമയെ പിൻപറ്റാൻ തുടങ്ങി. മുസയ്‌ലിമത്തുൽ കദ്ദാബിനോടു പറഞ്ഞു: താങ്കൾ നബി(സ)തിരുമേനിക്ക് കത്തെഴുതുക. അദ്ദേഹം താങ്കൾ പറയുന്നത് അംഗീകരിക്കുന്നില്ലെങ്കിൽ ഞങ്ങൾ പിന്നീട് അദ്ദേഹത്തിന്നെതിരിൽ നിങ്ങളെ സഹായിക്കുന്നതായിരിക്കും. അയാളിൽനിന്നുള്ള ഈ കലാപവിളംബരം തന്നെയായിരുന്നു യുദ്ധത്തിന്റെ യഥാർഥ കാരണം.

ഹദ്റത്ത് ഖാലിദിനെ അയച്ചതിന്റേയും യുദ്ധം നടന്നതിന്റേയും വിവരണം ഇങ്ങനെയാണ് നമുക്ക് ലഭിക്കുന്നത്. ഹദ്റത്ത് ഖാലിദ് സമീപത്തെത്തിയിരിക്കുന്നുവെന്നറിഞ്ഞപ്പോൾ മുസയ്‌ലിമ ഉഖ്റബാ എന്ന സ്ഥലത്ത് താവളമടിക്കുകയും ആളുകളെ സഹായത്തിന് വിളിക്കുകയും ചെയ്തു. വൻതോതിലാളുകൾ മുസയ്‌ലിമയെ സഹായിക്കാൻ എത്തിത്തുടങ്ങി. ഇതിനിടയിൽ മുജാആ ബിൻ മുറാറ ഒരു സംഘവുമായി പുറത്തിറങ്ങി. മുസ്‌ലിമീങ്ങൾ അയാളെയും കൂട്ടാളികളെയും പിടികൂടി. ഹദ്റത്ത് ഖാലിദ്, സംഘത്തിലുള്ളവരെ വധിക്കുകയും മുജാആയെ ജീവനോടെ വെക്കുകയും ചെയ്തു. ഇയാൾ യുദ്ധത്തിനിറങ്ങിയതാണ്. കാരണം ബനൂഹനീഫാ ഗോത്രത്തിൽ അയാൾക്ക് വളരെ ആദരവ് ലഭിച്ചിരുന്നു. അതുകൊണ്ട് നേതാവിനെ കൊന്നില്ല, തടവിലാക്കി. മുസയ്‌ലിമയുടെ മകൻ ശുറഹ്ബീൽ, ബനൂഹനീഫയെ പ്രകോപിപ്പിക്കുന്നതിന് ഇങ്ങനെ പറഞ്ഞുകൊണ്ടിരുന്നു: 'ഇന്ന് നിങ്ങളുടെ മാനം കാണിക്കേണ്ട ദിവസമാണ്, ഇന്ന് നിങ്ങൾ പരാജയപ്പെട്ടാൽ നിങ്ങളുടെ സ്ത്രീകൾ അടിമകളാക്കപ്പെടും. നിക്കാഹ് കൂടാതെ തന്നെ നിങ്ങളുടെ സ്ത്രീകൾ ഉപയോഗിക്കപ്പെടും. അതുകൊണ്ട് നിങ്ങളുടെ അന്തസ്സും അഭിമാനവും സംരക്ഷിക്കുന്നതിനുവേണ്ടി ഇന്ന് പൂർണ പുരുഷത്വത്തോടുകൂടി നിങ്ങളുടെ സ്ത്രീകളെ രക്ഷിക്കുക.' അങ്ങനെ യുദ്ധം ആരംഭിച്ചു. മുഹാജിറുകളുടെ പതാക ഹദ്റത്ത് സാലിം മൗലാ അബൂഹദുയ്ഫായുടെ കൈകളിലായിരുന്നു. അതിനു മുമ്പേ അത് അബ്ദുല്ലാഹ് ബിൻ ഹിഫ്സിന്റെ കൈയിലായിരുന്നു. പക്ഷേ, അദ്ദേഹം ശഹീദായി. അൻസ്വാറിന്റെ പതാക ഹദ്റത്ത് ഥാബിത്ത് ബിൻ ഖയ്സിന്റെ കൈയിലായിരുന്നു. ഘോര യുദ്ധം നടന്നു. മുസ്‌ലിമീങ്ങളെ സംബന്ധിച്ചിടത്തോളം മുമ്പേയൊരിക്കലും ഇതുപോലൊരു യുദ്ധത്തെ നേരിടേണ്ടിവന്നിട്ടുണ്ടായിരുന്നില്ല. ആ യുദ്ധത്തിൽ മുസ്‌ലിമീങ്ങൾ പരാജയപ്പെട്ടു. ബനൂഹനീഫയുടെ ആളുകൾ ഹദ്റത്ത് ഖാലിദ് തടവിലാക്കിയിരുന്ന മുജാഅയെ മോചിപ്പിക്കുന്നതിന് മുന്നോട്ടു വന്നു. അവർ ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ താവളം ലക്ഷ്യമാക്കി നീങ്ങി. ഹദ്റത്ത് ഖാലിദിന്റെ ഭാര്യ ആ നേരത്ത് കൂടാരത്തിലുണ്ടായിരുന്നു. ആളുകൾ ഹദ്റത്ത് ഖാലിദിന്റെ ഭാര്യയെ വധിക്കാൻ തുനിഞ്ഞപ്പോൾ മുജാആ, അവരുടെ സംരക്ഷണ ചുമതല താൻ ഏറ്റെടുത്തിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് അവരെ വധിക്കുന്നത് തടയുകയും പുരുഷന്മാരെ ആക്രമിക്കുക എന്ന് ആളുകളോടു പറയുകയും ചെയ്തു. അപ്പോൾ അവർ കൂടാരം അറുത്ത് താഴെയിട്ട് അവിടം വിട്ടുപോയി. യുദ്ധം വീണ്ടും മൂർഛിച്ചു. ബനൂ ഹനീഫാ ഗോത്രങ്ങളിലെ ആളുകൾ ഒന്നിച്ചു ചേർന്ന് ശക്തമായ ആക്രമണം ആരംഭിച്ചു. ആ ദിവസം വിജയം ചിലപ്പോൾ മുസ്‌ലിമീങ്ങളുടെ പക്ഷത്തും ചിലപ്പോൾ സത്യനിഷേധികളുടെ പക്ഷത്തുമായിരുന്നു. ആ യുദ്ധത്തിൽ ഹദ്റത്ത് സാലിം, ഹദ്റത്ത് അബൂ ഹുദയ്ഫ, ഹദ്റത്ത് സയ്ദ് ബിൻ ഖത്വാബ് തുടങ്ങിയ ആദരണീയരായ സ്വഹാബാക്കൾ ശഹീദായി.

മുസ്‌ലിമീങ്ങളുടെ ഈ അവസ്ഥ കണ്ടപ്പോൾ അവരുടെമേൽ എവിടെനിന്നാണ് ആക്രമണമുണ്ടാകുന്നതെന്നും ആക്രമണത്തിന്റെ തീവ്രത എത്ര മാത്രമുണ്ടെന്നും അനുമാനിക്കുന്നതിന് ഹദ്റത്ത് ഖാലിദ് ഓരോ ഗോത്രങ്ങളെയും വെവ്വേറെയായി നിറുത്തി. അപ്പോൾ മുസ്‌ലിമീങ്ങൾ പരസ്പരം പറഞ്ഞു, 'ഇന്ന് നമുക്ക് ലജ്ജ തോന്നുന്നു. ഇന്നത്തെ നമ്മുടെ അവസ്ഥ വളരെ ലജ്ജാകരമാണ്.' മുസ്‌ലിമീങ്ങളെ സംബന്ധിച്ചിടത്തോളം അതിലും വലിയ പ്രയാസത്തിന്റെ ദിനം വേറെയില്ലായിരുന്നു. മുസയ്‌ലിമ അപ്പോഴും തന്റെ സ്ഥാനത്തുതന്നെ നിലയുറപ്പിച്ചിരിക്കുകയായിരുന്നു. സത്യനിഷേധികളിൽനിന്നുള്ള യുദ്ധത്തിന്റെ കേന്ദ്രസ്ഥാനമായിരുന്നു അയാൾ. മുസയ്‌ലിമ വധിക്കപ്പെടുന്നതുവരെ യുദ്ധം അവസാനിക്കുകയില്ലെന്ന് ഹദ്റത്ത് ഖാലിദ് മനസ്സിലാക്കി. ആ നേരത്ത് ഹദ്റത്ത് ഖാലിദ് മുന്നോട്ടുവരികയും മുന്നേറി യുദ്ധം ചെയ്യുന്ന ധീരനാകുകയും ചെയ്തുകൊണ്ട് യുദ്ധരീതിയുടെ മുദ്രാവാക്യം മുഴക്കുകയും ചെയ്തു; 'യാ! മുഹമ്മദ്' എന്നതായിരുന്നു മുദ്രാവാക്യം. മൈതാനത്തു വന്നവരെയെല്ലാം വധിച്ചു. ഹദ്റത്ത് ഖാലിദ് മുസയ്‌ലിമയെ വിളിച്ചു. അയാൾ മുന്നിലേക്കു വന്നില്ല പകരം ഓടി രക്ഷപ്പെടുകയും അനുചരന്മാരോടൊപ്പം സ്വന്തം തോട്ടത്തിൽ അഭയം തേടാൻ നിർബന്ധിതനാകുകയും ചെയ്തു. തോട്ടത്തിന്റെ കവാടങ്ങൾ അടച്ചു. മുസ്‌ലിമീങ്ങൾ ആ തോട്ടം വളഞ്ഞു. ഹദ്റത്ത് ബറാഅ് ബിൻ മാലിക് പറഞ്ഞു: മുസ്‌ലിമീങ്ങളേ! നിങ്ങളെന്നെ ഭിത്തിയിൽ കയറ്റി ഉള്ളിലിറക്കുക. അദ്ദേഹം വളരെ ധൈര്യവാനും തന്റേടമുള്ള വ്യക്തിയുമായിരുന്നു. തങ്ങൾക്ക് അങ്ങനെ ചെയ്യാൻ സാധിക്കുകയില്ലെന്ന് മുസ്‌ലിമീങ്ങൾ പറഞ്ഞു. ഹദ്റത്ത് ബറാഅ അതു സമ്മതിച്ചില്ല. തന്നെ എങ്ങനെയെങ്കിലും ആ കോട്ടയ്ക്കുള്ളിലിടാൻ അദ്ദേഹം നിർബന്ധിച്ചുകൊണ്ടിരുന്നു. അങ്ങനെ മുസ്‌ലിമീങ്ങൾ അദ്ദേഹത്തെ കോട്ടമതിലിൽ കയറ്റി. അവിടെനിന്ന് അദ്ദേഹം ശത്രുക്കളുടെ ഇടയിലേക്ക് ചാടി. തോട്ടത്തിനുള്ളിൽ പോയി. ഉള്ളിൽച്ചെന്ന് അദ്ദേഹം വാതിൽ തുറന്നു.

മുസ്‌ലിമീങ്ങൾ തോട്ടത്തിനുള്ളിൽ കടന്നു. വീണ്ടും ഘോരമായ യുദ്ധം നടന്നു. വഹ്ശി മുസയ്‌ലിമയെ വധിച്ചു. നബി(സ)തിരുമേനിയുടെ പിതൃവ്യനായിരുന്ന ഹദ്റത്ത് ഹംസയെ ശഹീദാക്കിയ അതേ വഹ്ശി തന്നെയായിരുന്നു അത്. എന്തായാലും ഒരു നിവേദനമനുസരിച്ച് വഹ്ശിയും ഒരു അൻസ്വാരിയും ചേർന്നാണ് മുസയ്‌ലിമത്തുൽ കദ്ദാബിനെ വധിച്ചത്. വഹ്ശി തന്റെ കുന്തം മുസയ്‌ലിമയുടെ നേരെ എറിയുകയും അൻസ്വാരി തന്റെ വാളുകൊണ്ട് അയാളെ വെട്ടുകയും ചെയ്തു. ഇരുവരും ഒരേ നേരത്ത് ആക്രമിച്ചു. അതുകൊണ്ട് വഹ്ശി പിന്നീട് പറയാറുണ്ടായിരുന്നു, ഞങ്ങളിൽ ആരുടെ ആക്രമണമാണ് അയാളെ നശിപ്പിച്ചതെന്ന് അല്ലാഹുവാണ് ഏറ്റവും നന്നായി അറിയുന്നവൻ.' ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ വിവരിക്കുന്നു: 'ഒരാൾ ആർത്ത് അട്ടഹസിച്ചുകൊണ്ട് വിളംബരം ചെയ്തു: 'മുസയ്‌ലിമയെ കറുത്തവനായ അടിമ കൊന്നിരിക്കുന്നു.' ഇതിൽനിന്ന് വഹ്ശിയായിരിക്കും കൊന്നത് എന്നതിന് കൂടുതൽ സാധ്യതയുണ്ട്. ഹദ്റത്ത് ഖാലിദ്(റ) മുജാഅയെക്കൊണ്ട് മുസയ്‌ലിമത്തുൽ കദ്ദാബിന്റെ ജഡം മനസ്സിലാക്കി.

മുജാഅ, ഹദ്റത്ത് ഖാലിദിനോടു പറഞ്ഞു: 'മുസ്‌ലിമീങ്ങൾക്കെതിരിൽ വരുന്ന ആളുകൾ എടുത്ത് ചാട്ടക്കാരും പരിചയസമ്പത്തില്ലാത്തവരുമാണ്. എല്ലാ കോട്ടകളും വലിയ പരിചയസമ്പന്നരായ പട്ടാളക്കാരെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ്. അവരും ഞാനുമായി രഞ്ജിപ്പുണ്ടാക്കുക. ഇനി ഇപ്പോൾ യുദ്ധം ചെയ്യിച്ചാൽ മുസ്‌ലിമീങ്ങൾക്ക് കൂടുതൽ നഷ്ടമുണ്ടാകുന്നതായിരിക്കും. അയാൾ വലിയ തന്ത്രമാണ് പ്രയോഗിച്ചത്. ഹദ്റത്ത് ഖാലിദ് മുജാആയുമായി കേവലം ജീവൻ മാത്രം മാപ്പാക്കപ്പെടുന്നതാണെന്നും താങ്കളെ വിട്ടയക്കുന്നതാണെന്നുമുള്ള നിബന്ധനയിൽ മുജാആയുമായി സന്ധി ചെയ്തു; നിങ്ങളെ ഒന്നും

'ഖലീഫ ജമാഅത്തിന്റെ പരിഷ്ക്കരണത്തിന് എന്തെങ്കിലും പറഞ്ഞാൽ അതേറ്റെടുക്കുകയും ജമാഅത്തംഗങ്ങളുടെ മുമ്പിൽ അത് ആവർത്തിക്കുകയും ചെയ്യുക. മന്ദബുദ്ധിയിൽ മന്ദബുദ്ധിയായവനുപോലും അതു മനസ്സിലാകാനും ദീനിൽ ശരിയായ നിലയിൽ നടക്കാനുള്ള വഴിപ്രാപിക്കാനും അതാവർത്തിക്കുക. ആവർത്തിക്കുക, ആവർത്തിക്കുക!'
(ഖുത്വ്ബാത്തെ മഹ്മൂദ് വാല്യം 18 പേജ് 214 – 215)
(ഖുത്വ്ബ ജുമുഅ 29 – 5 – 2015)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:–

ത്വാലിബെ ദുആ:
Ahmadiyya Muslim Jama'at Palluruthy, Ernakulam dist:

നമ്മുടെ ആരാധനകളുടെ പുരോഗതിതന്നെ നമുക്ക് വിജയങ്ങൾ പ്രദാനം ചെയ്യുന്നതാണ്. അതുകൊണ്ടുതന്നെ ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജമാഅത്ത് മുഴുവൻ ഇതു സംബന്ധമായി വളരെ തീവ്രമായ ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. (ജുമുഅ ഖുത്വ്ബ 27 – 1 – 2017)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:–

ത്വാലിബെ ദുആ:
Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala

തന്നെ പറയുകയില്ല. തടവുകാരാക്കുകയുമില്ല. അതിനുപുറമെ എല്ലാ വസ്തുക്കളുടേയുംമേൽ മുസ്‌ലിമീങ്ങൾ ആധിപത്യം സ്ഥാപിക്കുന്നതായിരിക്കും.

മുജാഅ സമർഥനായിരുന്നു. താൻ കോട്ടക്കാരുടെ അടുക്കൽ പോകുകയാണെന്ന് അയാൾ പറഞ്ഞു. അവരുമായി ചേർന്ന് കൂടിയാലോചിച്ച് വരുന്നതായിരിക്കും. മുസയ്‌ലിമത്തുൽ കദ്ദാബ് വധിക്കപ്പെട്ടുകഴിഞ്ഞിരുന്നു. അതുകൊണ്ട് അവരുടെ ശക്തി ശിഥിലമായി കഴിഞ്ഞിരുന്നു. പക്ഷേ, ഇയാളുടെ സാമർഥ്യം ആ അവിശ്വാസികൾക്ക് പ്രയോജനപ്പെട്ടു. മുജാഅ കോട്ടയിൽ വന്നു. അവിടെ സ്ത്രീകളും കുട്ടികളും വൃദ്ധരും ദുർബലരുമല്ലാതെ വേറെയാരുമുണ്ടായിരുന്നില്ല. സ്ത്രീകളെ പടച്ചട്ട അണിയിക്കുക എന്ന തന്ത്രം അയാൾ പ്രയോഗിച്ചു. താൻ തിരിച്ചുവരുന്നതുവരെ കോട്ടയുടെ മുകളിൽപോയി നില്ക്കാനും യുദ്ധത്തിന്റെ പടഹധ്വനി മുഴക്കിക്കൊണ്ടിരിക്കാനും അയാൾ അവരോടു പറഞ്ഞു. ഹദ്റത്ത് ഖാലിദിന്റെ അടുക്കൽവന്ന് അയാൾ പറഞ്ഞു: ഏതൊരു നിബന്ധനയിലാണോ ഞാൻ അങ്ങയുമായി സന്ധിചെയ്തത് കോട്ടയിലുള്ളവർ അത് സമ്മതിക്കുന്നില്ല. അതായത് ജീവന്റെ സ്വാതന്ത്ര്യവും മറ്റു വസ്തുക്കളെല്ലാം മുസ്‌ലിമീങ്ങളുടേതും എന്നത്. അവരിൽ ചിലർ തങ്ങളുടെ നിഷേധം പ്രകടിപ്പിക്കുന്നതിനുവേണ്ടി കോട്ടയ്ക്കുമുകളിൽ നില്ക്കുന്നുണ്ട്. എനിക്ക് അവരുടെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ കഴിയില്ല. അവരെ എനിക്കു നിയന്ത്രിക്കാനും കഴിയില്ല. ഹദ്റത്ത് ഖാലിദ് കോട്ടയിലേക്ക് നോക്കി. അവിടം പട്ടാളക്കാരെക്കൊണ്ട് നിറഞ്ഞിരിക്കുന്നത് കണ്ടു. സ്ത്രീകൾ പട്ടാളക്കാരുടെ വസ്ത്രം അണിഞ്ഞു നില്ക്കുകയായിരുന്നു. ഇയാളുടെ തന്ത്രം കാരണത്താൽ അവർ അവിടെ നിന്നതാണ്. ആ കഠിനമായ പോരാട്ടത്തിൽ മുസ്‌ലിമീങ്ങൾക്ക് നഷ്ടങ്ങളുണ്ടായിരുന്നു. യുദ്ധം വളരെ നീണ്ടുപോയിരുന്നു. വിജയം കരസ്ഥമാക്കി എത്രയും വേഗം മടങ്ങിപ്പോകാനാണ് മുസ്‌ലിമീങ്ങൾ ആഗ്രഹിച്ചിരുന്നത്. അങ്ങനെ ഹദ്റത്ത് ഖാലിദ് മുജാഅയുമായി എല്ലാ സ്വർണവും വെള്ളിയും കന്നുകാലികളും പകുതി അടിമസ്ത്രീകളും അടിമകളും ഹദ്റത്ത് ഖാലിദിന് നല്കാം എന്ന നിബന്ധനയിൽ സന്ധിചെയ്തു. ഒരു അഭിപ്രായം അനുസരിച്ച് നാലിലൊന്ന് തടവുകാർ നല്കാം എന്ന നിബന്ധനയിൽ സന്ധിചെയ്തു.

ആ യുദ്ധത്തിൽ മുസ്‌ലിമീങ്ങളുടെ ഭാഗത്തുനിന്ന് മുഹാജിറുകളിൽനിന്നും അൻസ്വാറിൽനിന്നും 360 വും മദീനയ്ക്കു പുറമെ 300 മുഹാജിരീനും ശഹീദായി. എന്നാൽ, ബനൂ ഹനീഫയിൽനിന്ന് ഉഖ്‌റബാ മൈതാനത്തിൽ ഏഴായിരവും തോട്ടത്തിൽ വച്ച് ഏഴായിരവും ഓടി രക്ഷപ്പെടുന്നവരെ പിൻതുടർന്ന് ഏഴായിരവും സത്യനിഷേധികളും വധിക്കപ്പെടുകയുണ്ടായി. ഈ സൈന്യം മദീനയിൽ തിരിച്ചെത്തിയപ്പോൾ ഹദ്റത്ത് ഉമർ(റ) തന്റെ മകൻ ഹദ്റത്ത് അബ്ദുല്ലായോടു പറഞ്ഞു: 'നീ സയ്ദിനേക്കാൾ മുമ്പേ എന്തുകൊണ്ട് ശഹീദായില്ല. സയ്ദ് ശഹീദായി. നീയാണെങ്കിൽ ഇപ്പോഴും ജീവിച്ചിരിക്കുന്നു. നീ എന്തിനാണ് എന്നിൽനിന്ന് നിന്റെ മുഖം മറച്ചുവെച്ചത്.' അപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് പറഞ്ഞു: 'ഹദ്റത്ത് സയ്ദ് അല്ലാഹുവിനോട് ശഹാദത്ത് ചോദിച്ചു. അല്ലാഹു അദ്ദേഹത്തിന് അതു നല്കി. ഞാൻ അതിന് ശ്രമിച്ചു; അത് എന്നിലേക്കും കൊണ്ടുവരാൻ. എന്നാൽ, എനിക്ക് അത് കരസ്ഥമാക്കാൻ സാധിച്ചില്ല. എന്തായാലും അതേവർഷം യമാമ യുദ്ധത്തിൽ ആദരണീയരായ സ്വഹാബത്തിന്റെ ശഹാദത്തുകളുടെ ആധിക്യത്തിനുശേഷം ഹദ്റത്ത് അബൂബക്കർ(റ) വിശുദ്ധഖുർആൻ സമാഹരിക്കുന്നതിന് കല്പന നല്കി; അത് നഷ്ടപ്പെട്ടുപോകാതിരിക്കാൻ. അത് ശേഖരിക്കപ്പെട്ടു. ഇതായിരുന്നു യമാമയുടെ വിശദീകരണം. (അൽകാമിൽ ഫിത്താരീഖി വാല്യം 2, പേജ് 218–223, സിത്ത അഹ്ദാ അശ്ര്, ദിക്റു മുസയ്‌ലിമ വ അഹ്‌ലുയമാമ, ദാറുൽ കുതുബുൽ ഇൽമിയ്യ, ബേറൂത്ത്, 2006) (താരീഖുത്ത്വബ്‌രീ, വാല്യം 3, പേജ് 300–310, ബാബു ദിക്റു ബക്കിയ ഖബ്ർ മുസയ്‌ലിമത്തുൽ കദ്ദാബ് വ ഖൗമഹൂ മിൻ അഹ്‌ലിൽ യമാമ, ദാറുൽഫിക്ർ ബേറൂത്ത് 2002) (താരീഖ് ഇബ്നു ഖുൽദൂൻ മുത്തർജിം അല്ലാമ ഹക്കീം അഹ്മദ് ഹുസയ്ൻ അലഹാബാദി, വാല്യം 3, ഭാഗം 1, പേജ് 231, ദാറുൽ ഇശാഅത്ത്, കറാച്ചി 2003)

അടുത്ത സ്വഹാബിയുടെ പേരാണ് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മഖ്റമ. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂമുഹമ്മദ് എന്നായിരുന്നു. അദ്ദേഹത്തിന്റെ ബന്ധം ബനൂ ആമിർ ബിൻ ലുവയ്യ് ഗോത്രവുമായിട്ടായിരുന്നു. അദ്ദേഹം അബ്ദുല്ലാഹ് അക്ബർ എന്നും പറയപ്പെടുന്നുണ്ട്.

പ്രാരംഭകാലത്ത് ഇസ്‌ലാം സ്വീകരിച്ച സ്വഹാബികളിൽപ്പെട്ടയാളായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് മഖ്റമ ബിൻ അബ്ദുൽ ഉസ്സാ എന്നായിരുന്നു. മാതാവിന്റെ പേര് ബഹ്നാന ബിൻത് സ്വഫ്‌വാൻ എന്നായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മഖ്റമയ്ക്ക് രണ്ട് ഹിജ്റത്ത് ചെയ്യുവാനുള്ള സൗഭാഗ്യവും കിട്ടി;ഒന്ന് ഹബ്ശയിലേക്കും മറ്റൊന്ന് മദീനയിലേക്കും. ഇബ്നു ഇസ്ഹാഖ് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മഖ്റമയെ കുറിച്ച് ഹദ്റത്ത് ജഅ്ഫറിനോടൊപ്പം ഹബ്ശയിലേക്ക് ഹിജ്റത്ത് ചെയ്തവരിൽ ഉൾപ്പെടുത്തി പറഞ്ഞിരിക്കുന്നു. യൂനുസ് ബിൻ ബുകയ്ർ, സലമ, ബുക്കായി എന്നിവർ ഇബ്നു ഇസ്ഹാഖിന്റെ ഈ അഭിപ്രായം പറഞ്ഞിരിക്കുന്നു. അതിൽ അദ്ദേഹം ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മഖ്റമയുടെ ഹബ്ശയിലേക്കുള്ള ഹിജ്റത്തിനെ കുറിച്ച് പറഞ്ഞിരിക്കുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മഖ്റമ മദീനയിൽ ഹിജ്റത്ത് ചെയ്ത് എത്തിയപ്പോൾ ഹദ്റത്ത് കുൽഥൂം ബിൻ ഹുദമിന്റെ വീട്ടിലാണ് താമസിച്ചത്. നബി(സ)തിരുമേനി ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മഖ്റമയേയും ഹദ്റത്ത് ഫർദ ബിൻ അംറ് അൻസ്വാരിയേയും സഹോദരന്മാരാക്കി. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മഖ്റമ ബദ്ർ യുദ്ധത്തിലും തുടർന്നുള്ള എല്ലാ യുദ്ധങ്ങളിലും പങ്കെടുക്കുയുണ്ടായി.

ബദ്ർ യുദ്ധ സമയത്ത് അദ്ദേഹത്തിന് മുപ്പത് വയസ്സായിരുന്നു. ഹദ്റത്ത് അബൂബക്കർ(റ)ന്റെ ഖിലാഫത്തു കാലഘട്ടത്തിൽ യമാമാ യുദ്ധത്തിൽ ശഹീദാകുമ്പോൾ അദ്ദേഹത്തിന് നാല്പത്തൊന്ന് വയസ്സായിരുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 308–309, അബ്ദുല്ലാഹ് ബിൻ മഖ്റമ, വമിൻ ബനീ ആമിർ ബിൻ ലുവയ്യി ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 1990). (ഉസുദുൽ ഗാബ, ഫീ മഅ്രിഫത്തിസ്സ്വഹാബ വാല്യം 3, പേജ് 377–378, അബ്ദുല്ലാഹ് ബിൻ മഖ്റമ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2008).

ഹദ്റത്ത് മഖ്റമയ്ക്ക് ശഹീദാകുവാൻ അങ്ങേയറ്റത്തെ ആവേശം ഉണ്ടായിരുന്നു. അതുകൊണ്ടെണ്ടുതന്നെ അദ്ദേഹം അല്ലാഹുവിനോട് ഇങ്ങനെ ദുആ ചെയ്യുമായിരുന്നു: അല്ലാഹുവേ, എന്റെ ശരീരത്തിലെ ഓരോ സന്ധിയിലും അല്ലാഹുവിന്റെ മാർഗത്തിലേറ്റ മുറിപ്പാടുകൾ കാണുന്നതുവരെ നീയെന്നെ മരിപ്പിക്കരുതേ. അങ്ങനെ യമാമാ യുദ്ധദിവസം സന്ധികളിലേറ്റ മുറിവു കാരണത്താൽ അദ്ദേഹം ശഹീദായി.(അൽ ഇസ്വാബ ഫീ തമീസി സ്സഹാബ ലി ഇബ്നി ഹജർ അസ്ഖലാനി വാല്യം 4, പേജ് 193, അബ്ദുല്ലാഹ് ബിൻ മഖ്റമ, പ്രസാധകർ ദാറുൽഫിക്ർ ബേറൂത്ത് 2001).

ഹദ്റത്ത് അബ്ദുല്ലാഹിബ്നു മഖ്റമ വലിയ ഭക്തനായിരുന്നു. യുവത്വ കാലത്തും വളരെ ഇബാദത്തു ചെയ്തിരുന്നു. ഹദ്റത്ത് ഇബ്നു ഉമർ(റ) വിവരിക്കുന്നു: യമാമ യുദ്ധം നടന്ന വർഷം ഞാനും ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മഖ്റമയും ഹദ്റത്ത് അബൂഹുദയ്ഫയുടെ സ്വതന്ത്രനാക്കപ്പെട്ട അടിമയായ ഹദ്റത്ത് സാലിമും ഒരുമിച്ചായിരുന്നു. സൈന്യത്തിനു വേണ്ടി ഞങ്ങൾ മൂന്നു പേരും മാറി മാറി ആടുകളെ മേയ്ക്കുമായിരുന്നു. സൈന്യത്തിനുവേണ്ടി കുറച്ചു ചരക്കുകൾ സംരക്ഷിക്കേണ്ടിയും വന്നിരുന്നു. യുദ്ധം ആരംഭിച്ച ദിവസം ആട് മേയ്ക്കാൻ പോകേണ്ടത് എന്റെ ഊഴമായിരുന്നു. ഞാൻ ആടു മേയ്ച്ചു തിരിച്ചെത്തിയപ്പോൾ അബ്ദുല്ലാഹ് ബിൻ മഖ്റമ യുദ്ധമൈതാനിയിൽ മുറിവേറ്റു കിടക്കുന്നത് കണ്ടു. ഞാൻ അദ്ദേഹത്തിന്റെ അടുത്തുതന്നെ നിന്നു. അപ്പോൾ അദ്ദേഹം ചോദിച്ചു: 'അബ്ദുല്ലാഹ് ബിൻ ഉമറേ! നോമ്പെടുത്തിരുന്നവർ നോമ്പു തുറന്നുവോ?' വൈകുന്നേരമായിരുന്നു. ഞാൻ പറഞ്ഞു: 'തുറന്നു.' അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഈ പരിചയിൽ എനിക്കല്പം വെള്ളം തരിക. അതുകൊണ്ട് ഞാൻ നോമ്പ് തുറക്കട്ടെ.' ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ) പറയുന്നു: ഞാൻ വെള്ളമെടുക്കാനായി പോയി. തിരിച്ചെത്തിയപ്പോഴേക്കും അദ്ദേഹം വഫാത്തായിരുന്നു.'(ഉസുദുൽ ഗാബ, ഫീ മഅ്രിഫത്തിസ്സ്വഹാബ വാല്യം 3, പേജ് 377, അബ്ദുല്ലാഹ് ബിൻ മഖ്റമ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2008). സയ്റുസ്സഹാബ വാല്യം 2, പേജ് 570, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മഖ്റമ, പ്രസാധകർ ദാറു ഇശാഅത്ത് കറാച്ചി)

ഹദ്റത്ത് അംറ് ബിൻ മഅ്ബദ് ആണ് അടുത്ത സ്വഹാബി. ഹദ്റത്ത് അംറ് ബിൻ മഅ്ബദിന്റെ പേര് ഉമയ്ർ ബിൻ മഅ്ബദ് എന്നും പറയപ്പെടുന്നുണ്ട്. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് മഅ്ബദ് ബിൻ അസ്അർ എന്നാണ്. അൻസാറിന്റെ ഗോത്രമായ ഔസിന്റെ ശാഖ ബനുളുബയ്യാ യുമായാണ് അദ്ദേഹത്തിന്റെ ബന്ധം.(അസ്സീറത്തുന്നബ്വിയ്യ ലിഇബ്നി ഹിശാം പേജ് 465 ബാബു അൽ അൻസ്വാറു വമിൻ മഅഹും, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001)

ഹദ്റത്ത് അംറ് ബിൻ മഅ്ബദ് ബദ്ർ, ഉഹുദ്, ഖൻദഖ് ഉൾപ്പെടെയുള്ള എല്ലാ യുദ്ധങ്ങളിലും നബി(സ) തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു. ഹുനയ്ൻ യുദ്ധത്തിന്നിടയിൽ നബി(സ)തിരുമേനിയുടെ കൂടെനിന്നുകൊണ്ട് അചഞ്ചലരായി ധീരതയോടെ പോരാടിയ നൂറു സ്വഹാബാക്കളിൽ ഹദ്റത്ത് അംറ് ബിൻ മഅ്ബദും പെടുന്നു. അവരുടെ ഭക്ഷണത്തിന്റെ ജാമ്യക്കാരൻ അല്ലാഹു ആയി.(അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 353, ഉമയ്ർ ബിൻ മഅ്ബദ്, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2012). അവർ നബി(സ) തിരുമേനിയോടൊപ്പം നിന്നു. ഒരു നിവേദനത്തിൽ ഇങ്ങനെ വിവരണമുണ്ട്; ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ)പറയുന്നു. ഹുനയ്ൻ യുദ്ധ ദിവസം ഞങ്ങളുടെ അവസ്ഥ ഇതായിരുന്നു; മുസ്‌ലിമീങ്ങളുടെ രണ്ട് സംഘം പിന്തിരിഞ്ഞുപോയിരുന്നു. നബി(സ) തിരുമേനിയോടൊപ്പം 100 പേർപോലും ഉണ്ടായിരുന്നില്ല. (സുനനുത്തുർമുദി, അബ്‌വാബുൽ ജിഹാദ് ബാബു മാ ജാഅ ഫിഥ്ഥബാത്തി ഇൽദൽഖിത്താലി ഹദീഥ് 1689)

ഹുനയ്ൻ യുദ്ധത്തിന്റെ അവസരത്തിൽ നബി (സ) തിരുമേനിയുടെ കൂടെ ഉറച്ചുനിന്ന സ്വഹാബത്തിന്റെ എണ്ണത്തെ സംബന്ധിച്ച് വിവിധ അഭിപ്രായങ്ങളുണ്ട്. അവർ പറഞ്ഞതനുസരിച്ച് അത്തരം സ്വഹാബത്തിന്റെ എണ്ണം എൺപതിനും നൂറിനും ഇടയിലാണ്. (സുബുലുൽ ഹുദാ വർരശാദ് വാല്യം 5, പേജ് 484, ദിക്റു മൻ ഥബിത മഅ റസൂലുല്ലാഹി(സ) യൗമ ഹുനയ്ൻ. ദാറുഅഹ്‌യാഉത്തുറാഥ് ഖാഹിറ 1992) ചിലർ പറയുന്നത് നൂറുണ്ടായിരുന്നുവെന്നാണ്. എന്തായാലും ഇവർ എണ്ണത്തിൽ വളരെ കുറവായിരുന്നു.

അടുത്ത സ്വഹാബിയാണ് ഹദ്റത്ത് നുഅ്മാൻ ബിൻ മാലിക്. ഹദ്റത്ത് നുഅ്മാൻ ബിൻ മാലിക്കിന്റ പേര് നുഅ്മാൻ ബിൻ ഖൗഖൽ എന്നും പറയപ്പെട്ടിട്ടുണ്ട്. ഇമാം ബുഖാരി അദ്ദേഹത്തിന്റെ പേര് ഇബ്നു ഖൗഖൽ എന്ന് വിവരി

ച്ചിരിക്കുന്നു. പണ്ഡിതനായ അല്ലാമ ബദ്റുദ്ദീൻ അയ്നീ ബുഖാരിയുടെ ശറഹിൽ എഴുതുന്നു: ഇബ്നുഖൗഖലിന്റെ സമ്പൂർണനാമം നുഅ്മാൻ മാലിക് ബിൻ ഥഅ്ലബ ബിൻ അസ്റം എന്നായിരുന്നു. ഥഅ്ലബ അല്ലെങ്കിൽ അസ്റമിന്റെ ഉപനാമം ഖൗഖൽ എന്നായിരുന്നു. നുഅ്മാൻ അദ്ദേഹത്തിന്റെ പിതാമഹനെ സൂചിപ്പിക്കുന്നു. അതുകൊണ്ടാണ് അദ്ദേഹത്തെ നുഅ്മാൻ ബിൻ ഖൗഖൽ എന്ന് പറയപ്പെട്ടിരുന്നത്.(സ്വഹീഹുൽ ബുഖാരി കിതാബുൽ ജിഹാദ് വസ്സയ്ർ ബാബ് അൽകാഫിറു യഖ്തുലുൽ മുസ്ലമി.....ഹദീഥ് 2827, (ഉംദത്തുൽഖാരി, വാല്യം 14, പേജ് 182–183,കിതാബുൽ ജിഹാദ് വസ്സയ്ർ ബാബ് അൽകാഫിറു യഖ്തുലുൽ മുസ്ലമി....ദാറു അഹ് യാഉത്തുറാഥ് അൽ അറബി ബേറൂത്ത് 2003)

ഹദ്റത്ത് നുഅ്മാൻ ബിൻ മാലിക്കിന് അല്പം മുടന്തുണ്ടായിരുന്നു.(മഅ്രിഫത്തുസ്സ്വഹാബ, ലി അബീ നഈം വാല്യം 4, പേജ് 317, ബാബു അന്നൂൻ, 2850, അന്നുഅ്മാൻ ബിൻ ഖൗഖൽ അൽ അൻസ്വാരി. ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002)

ഹദ്റത്ത് നുഅ്മാൻ ബിൻ മാലിക്കിന്റെ പിതാവിന്റെ പേര് മാലിക് ബിൻ ഥഅ്ലബ എന്നും മാതാവിന്റെ പേര് അംറ ബിൻത് ദിയാദ് എന്നുമായിരുന്നു. അവർ ഹദ്റത്ത് മുജദ്ദർ ബിൻ ദിയാദിന്റെ സഹോദരിയായിരുന്നു. അൻസ്വാറിന്റെ ഗോത്രമായ ഖസ്റജിന്റെ ശാഖ ബനൂഗനമുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. ഈ ഗോത്രം ഖൗഖൽ എന്ന പേരിൽ പ്രസിദ്ധമായിരുന്നു. ഇബ്നു ഹിശാമിന്റെ പക്കൽ ഹദ്റത്ത് നുഅ്മാനുബ്നു മാലിക്, നുഅ്മാൻ ഖൗഖൽ എന്നപേരിലും പ്രസിദ്ധനായിരുന്നു. അദ്ദേഹത്തിന്റെ ഗോത്രം ബനൂ വഅ്ദെന്നും വിവരിച്ചിരിക്കുന്നു. എന്തുകൊണ്ടാണ് ഖൗഖൽ എന്നു പറഞ്ഞിരുന്നത്? കഴിഞ്ഞ തവണയും ഒരു ഖുത്ബയിൽ വിവരിച്ചുകഴിഞ്ഞിട്ടുള്ളതാണ്. മദീനയിൽ ഏതെങ്കിലും നേതാവിന്റെയടുക്കൽ ആരെങ്കിലും അഭയം ആവശ്യപ്പെട്ടാൽ അയാളോടു ആ മലയിൽ എവിടെ വേണമെങ്കിലും നിന്റെ ഇഷ്ടംപോലെ കയറിക്കൊള്ളുക എന്നു പറയുമായിരുന്നു; അതായത് ഇപ്പോൾ നീ അഭയത്തിലാണെന്ന്. എങ്ങനെ വേണമെങ്കിലും ജീവിച്ചുകൊള്ളുക. സമാധാനം എന്നുതോന്നുമ്പോൾ മടങ്ങിപ്പൊയ്ക്കൊള്ളുക. ഇപ്പോൾ താങ്കൾ ഒന്നുകൊണ്ടും ഭയപ്പെടേണ്ട. അഭയം നല്കുന്ന ആളുകൾ ഖവാഖല എന്ന പേരിൽ പ്രസിദ്ധരായിരുന്നു. ചരിത്രമെഴുതുന്ന ഇബ്നുഹിശാം പറയുന്നു: അത്തരം നേതാവ് ആർക്കെങ്കിലും അഭയം നല്കിയാൽ അയാൾക്ക് ഒരു അമ്പ് നല്കിക്കൊണ്ടു പറയും: ഈ അമ്പുമായി നിനക്കിഷ്ടപ്പെട്ട സ്ഥലത്തെല്ലാം പോകുക. ഹദ്റത്ത് നുഅ്മാന്റെ പിതാമഹൻ ഥഅ്ലബ ബിൻ വഅ്ദിനെ ഖൗഖൽ എന്ന് വിളിച്ചിരുന്നു. അദ്ദേഹം അഭയം നല്കുന്നവരിൽപ്പെട്ടയാളായിരുന്നു. ഇപ്രകാരംതന്നെ ഖസ്റജിന്റെ നേതാവ് ഗനം ബിൻ ഔഫിനേയും ഖൗഖൽ എന്നു വിളിച്ചിരുന്നു. ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്തും ഖൗഖൽ എന്ന ഉപനാമത്തിൽ പ്രസിദ്ധനായിരുന്നു. ബനൂ സാലിം, ബനൂഗനം, ബനൂ ഔഫ് ബിൻ ഖസ്റജിനേയും ഖവാഖല എന്ന് വിളിച്ചിരുന്നു. ബനൂ ഔഫിന്റെ സർദാർ ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്തായിരുന്നു.

ഹദ്റത്ത് നുഅ്മാൻ ബിൻ മാലിക് ബദ്ർ യുദ്ധത്തിലും ഉഹുദ് യുദ്ധത്തിലും പങ്കെടുത്തിരുന്നു. സ്വഫ്വാൻ ബിൻ ഉമയ്യയാണ് അദ്ദേഹത്തെ ശഹിദാക്കിയത്. മറ്റൊരു നിവേദനമനുസരിച്ച് ഹദ്റത്ത് നുഅ്മാൻ ബിൻ മാലിക്കിനെ വധിച്ചത് അബാൻ ബിൻ സയീദാണ്. ഹദ്റത്ത് നുഅ്മാൻ ബിൻ മാലിക്കിനേയും ഹദ്റത്ത് മുജദ്ദർ ബിൻ ദിയാദിനേയും ഹദ്റത്ത് ഉബാദ ബിൻ ഹിസ്ഹാസിനേയും ഉഹുദ് യുദ്ധാവസരത്തിൽ ഒരൊറ്റ ഖബ്റിലാണ് ഖബ്റടക്കിയത്. (അത്ത്വബക്കാത്തുൽ കുബ്റാലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 414, അന്നുഅ്മാൻ ബിൻ മാലിക്, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2012)(ഉസുദുൽ ഗാബ,വാല്യം 3, പേജ് 158–159, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2008).അസ്സീറത്തുന്നബ്വിയ്യ ലി ഇബ്നി ഹിശാം പേജ് 560, ദിക്റു മനിസ്ത്തുശ്ഹിദ ബിഉഹുദി മനിൽ മുഹാജിരീന പേജ് 468, അൽഅൻസ്വാറി വമിൻ മഅഹും, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001).(ഉംദത്തുൽഖാരി വാല്യം 14, പേജ് 182, ദാറു അഹ്യാഉത്തുറാഥ് അൽ അറബി ബേറൂത്ത് 2003).

ഹദ്റത്ത് നുഅ്മാനുബ്നു മാലിക്ക്(റ) ഉഹുദു യുദ്ധത്തിന് പുറപ്പെടുകയും അവിടന്ന് അബ്ദുല്ലാഹ് ബിൻ സുലൂലിലിനോടു എന്തോ ചോദിക്കുകയും ചെയ്യുന്ന നേരത്ത് പറഞ്ഞു: 'യാ റസൂലല്ലാഹ്! ഞാൻ തീർച്ചയായും സ്വർഗത്തിൽ പ്രവേശിക്കുന്നതായിരിക്കും.' നബി(സ) തിരുമേനി ചോദിച്ചു: 'അതെങ്ങനെ?' അപ്പോൾ ഹദ്റത്ത് നുഅ്മാൻ പറഞ്ഞു: 'എന്തുകൊണ്ടെന്നാൽ അല്ലാഹുവല്ലാതെ ആരാധനയ്ക്കർഹൻ മറ്റാരുമില്ലെന്നും താങ്കൾ അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിച്ചിരിക്കുന്നു. മാത്രമല്ല യുദ്ധക്കളത്തിൽനിന്ന് ഞാനൊരിക്കലും ഭയന്നോടുകയില്ല.' നബി(സ) തിരുമേനി പറഞ്ഞു: 'നീ സത്യമാണ് പറഞ്ഞത്.' അങ്ങനെ അന്നേ ദിവസം അദ്ദേഹം ശഹീദായി.(ഉസുദുൽ ഗാബ, ഫീ മഅ്രിഫത്തിസ്സ്വഹാബ ഭാഗം 5, പേജ് 322, അന്നുഅ്മാൻ ബിൻ മാലിക്കുൽഖസ്റജീ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2008).

ഹദ്റത്ത് ഖാലിദ് ബിൻ അബൂ മാലിക് ജുഅ്ദിയ്യ്(റ)നിവേദനം: ഞാനെന്റെ പിതാവിന്റെ ഗ്രന്ഥത്തിൽ ഇങ്ങനെയൊരു നിവേദനം കണ്ടു. അതായത് ഹദ്റത്ത് നുഅ്മാൻ ബിൻ ഖൗഖൽ അൻസ്വാരി(റ) ദുആ ചെയ്തിരുന്നു: എന്റെ രക്ഷിതാവേ, നിന്നെക്കൊണ്ടു സത്യം! ഞാനെന്റെ മുടന്തോടുകൂടി സ്വർഗത്തിലെ പച്ചപ്പരവതാനിയിൽ സൂര്യൻ അസ്തമിക്കുന്നതിനുമുമ്പേ നടക്കുന്നതായിരിക്കും. അങ്ങനെ അദ്ദേഹം അന്നേ ദിവസം ശഹീദായി. നബി(സ) തിരുമേനി പറഞ്ഞു: 'അദ്ദേഹത്തിന്റെ ദുആ അല്ലാഹു സ്വീകരിച്ചിരിക്കുന്നു. എന്തെന്നാൽ, ഞാൻ അദ്ദേഹത്തെ സ്വർഗത്തിലൂടെ നടന്നുകൊണ്ടിരിക്കുന്നത് കണ്ടു. അപ്പോൾ അദ്ദേഹത്തിന് ഒരു മുടന്തുമുണ്ടായിരുന്നില്ല.' അതായത് അല്ലാഹു ജാഗ്രദർശനത്തിൽ നബി(സ) തിരുമേനിയ്ക്ക് കാണിച്ചുകൊടുത്തു.(മഅ്രിഫത്തുസ്സ്വഹാബ ലി അബീ നയീം, വാല്യം 4, പേജ് 317,അന്നുഅ്മാൻ ബിൻ ഖൗഖൽ അൻസ്വാരി, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002)

ഹദ്റത്ത് അബൂ ഹുറയ്റ(റ) വിവരിക്കുന്നു. ഞാൻ നബി(സ) തിരുമേനിയുടെ അടുക്കൽ വന്നു. നബി(സ) തിരുമേനി ഖയ്ബറിലായിരുന്നു. സ്വഹാബത്ത് അതിനെ കീഴടക്കിക്കഴിഞ്ഞിരുന്നു. ഞാൻ പറഞ്ഞു. യാ റസൂലല്ലാഹ്! ഗനീമത്തിൽ ഒരു പങ്ക് എനിക്കും തന്നാലും. സയീദ് ബിൻ ആസ്വിന്റെ ഒരു മകൻ പറഞ്ഞു: യാ റസൂലല്ലാഹ് അയാൾക്ക് പങ്കു നല്കരുത്. ഹദ്റത്ത് അബൂഹുറയ്റ പറഞ്ഞു ഈയാൾ നുഅ്മാൻ ബിൻ ഖൗഖലിന്റെ ഘാതകനാണ്. ഇബ്നു സയീദ് ബിൻ ആസ് പറഞ്ഞു. ഞങ്ങളിൽ അഹങ്കരിക്കുന്നവനെ ഓർത്ത് അത്ഭുതം തോന്നുന്നു. ഇപ്പോൾ തഹാമായുടെ പ്രദേശത്തുള്ള സ്വഅൽ മലയുടെ മുകളിൽനിന്ന്–ഹദ്റത്ത് അബൂഹുറയ്റ(റ)യുടെ ഗോത്രമായ ദൗസിന്റെ മലകളിൽ ഒരു മലയാണ്. ആടിനെ മേയ്ച്ച് നമ്മുടെ അടുത്തുവന്നയാളാണ്. മുസ്ലിമായൊരു മനുഷ്യനെ കൊലപ്പെടുത്തി എന്ന് എന്റെ പേരിൽ കുറ്റം ചുമത്തുന്നത് എന്നിട്ട് അദ്ദേഹം പറഞ്ഞു. യഥാർത്ഥത്തിൽ എന്റെ കൈകൊണ്ട് അല്ലാഹു ആ മനുഷ്യനെ ആദരണീയനാക്കിവെക്കുകയാണുണ്ടായത്. മാത്രമല്ല അദ്ദേഹത്തിന്റെ കൈകൊണ്ട് എന്നെ അല്ലാഹു അപമാനിച്ചിട്ടില്ലതാനും. വളരെ സമർത്ഥമായി നിവേദകൻ പറയുന്നു. നബി(സ) തിരുമേനി അദ്ദേഹത്തിന് ഓഹരി നൽകിയോ ഇല്ലയോ എന്ന് എനിക്കറിയില്ല. (സ്വഹീഹുൽ ബുഖാരി, കിതാബുൽ ജിഹാദ്, വസ്സയ്ർ ബാബു അൽകാഫിറു യഖ്ത്തുലുൽ മുസ്ലിമി ഹദീഥ് 2827) മുഅജുമുൽ ബുൽദാൻ വാല്യം 2, പേജ് 223)

ഹദ്റത്ത് ജാബിറിൽനിന്ന് നിവേദനം. ഹദ്റത്ത് നുഅ്മാൻ ബിൻ ഖൗഖൽ നബി(സ) തിരുമേനിയുടെ അടുത്തുവന്നു. അദ്ദേഹം ചോദിച്ചു: 'യാ റസൂലല്ലാഹ്! ഞാൻ ഫർള് നമസ്കാരങ്ങൾ അനുഷ്ഠിക്കുകയും റമളാനിലെ നോമ്പു പിടിക്കുകയും നിഷിദ്ധവസ്തുക്കളെ നിഷിദ്ധമായി കാണുകയും ഹലാലായ വസ്തുക്കളെ ഹലാലായി കാണുകയും അതിലൊട്ടും കൂട്ടാതിരിക്കുകയും ചെയ്താൽ ഞാൻ സ്വർഗത്തിൽ പ്രവേശിക്കുമോ?' നബി(സ) തിരുമേനി പറഞ്ഞു: 'സ്വർഗത്തിൽ പ്രവേശിക്കും.' അപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണ! ഞാനിതിനേക്കാൾ കൂടുതൽ ഒന്നും ചെയ്യുകയില്ല.' (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 23, പേജ് 78, മുസ്നദ് ജാബിർ ബിൻ അബ്ദുല്ലാഹ്, മുഅസ്സസത്തുർരിസാല 2008)

ഹദ്റത്ത് ജാബിർ(റ) നിവേദനം: 'ഒരിക്കൽ നുഅ്മാൻ ബിൻ ഖൗഖൽ മസ്ജിദിൽ പ്രവേശിക്കുമ്പോൾ നബി(സ) തിരുമേനി ജുമുആ ഖുത്ബ നൽകിക്കൊണ്ടിരിക്കുകയായിരുന്നു. നബി(സ) തിരുമേനി അദ്ദേഹത്തോട് പറഞ്ഞു: 'നുഅ്മാനേ! നീ രണ്ടു റക്അത്തു നമസ്കരിക്കുക. അത് ദീർഘമാകാതിരിരക്കാൻ ശ്രദ്ധിക്കുകയും ചെയ്യുക.' ഹ്രസ്വമായി രണ്ടു റക്അത്ത് സുന്നത്ത് നമസ്കരിക്കുക. ഖുത്ബ ആരംഭിച്ചു കഴിഞ്ഞു. രണ്ടു റക്അത്ത് നമസ്കരിക്കുക. വേഗം നമസ്കരിക്കുക.

തുടർന്ന് അവിടന്ന് പറഞ്ഞു: 'ഇമാം ഖുത്ബ നിർവഹിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങളിലാരെങ്കിലും വരികയാണെങ്കിൽ അയാൾ രണ്ടു റക്അത്ത് നമസ്കരിക്കേണ്ടതാണ്. ആ രണ്ടു റക്അത്ത് ദീർഘിപ്പിക്കാതെ നമസ്കരിക്കേണ്ടതാണ്.'(മഅ്രിഫത്തുസ്സ്വഹാബ ലി അബീ നയീം, വാല്യം 4, പേജ് 317,അന്നുഅ്മാൻ ബിൻ ഖൗഖൽ അൻസ്വാ

**ഹദീഥുന്നബ്വി (സ):**

*ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടണ്ടിരുന്നു.'*

*(ബുഖാരി, കിതാബുൽ വഹ്യ്, ഹദീഥ് നമ്പർ 3)*

**ത്വാലിബെ ദുആ**

**P.P.Raheem & Family**

**Ahmadiyya Jama-ath Payangadi, Kerala.**

**ഹദീസുന്നബ്വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.'**

**(ബുഖാരി, കിതാബുൽ വഹ്യ്, ഹദീഥ് നമ്പർ 1)**

**ത്വാലിബെ ദുആ:**

**Rahman Shakeer & Family**

**Ahmadiyya Jama-ath Karulai, Kerala.**

രി, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002)

ഇനി ഞാൻ വിവരിക്കാൻ പോകുന്ന സ്വഹാബിയുടെ പേര് ഹദ്റത്ത് ഖുബയ്ബ് ബിൻ അദിയ്യ് എന്നാണ്. അൻസ്വാർ ഗോത്രമായ ഔസിന്റെ ബനൂജുഹ്ജുബീ ഔഫ് കുടുംബവുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം.(ഉസുദുൽ ഗാബ, ഫീ മഅ്രിഫത്തിസ്സ്വഹാബ ഭാഗം 1, പേജ് 681, ഖുബയ്ബ് ബിൻ അദിയ്യ്, പ്രസാധകർ ദാറുൽഫിക്ർ 2003).

ഹദ്റത്ത് ഉമയ്ർ ബിൻ അബൂ വഖാസ് മക്കയിൽനിന്ന് മദീന ഹിജ്റത്തു ചെയ്തപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തേയും ഹദ്റത്ത് ഖുബയ്ബ് ബിൻ അദിയ്യേയും സഹോദരന്മാരാക്കി. (ഉയൂനുൽ അഥ്ർ വാള്യം 1, പേജ് 232, ദിക്റു അൽമവാഖാത്ത്, ദാറുൽഖലം ബേറൂത്ത് 1993)

ഹദ്റത്ത് ഖുബയ്ബ് ബിൻ അദിയ്യ്(റ) ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ആ യുദ്ധത്തിൽ അദ്ദേഹം ഹാരിഥ് ബിൻ ആമിറിനെ വധിച്ചിരുന്നു. ബദ്ർ യുദ്ധത്തിൽ ജിഹാദു ചെയ്യുന്നവരുടെ ആയുധ സാമഗ്രികളുടെ മേൽനോട്ടക്കാരൻ അദ്ദേഹമായിരുന്നു.(സയ്റുസ്സ്വഹാബ, വാള്യം 3, ഭാഗം 4, പേജ് 309, അദാരയെ ഇസ്‌ലാമിയാത്ത് ലാഹോർ)

ഹദ്റത്ത് ഖുബയ്ബ് ബിൻ അദിയ്യ് ഹിജ്റ നാലിനു നടന്ന റജീഅ് സംഭവത്തിൽ ഉൾപ്പെട്ടിരുന്നു. ഹദ്റത്ത് ഖുബയ്ബ് ബിൻ അദിയ്യേയും ഹദ്റത്ത് സയ്ദ് ബിൻ ദഥിനയേയും ശത്രുക്കൾ തടവിലാക്കി അവരോടൊപ്പം മക്കയിൽ കൊണ്ടുപോയി. മക്കയിലെത്തി ആ രണ്ടു സ്വഹാബിമാരേയും വിറ്റു. ഹാരിഥ് ബിൻ ആമിറിന്റെ മക്കൾ ഹദ്റത്ത് ഖുബയ്ബിനെ വിലക്കു വാങ്ങി;തങ്ങളുടെ പിതാവിനെ കൊന്നതിന് പകരം വീട്ടുകയായിരുന്നു ഉദ്ദേശ്യം. അയാളെ ഖുബയ്ബ്(റ)ബദ്ർ യുദ്ധ ദിവസം വധിച്ചിരുന്നു. ഇബ്നു ഇസ്ഹാഖ് പറയുന്നതനുസരിച്ച് ഹുജയ്ർ ബിൻ അബൂ ഇഹാബ് തമീമിയാണ് ഖുബയ്ബിനെ വാങ്ങിയത്. അയാൾ ഹാരിഥിന്റെ മക്കളുടെ സഖ്യകക്ഷിയായിരുന്നു. അയാളിൽനിന്ന് ഹാരിഥിന്റെ മകൻ ഉഖ്ബ ഹദ്റത്ത് ഖുബയ്ബിനെ വാങ്ങി. പിതാവിന്റെ കൊലയ്ക്ക് പകരം വീട്ടുന്നതിനുവേണ്ടി. ഉഖ്ബ ബിൻ ഹാരിഥ്, ഹദ്റത്ത് ഖുബയ്ബിനെ ബനൂനജ്ജാറിൽനിന്ന് വാങ്ങി എന്നും പറയപ്പെട്ടിരിക്കുന്നു. അബൂ ഇഹാബ്, ഇക്‌രിമ ബിൻ അബൂ ജഹ്ൽ, അഖ്നസ് ബിൻ ശുറയ്ഖ്, ഉബയ്ദ ബിൻ ഹക്കീം, ഉമയ്യ ബിൻ അബൂ ഉത്ബ ഹള്റമിയുടെ മക്കളും സ്വഫ്‌വാൻ ബിൻ ഉമയ്യായും ചേർന്നാണ് ഹദ്റത്ത് ഖുബയ്ബിനെ വാങ്ങിയതെന്നും പറയപ്പെട്ടിരിക്കുന്നു. ഇവരുടയെല്ലാം പിതാക്കന്മാർ ബദ്ർ യുദ്ധത്തതൽ വധിക്കപ്പെട്ടിരുന്നു. ഇവരെല്ലാവരും ചേർന്ന് ഹദ്റത്ത് ഖുബയ്ബിനെ വിലയ്ക്കുവാങ്ങി ഉഖ്ബ ബിൻ ഹാരിഥിന് നല്കുകയായിരുന്നു. അയാളാണ് ഹദ്റത്ത് ഖുബയ്ബിനെ തന്റെ വീട്ടിൽ തടവിൽ പാർപിച്ചിരുന്നത്.(അൽ ഇസ്തീആബ് ഫീ മഅ്രിഫ്തിൽ അസ്ഹാബ്, ഭാഗം 2, പേജ് 23–25, ഖുബയ്ബ് ബിൻ അദിയ്യ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002) (സീറത്തു ഖാത്തമുന്നബിയ്യീൻ പേജ് 513)

റജീഅ് സംഭവത്തെക്കുറിച്ച് ബുഖാരിയിലുള്ള വിവരണം ഇപ്രകാരമാണ്: ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം: നബി(സ) തിരുമേനി പത്ത് പേരുടെ ഒരു സംഘത്തെ അവസ്ഥകൾ അറിഞ്ഞു വരുന്നതിന് അയച്ചു. ഹദ്റത്ത് ആസ്വിം ബിൻ ഥാബിത്ത് അൻസ്വാരി(റ)യെ–ഇദ്ദേഹം ആസ്വിം ബിൻ ഉമർ ബിൻ ഖത്ത്വാബിന്റെ മാതാമഹനായിരുന്നു– അവരുടെ അമീറായി നിയമിച്ചു. അവർ ഹദ്ആഹ്–ഇത് ഗസ്ഫാനും മക്കയ്ക്കുമിടയിലാണ്– എന്ന പ്രദേശത്തെത്തിയപ്പോൾ ആരോ ബനുലഹ്‌യാന് ഇവരെക്കുറിച്ചുള്ള വിവരം നൽകി. അവർ ഹുദയ്ൽ ഗോത്രത്തിന്റെ ഒരു ഭാഗമാണ്. ഈ വാർത്തയറിഞ്ഞ ബനൂലഹ്‌യാനിലെ വില്ലാളിവീരന്മാരായ ഇരുനൂറോളം പേർ എഴുന്നേല്ക്കുകയും കാലടിപ്പാടുകൾ നോക്കി അവരെ പിന്തുടരുകയും ചെയ്തു. അങ്ങനെ അവർ ഈത്തപ്പഴം തിന്നിരുന്ന സ്ഥലം കണ്ടെത്തി. അത് അവർ മദീനയിൽനിന്ന് പാഥേയമായി കൊണ്ടുവന്നതായിരുന്നു. അവർ കൊണ്ടുവന്നിരുന്ന ഈത്തപ്പഴവും വെള്ളവും അവിടെ വച്ചാണ് അവർ കഴിച്ചത്. അവിടെ ഈത്തപ്പഴക്കുരു അവർ ഇട്ടിരുന്നു. അതുകണ്ടിട്ട് അത് യഥ്‌രിബിലെ ഈത്തപ്പഴമാണെന്ന് അവർ പറഞ്ഞു. മദീനയിലെ ഈത്തപ്പഴമാണ്. പിന്നീട് അവർ കാലടികൾനോക്കി അവരുടെ പിന്നാലെ പോയി.

അവർ വരുന്നതു കണ്ട ആസ്വിമും കൂടെയുള്ളവരും ഒരു കുന്നിനുമുകളിൽ അഭയം തേടി. അവർ അവരെ (ആസ്വിമിനെയും സംഘത്തെയും) വളഞ്ഞു. എന്നിട്ടു പറഞ്ഞു: ‘താഴെ ഇറങ്ങിവന്ന് ഞങ്ങളുടെ മുന്നിൽ കീഴടങ്ങുക. നിങ്ങളുടെ കൂട്ടത്തിലെ ആരെയും വധിക്കുകയില്ലെന്ന് ഞങ്ങൾ വാക്ക് തരുന്നു.’ ആ സംഘത്തിന്റെ അമീറായിരുന്ന ആസ്വിം ബിൻ ഥാബിത്ത് (റ)പറഞ്ഞു: ‘ഞാൻ എന്നെ നിങ്ങളെ ഏല്പിക്കുകയാണെങ്കിൽ ഇന്ന് സത്യനിഷേധകളുടെ സംരക്ഷണ വാഗ്ദാനത്തിൽ ഞാൻ ഇറങ്ങിവരേണ്ടിവരും. ഞാൻ സത്യനിഷേധികളുടെ അഭയത്തിൽ കുന്നിൽനിന്നിറങ്ങുകയില്ല.’ തുടർന്ന് അദ്ദേഹം ദുആ ചെയ്തു, അല്ലാഹുവേ! ഞങ്ങളെക്കുറിച്ചുള്ള വിവരം നീ ഞങ്ങളുടെ പ്രവാചകനെ അറിയിക്കേണമേ.’ അതിൽ അവർ അമ്പെയ്യുകയും ആസ്വിമടക്കം ഏഴുപേരെ വധിക്കുകയും ചെയ്തു. ഇതെല്ലാം കണ്ടപ്പോൾ (ബാക്കി) മൂന്നുപേരും അവരുടെ വാക്കുകളെ വിശ്വസിച്ചുകൊണ്ട് താഴെയിറങ്ങിവന്നു. അതിൽ ഖുബയ്ബ് അൻസ്വാരിയും ഇബ്നു ദഥിനയും പിന്നെ മറ്റൊരാളുമാണ് ഉണ്ടായിരുന്നത്. അവർ താഴെ ഇറങ്ങി വന്നപ്പോൾ നിഷേധികൾ അവരെ പിടിച്ചുകെട്ടി. അപ്പോൾ മൂന്നാമത്തെയാൾ പറഞ്ഞു: ‘ഇതാദ്യത്തെ വഞ്ചനയാണ്. ഞാനൊരിക്കലും നിങ്ങളുടെ കൂടെ വരുന്നതല്ല. ആ ശഹീദായവരിൽ എനിക്ക് തൃപ്തികരമായ മാതൃകയുണ്ട്.’ അവർ അദ്ദേഹത്തെ എങ്ങനെയെങ്കിലും പിടിച്ചു വലിച്ചുകൊണ്ടുപോകാൻ ശ്രമിച്ചു. പക്ഷേ, അദ്ദേഹം പോകാൻ കൂട്ടാക്കിയില്ല. ഒടുവിൽ അവർ അദ്ദേഹത്തെ വധിച്ചു. ഖുബയ്ബിനെയും ഇബ്നു ദഥിനയെയും പിടച്ചുകൊണ്ടുപോയി മക്കയിൽ വിറ്റു. ഇത് ബദ്ർ യുദ്ധത്തിനു ശേഷമുള്ള സംഭവമാണ്. ഖുബയ്ബിനെ ബനൂ ഹാരിഥ് ബിൻ അംറ് ബിൻ നൗഫൽ ബിൻ അബ്ദുമനാഫാണ് വാങ്ങിയത്. ഖുബയ്ബ് തന്നെയായിരുന്നു ഹാരിഥ് ബിൻ ആമിറിനെ ബദ്ർ യുദ്ധ ദിവസം വധിച്ചത്. ഖുബയ്ബ് അവരുടെ പക്കൽ തടവുപുള്ളിയായിരുന്നു.

ഇബ്നു ശിഹാബ് പറയുന്നു: ഉബയ്ദുല്ലാഹ് ബിൻ അയാസ് എന്നോടു പറഞ്ഞു, ഹാരിഥിന്റെ മകൾ അദ്ദേഹത്തോടു പറഞ്ഞു, തടവിലാക്കിയ എല്ലാവരും അദ്ദേഹത്തെ കൊല്ലാമെന്ന കാര്യത്തിൽ യോജിച്ചു. ഇനി അദ്ദേഹത്തെ വധിക്കേണ്ടതാണ്. ശഹീദാക്കേണ്ടതാണ്. ആ തടവിന്നിടയിൽ ഉപയോഗിക്കുന്നതിനുവേണ്ടി അവരിൽനിന്ന് ഖുബയ്ബ് ഒരു ക്ഷൗരക്കത്തി ചോദിച്ചു. ഇത് വളരെ പ്രസിദ്ധമായ സംഭവമാണ് വിവരിക്കുന്നത്. അവർ കത്തി നല്കി. ഹാരിഥിന്റെ മകൾ പറയുകയാണ്, ‘ഞാൻ അശ്രദ്ധയിലായിരിക്കുമ്പോൾ എ ന്റെ ഒരു കുട്ടി ഖുബയ്ബിന്റെ അടുത്തു ചെന്നു. അദ്ദേഹം കുട്ടിയെ എടുത്തു. അദ്ദേഹം തന്റെ മടിയിൽ കുട്ടിയിരുത്തിയിരിക്കുന്നത് ഞാൻ കണ്ടു. കൈയിൽ ക്ഷൗരക്കത്തിയുമുണ്ട്. ഞാനതുകണ്ട് വളരെ ഭയന്നുപോയി. ഖുബയ്ബ് എന്റെ മുഖത്തെ ഭയം തിരിച്ചറിഞ്ഞു. എന്നിട്ടു പറഞ്ഞു: ‘ഞാനിതിനെ കൊന്നുകളയുമോ എന്ന് നിങ്ങൾ ഭയപ്പെടുകയാണോ. ഞാനങ്ങനെ ചെയ്യുന്നവനല്ല.’ ഖു ബയ്ബിനെക്കാളും നല്ല ഒരു തടവുപുള്ളിയെ ഞാനൊരിക്കലും കണ്ടിട്ടില്ല എന്ന് ഹാരിഥിന്റെ മകൾ പറയുമായിരുന്നു. പിന്നീട് പറഞ്ഞു: ‘അല്ലാഹുവാണ! ഒരു ദിവസം ചങ്ങലയിൽ ബന്ധിക്കപ്പെട്ട അദ്ദേഹത്തിന്റെ കൈയിൽ ഒരു മുന്തിരിക്കുലയുള്ളതായി ഞാൻ കണ്ടു. അദ്ദേഹം അതിൽനിന്ന് ഭക്ഷിച്ചുകൊണ്ടിരിക്കുന്നു. ആ സമയത്ത് മക്കയിലെവിടെയും ഒരു തരത്തിലുള്ള പഴങ്ങളും ലഭ്യമായിരുന്നില്ല. അല്ലാഹു ഖുബയ്ബിനു നൽകിയ അന്നമായിരുന്നു’ അതെന്ന് അവർ പറയുമായിരുന്നു. ആളുകൾ അദ്ദേഹത്തെ വധിക്കുവാൻ ഹറമിനു വെളിയിൽ കൊണ്ടുപോകുമ്പോൾ ഖുബയ്ബ് അവരോടു പറഞ്ഞു: ‘എന്നെ രണ്ടു റക്അത്ത് നമസ്കരിക്കാൻ അനുവദിക്കുക്കുക. അവർ അനുവാദം നൽകിയപ്പോൾ ഖുബയ്ബ് രണ്ടു റക്അത്ത് നമസ്കരിച്ചു. എന്നിട്ട് പറഞ്ഞു: എനിക്ക് പരിഭ്രമമുണ്ടെന്നും അതുകൊണ്ടാണ് ദീർഘമായി നമസ്കരിക്കുന്നതെന്നുമുള്ള വിചാരം നിങ്ങൾക്കില്ലായിരുന്നെങ്കിൽ അല്ലാഹുവാണ! തീർച്ചയായും ഞാൻ ഈ നമസ്കാരം ദീർഘിപ്പിക്കുമായിരുന്നു. തുടർന്ന് അല്ലാഹുവിനോട് ദുആ ചെയ്തുകൊണ്ടു പറഞ്ഞു: ‘അല്ലാഹുവേ, നീ ഇവരെ ഓരോരുത്തരായി നശിപ്പിക്കേണമേ.’ അദ്ദേഹത്തെ ശഹീദാക്കാൻ തുടങ്ങുമ്പോൾ അദ്ദേഹം ഇങ്ങനേയും ദുആ ചെയ്തു: അല്ലാഹുവേ! ഇവരെ ഓരോരുത്തരായി നശിപ്പിക്കേണമേ. പിന്നീടദ്ദേഹം ഈ കവിതാശകലം ചൊല്ലി.

വലസ്തു ഉബാലീ ഹീന ഉഖ്തലു മുസ്‌ലിമൻ
അലാ അയ്യി ശിഖ്ഖിൻ കാന ലില്ലാഹി മസ്വ്റയീ
വ ദാലിക്ക ഫീ ദാത്തിൽ ഇലാഹി വഇൻയ്യശാഅ്
യുബാരിക്ക് അലാ ഔസ്വാലി ശിൽവിൻ മുമസ്സയി

ഞാനൊരു മുസ്‌ലിമായി വധിക്കപ്പെടുമ്പോൾ അല്ലാഹുവിലേക്ക് ഏതുവശം ചരിഞ്ഞ് വീഴുമെന്നത് ഞാൻ കാര്യമാക്കുന്നില്ല. എന്റെ ഈ വീഴ്ച അല്ലാഹുവിനുവേണ്ടിയാകുമ്പോൾ അവൻ ആഗ്രഹിക്കുകയാണെങ്കിൽ തുണ്ടം തുണ്ടമാക്കപ്പെട്ട ശരീരാവശിഷ്ടത്തിൽ പോലും അനുഗ്രഹം ചൊരിയാൻ അവന് കഴിയുന്നതാണ്.

ബുഖാരിയുടെ ശറഹ് എഴുതിയ ഇബ്നു ഹജ്ർ അസ്ഖലാനീ റജീഅ് യുദ്ധത്തിനു വിധേയമായി ഒരു ഹദീഥിന്റെ ശറഹിൽ എഴുതുന്നു: ഹദ്റത്ത് ഖുബയ്ബ് ശഹാദത്തിന്റെ നേരത്ത് ഇങ്ങനെ ദുആ ചെയ്തു: ‘അല്ലാഹുമ്മ അഹ്സ്വിഹിം അദദാ അല്ലാഹുവേ! ഈ ശത്രുക്കളുടെ എണ്ണം നിജപ്പെടുത്തി വെക്കേണമേ. അവരോട് പകരം ചോദിക്കാൻ എന്റെ ഈ ശത്രുക്കളെ എണ്ണിതിട്ടപ്പെടുത്തിയാലും.’ മറ്റൊരു നിവേദനത്തിൽ ഈ വാക്കുകൾ അധികമായി വന്നിട്ടുണ്ട്. *വഖ്തുൽഹും ബദദാ വലാ തുബ്ഖി മിൻഹും അഹദാ* അവരെ തിരഞ്ഞ് തിരഞ്ഞ് വധിക്കുക. അവരിൽ ആരേയും വിട്ടയക്കരുതേ. (ബുഖാരി കിതാബുൽ മഗാസി, ഹദീഥ് 3045) ഫതഹുൽ ബാരി ശറഹ് സ്വഹീഹുൽ ബുഖാരി ലിൽഇമാം ഇബ്നു ഹജർ അസ്ഖലാനീ ഭാഗം 7, പേജ് 488 ഖദീമീ കുതുബ് ഖാന മുഖാബിൻ ആരാം ബാശ് കറാച്ചി)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**‘അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും
മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും,
നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും
അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും
നിത്യവും ഖുർആൻ പാരായണം ചെയ്യാൻ
അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.’
(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**

**ത്വാലിബെ ദുആ:
M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

എന്തായാലും അദ്ദേഹം നഫ്ൽ നമസ്കിരച്ചു. ഒടുവിൽ ഹാരിഥിന്റെ മകൻ ഉഖ്ബാ ഹദ്റത്ത് ഖുബയ്ബ് ബിൻ അദിയ്യിനെ ശഹീദാക്കി. മറ്റൊരു നിവേദനം ബുഖാരിയിലുണ്ട്. അതനുസരിച്ച് ഹദ്റത്ത് ഖുബയ്ബിനെ അബൂസർവഅയാണ് വധിച്ചത്. ഇത്തരത്തിൽ ബന്ധിക്കപ്പെട്ട അവസ്ഥയിൽ വധിക്കപ്പെടുന്ന മുസ്ലിമീങ്ങൾ രണ്ടു റക്അത്ത് നമസ്കരിക്കുന്നതിന് മാതൃക സ്ഥാപിച്ചത് ഈ ഖുബയ്ബ് തന്നെയായിരുന്നു.

അല്ലാഹു ആസിം ബിൻ ഥാബിത്തിന്റെ ദുആ അദ്ദേഹം ശഹീദായ ദിവസം സ്വീകരിച്ചു. നബി(സ) തിരുമേനി തന്റെ സ്വഹാബത്തിനോടു പറഞ്ഞു: ഇത് മുമ്പേ പറഞ്ഞുകഴിഞ്ഞതാണ്. 'ആസിം ബിൻ ഥാബിത്ത് ദുആ ചെയ്തിരുന്നു. അല്ലാഹു, നബി(സ)തിരുമേനിയെ വിവരം അറിയിക്കണേ എന്ന്. അദ്ദേഹം ആ സംഘത്തിന്റെ ലീഡറായിരുന്നു. അതിൽ ഹദ്റത്ത് ഖുബയ്ബും ഉണ്ടായിരുന്നു. നബി(സ)തിരുമേനി അവർക്കുണ്ടായ സംഭവവും ബുദ്ധിമുട്ടും സ്വഹാബത്തിനോടു പറഞ്ഞു. ഖുറയ്ശീ സത്യനിഷേധികൾക്ക് ഈ വിവരം ചിലയാളുകൾ പറഞ്ഞപ്പോൾ അതായത് ആസിം വധിക്കപ്പെട്ടുവെന്ന് അവർ ആസിമിന്റെ അടുത്തേക്ക് കുറച്ചാളുകളെ അയച്ചു; അദ്ദേഹം തിരിച്ചറിയപ്പെടാത്തവിധം ശരീരത്തിന്റെ ചില ഭാഗങ്ങൾ മുറിച്ചുകൊണ്ടുവരാൻ. ആസിം അവരിലെ വലിയ വലിയ ആളുകളിൽ ഒരാളെ വധിച്ചിരുന്നു. അപ്പോൾ ആസിമിന്റെ ശരീരത്തിന്മേൽ കടന്നൽകൂട്ടത്തെ അല്ലാഹു അയച്ചു. അവ ചാർത്തിക്കെട്ടുപോലെ അദ്ദേഹത്തിന്റെമേൽ പരന്നുനിന്നു. സത്യനിഷേധികൾ അയച്ച ആളുകൾക്ക് അദ്ദേഹത്തിന്റെ ശരീരം വികൃതമാക്കാൻ കഴിഞ്ഞില്ല. അവരിൽനിന്ന് ശരീരത്തെ രക്ഷിച്ചു. (സ്വഹീഹുൽ ബുഖാരി കിതാബുൽ ഹദീഥ്, 4086–4087)

ഹദ്റത്ത് ഖുബയ്ബിനെ ശഹീദാക്കുമ്പോൾ അദ്ദേഹം ഇങ്ങനെയും ദുആ ചെയ്തിരുന്നു: 'അല്ലാഹുവേ, നിന്റെ റസൂലിന്റെയടുക്കൽ സലാമെത്തിക്കാൻ എനിക്ക് ഒരു മാർഗവുമില്ല. അതുകൊണ്ട് നീ തന്നെ എന്റെ സലാം അദ്ദേഹത്തിനെത്തിക്കുക.' ഹദ്റത്ത് ഖുബയ്ബിനെ വധിക്കാൻ തൂക്കുപലകയിൽ കയറ്റുമ്പോൾ അദ്ദേഹം വീണ്ടും ദുആ ചെയ്തു: '*അല്ലാഹുമ്മ അഹ്സിഹിം അദദാ വഖ്തുൽഹും ബദദാ* അതായത് അല്ലാഹുവേ, നീ ഇവരുടെ കണക്കു നോക്കുകയും അവരെ തിരഞ്ഞുപിടിച്ചു കൊല്ലുകയും ചെയ്യേണമേ.' ഒരു ബഹുദൈവ വിശ്വാസി ഈ ദുആ കേട്ടപ്പോൾ ഭയന്ന് നിലത്തു കിടന്നു എന്നും പറയുന്നുണ്ട്. അതു കഴിഞ്ഞ് ഒരു വർഷം തികയുന്നതിനുമുമ്പേ ആ ഭയന്ന് നിലത്തു കിടന്നിരുന്ന വ്യക്തിയൊഴികെ ഹദ്റത്ത് ഖുബയ്ബിനെ വധിക്കുന്നതിൽ പങ്കാളികളായ ആരും ജീവനോടെ ഇരുന്നില്ല. എല്ലാവരും നശിച്ചൊടുങ്ങി. ഹദ്റത്ത് മുആവിയ ബിൻ അബൂസുഫ്യാൻ വിവരിക്കുന്നു: 'ഞാനെന്റെ പിതാവിനോടൊപ്പം ആ അവസരത്തിലുണ്ടായിരുന്നു. എന്റെ പിതാവ് ഹദ്റത്ത് ഖുബയ്ബിന്റെ ദുആ കേട്ടപ്പോൾ എന്നെ തറയിൽ കിടത്താൻ തുടങ്ങി. വേറേയും കുറച്ചാളുകൾ ഉണ്ടായിരുന്നു. എന്തായാലും ആദ്യത്തെ നിവേദനമുണ്ട്. മറ്റൊരു നിവേദനം ഇതുമുണ്ട്. ഉർവ വിവരിക്കുന്നു: 'മുശ്രീക്കീങ്ങളിൽനിന്ന് ആ അവസരത്തിലുണ്ടായിരുന്നവരിൽ അബൂ ഇഹാബ്, അഖ്നസ്ബിൻ ശുറയ്ഖ്, ഉബയ്ദ ബിൻ ഹക്കീം, ഉമയ്യ ബിൻ ഉത്ബ ഉണ്ടായിരുന്നു. അദ്ദേഹം ഇങ്ങനേയും പറയുന്നു: 'ജിബ്രീൽ(അ), നബി(സ) തിരുമേനിയുടെ അടുക്കൽ വന്നു.ഈ സംഭവത്തെക്കുറിച്ച് വിവരം നൽകി. അപ്പോൾ നബി(സ)തിരുമേനി സ്വഹാബത്തിനോടു പറഞ്ഞു, സ്വഹാബാക്കൾ പറയുന്നു: നബി(സ) തിരുമേനി ആ സമയത്ത് ഒരിടത്തിരിക്കുകയായിരുന്നു. അവിടന്ന് വ അലയ്ക്കസ്സലാമു യാ ഖുബയ്ബു അല്ലയോ ഖുബയ്ബേ നിനക്ക് അല്ലാഹുവിൽ നിന്നുള്ള ശാന്തിയും സമാധാനവും ഉണ്ടാകട്ടെ എന്നു പറഞ്ഞു. ഖുറയ്ശികൾ അദ്ദേഹത്തെ വധിച്ചിരിക്കുന്നു.' (ഫതഹുൽബാരി, ശറഹ് സ്വഹീഹുൽബുഖാരി, ലിൽഇമാം ഇബ്നു ഹജറുൽ അസ്ഖലാനീ, ഭാഗം 7, പേജ് 488, ഖദീമീ കുതുബ് ഖാന മുഖാബിൽ ആരാം ബാഗ് കറാച്ചി ഹദീഥ് നമ്പർ 4086)

അദ്ദേഹം ഇങ്ങനേയും പറഞ്ഞു: 'അല്ലാഹു സലാം എത്തിക്കാനുള്ള ഏർപാട് ചെയ്തു. ഇത് ശറഹ് ബുഖാരിയുടേതാണ്. അതിൽ ഇങ്ങനെ എഴുതിയിരിക്കുന്നു.

ഹദ്റത്ത് ഖുബയ്ബിനെ ശഹീദാക്കിയപ്പോൾ, അന്യാരാധകർ അദ്ദേഹത്തിന്റെ മുഖം ഖിബ്ലയല്ലാത്ത മറ്റുഭാഗത്തേക്ക് ആക്കി. പക്ഷേ, ആ അന്യാരാധകർ ഹദ്റത്ത് ഖുബയ്ബിന്റെ മുഖം അല്പസമയത്തിനുശേഷം വീണ്ടും നോക്കിയപ്പോൾ ഖിബ്ലയ്ക്ക് അഭിമുഖമായിരുന്നു. അവർ ഹദ്റത്ത് ഖുബയ്ബിന്റെ മുഖം പലപ്രാവശ്യം മറുഭാഗത്തേക്ക് ആക്കിക്കൊണ്ടിരുന്നു. പക്ഷേ, അതിൽ വിജയിക്കാൻ കഴിഞ്ഞില്ല. അന്യാരാധകർ അദ്ദേഹത്തെ ഇതേ അവസ്ഥയിൽ ഉപേക്ഷിച്ചുപോയി. (അൽഇസ്വാബ ഫീ തമീസ്സിസ്സ്വഹാബ, ഭാഗം 2, പേജ് 227, ഖുബയ്ബ് ബിൻ അദിയ്യ് ദാറുൽകുതൂബുൽ ഇൽമിയ്യ ബേറൂത്ത് 2005)

മറ്റൊരു നിവേദനത്തിൽ ഇങ്ങനേയുമുണ്ട്. ഖുറയ്ശികൾ ഖുബയ്ബിനെ ഒരു മരത്തിന്റെ ശാഖയിൽ തൂക്കിയിട്ടു. പിന്നീട് കുന്തംകൊണ്ട് കുത്തി കൊലപ്പെടുത്തി. ആ കൂട്ടത്തിൽ സയീദ് ബിൻ ആമിർ എന്നൊരാളുമുണ്ടായിരുന്നു. ഈ വ്യക്തി പിന്നീട് മുസ്ലിമായി. ഹദ്റത്ത് ഉമറിന്റെ ഖിലാഫത്തുകാലംവരെ അയാളുടെ അവസ്ഥ ഇതായിരുന്നു; ഖുബയ്ബിന്റെ സംഭവം അദ്ദേഹത്തിന് ഓർമ വരുമ്പോഴെല്ലാം ബോധംകെട്ടുവീഴുമായിരുന്നു. അക്രമികളിൽപ്പെട്ടയാളായിരുന്നു. പിന്നീട് മുസ്ലിമായി.(സീറത്തുഖാത്തമുന്നബിയ്യീൻ പേജ് 515–516)

ഇദ്ദേഹത്തെ സംബന്ധിച്ച് മറ്റു സംഭവങ്ങൾ വേറേയുമുണ്ട്. അത് പിന്നീടു വിവരിക്കുന്നതായിരിക്കും.

ഇപ്പോൾ ഞാൻ ഒരു വിളംബരം ചെയ്യുകയാണ്. അഹ്മദിയ്യ ചരിത്രവിഭാഗം തങ്ങളുടെ ഒരു വെബ്സൈറ്റ് ആരംഭിച്ചിരിക്കുന്നു. അത് ഉർദുവിലും ഇംഗ്ലീഷിലുമാണ്. ജമാഅത്ത് പ്രസിദ്ധീകരിച്ചിട്ടുള്ള ചരിത്രഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കി അഹ്മദിയ്യാ ചരിത്രങ്ങളും, ജീവിതചരിത്രങ്ങളുമാണ് ഇതിൽ നല്കുന്നത്. ഉദാഹരണത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ), അഹ്മദിയ്യ ഖലീഫമാർ, മസീഹ് മൗഊദ്(അ)ന്റെ സ്വഹാബത്ത്, അഹ്മദീ ശുഹദാഅ്, ദർവേശാനെ ഖാദിയാൻ, ജമാഅത്തിന്റെ മുബല്ലിഗുമാർ, തുടങ്ങി മറ്റു പുണ്യാത്മാക്കളുടെ ജീവിത ചരിത്രം, ലേഖനങ്ങൾ പ്രബന്ധങ്ങൾ, ഫോട്ടോകൾ, അഹ്മദിയ്യ ജമാഅത്തിന്റെ ചരിത്രത്തിന്റെ മുഴുവൻ വാല്യംങ്ങളും ഉപസംഘടനകളുടേയും രാജ്യങ്ങളുടേയും ചരിത്രങ്ങളും പ്രധാന പട്ടണങ്ങളുടെ ചരിത്രങ്ങളും പുണ്യാത്മാക്കളുടെ തൂലിക രചനകളും ചില തബർറുക്കാത്തിന്റെ ഫോട്ടോകൾ പത്രങ്ങളുടേയും മാസികകളുടേയും കട്ടിംഗുകൾ ഗവേഷണപരവും ചരിത്രപരവുമായ ലേഖനങ്ങൾ തുടങ്ങിയവയെല്ലാം ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

ജമാഅത്തിന്റെ സുപ്രധാനമായ പരിപാടികളും ജമാഅത്തിന്റെ കെട്ടിടങ്ങളും ഉദാഹരണത്തിന് മസ്ജിദുകൾ, മിഷൻഹൗസുകൾ, കേന്ദ്ര സ്ഥാപനങ്ങൾ, വിദ്യഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഡിസ്പൻസറികൾ, ഗസ്റ്റുഹൗസുകൾ തുടങ്ങിയവയുടെ ചിത്രങ്ങളും കൊടുത്തിരിക്കുന്നു. അവയെല്ലാം കഴിയുന്നിടത്തോളം പരിചയപ്പെടുത്തിയിട്ടുമുണ്ട്. യൂട്യൂബിലെ ഒരു വീഡിയോ ചാനൽ മുഖേന എം.ടി.എയിലെ ദുഷ്പ്രാപ്യമായ ഡോക്യുമെന്ററികൾ തുടങ്ങിയവയും നല്കിയിട്ടുണ്ട്. അഹ്മദിയ്യാ ജമാഅത്തിന്റെ ആരംഭംമുതൽ ഇന്നുവരെയുള്ള ഐതിഹാസികമായ സംഭവങ്ങളുടെ ടൈംലൈനും നല്കുന്നു. ഇൻശാഅല്ലാഹ് ജുമുഅയ്ക്കുശേഷം ഞാൻ ഈ വെബ്സൈറ്റ് ലോഞ്ച് ചെയ്യുന്നതായിരിക്കും.

മറ്റൊരു വേദനാജനകമായ വാർത്തയുണ്ട്. നമ്മുടെ പഴയകാല മിഷണറി സ്വഫിയുർ റഹ്മാൻ ഖുർശീദ് സാഹിബ്–അദ്ദേഹം ആഫ്രിക്കയിലും മറ്റു സ്ഥലങ്ങളിലും മുബല്ലിഗായിരുന്നിട്ടുണ്ട്; നുസ്റത്ത് ആർട്ട് പ്രസിന്റെ മാനേജരുമായിരുന്നു –ബിൻ ഹക്കീം ഹഫീളുർ റഹ്മാൻ സൻവരി സാഹിബ് 2019 സെപ്തംബർ 16ന് 75–ാം വയസ്സിൽ ഹൃദയാഘാതം മൂലം വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തിന്റെ ജനാസ ഗാഇബ് ഞാനിപ്പോൾ നമസ്കരിപ്പിക്കുന്നതായിരിക്കും.

അദ്ദേഹം ഹദ്റത്ത് മൗലവി ഖുദ്റത്തുല്ലാഹ് സൻവരി സാഹിബിന്റെ–ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി– ദൗഹിത്രനായിരുന്നു. സ്വഫിയുർ റഹ്മാൻ ഖുർശീദ് സാഹിബിന്റെ പിതാവും വാഖ്ഫെ സിന്ദഗിയായിരുന്നു. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ നിർദ്ദേശമനുസരിച്ച് സിന്ധിന്റെ സ്ഥലങ്ങളിൽ അദ്ദേഹം സേവനം ചെയ്തു. സ്വഫിയുർറഹ്മാൻ സാഹിബിന്റെ പ്രാഥമിക വിദ്യാഭ്യാസം റബ്വയിലായിരുന്നു. പിന്നീട് അദ്ദേഹത്തിന്റെ മാതാവ് ഒരു സ്വപ്നം കണ്ടു. ഇതിന്റെ അടിസ്ഥാനത്തിൽ 1961–ൽ ഇദ്ദേഹം ജാമിഅ അഹ്മദിയ്യാ റബ്വയിൽ പ്രവേശിച്ചു. 1970–ൽ ശാഹിദ് ഡിഗ്രി കരസ്ഥമാക്കി. അദ്ദേഹത്തിന് രണ്ട് ഭാര്യമാരുണ്ടായിരുന്നു. ആദ്യ ഭാര്യയിൽനിന്ന് അദ്ദേഹത്തിന് ഒരു മകളുണ്ട്. രണ്ടാമത്തെ ഭാര്യയിൽ മക്കളൊന്നുമില്ല. അദ്ദേഹത്തിന്റെ മകളും ഇവിടെ താമസിക്കുന്നു. ഇവർ രോശൻ ആരാഅ് ജമീൽ അഹ്മദ് സാഹിബിന്റെ ഭാര്യയാണ്. ജാമിഅ പാസായതിനുശേഷം സ്വഫിയുർറഹ്മാൻ സാഹിബ് കുറച്ചുകാലം റബ്വയിലെ കേന്ദ്ര ഓഫീസുകളിൽ ഉണ്ടായിരുന്നു. അതിനുശേഷം ചക്വാളിൽ മുറബ്ബിയായിരുന്നു. അവിടെ ഒരു വർഷംവരെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് ഹക്കീം അബ്ദുല്ലാഹ് സാഹിബുമായി ചേർന്ന് അദ്ദേഹം സേവനം ചെയ്തു.

1972–ൽ അദ്ദേഹത്തെ സിയറലിയോണിൽ അയച്ചു. പറയുന്നു: ആഫ്രിക്കയിലേക്ക് പുറപ്പെടുന്ന നേരത്ത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) അദ്ദേഹത്തോടു പറഞ്ഞു: 'ആഫ്രിക്കക്കാരെ സ്നേഹിച്ചുകൊണ്ടിരിക്കണം.' പറയു

(ശേഷം പേജ് 11ൽ)

## അല്ലാഹുവിന്റെ കലാം

***"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)***

ത്വാലിബെ ദുആ
M.P.Haneef Ahmad
Ahmadiyya Jama-ath Koodali, Kerala.

## കലാമുൽ ഇമാം:–

**'ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: 'ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.' (കിതാബുൽ ബരിയ്യ പേജ് 47)**

ത്വാലിബെ ദുആ:
C. Shameem Ahmad
Ahmadiyya Jama-ath Calicut, Kerala.

# വിശുദ്ധഖുർആൻ

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

### (വാഗ്ദത്ത മഹ്ദീ മസീഹ്)

*(റിവ്യു ഓഫ് റിലീജ്യൺസ് എന്ന ഇംഗ്ലീഷ് മാസികയുടെ 2019 ആഗസ്റ്റു ലക്കത്തിൽ പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ വിവർത്തനം. വിവർത്തകൻ: കെ.വി. ഹസ്സൻകോയ കോഴിക്കോട്)*

**സാത്വികർക്കുള്ള മാർഗ്ഗദർശനം**

(കഴിഞ്ഞ ലക്കത്തിൽ നിന്നുള്ള തുടർച്ച)

ഉദാഹരണമായി അവ വാണിജ്യപരമായ അവസ്ഥകളെ മോശമായി ബാധിക്കും. അതിപ്പോൾ നടപ്പിൽ വന്നിരിക്കുന്നു. ഒഴിവാക്കാൻ സാധ്യമല്ല. അല്ലെങ്കിൽ കുറ്റവാളികളെ ഒരേ നിലയിൽ ശിക്ഷിച്ചാൽ ശിക്ഷാനിയമം സഹായകമാവുകയില്ല. അതിന് വിധേയമാക്കാൻ പറ്റിയില്ലെന്നും വരാം.

ഞാൻ പറയുന്നത് ഈ വിധത്തിലുള്ള ചിന്ത വരുന്നത്, വിശുദ്ധഖുർആൻ ശ്രദ്ധാപൂർവ്വം പഠിക്കാത്തവരിൽനിന്നാണ്. സിവിൽ, ക്രിമിനൽ, റവന്യൂ കാര്യങ്ങളെക്കുറിച്ച് വിശുദ്ധഖുർആനിലടങ്ങിയ നിർദ്ദേശങ്ങൾ രണ്ടുവിധത്തിലാണ്. ഒന്ന് ശിക്ഷയേയോ നടപടിക്രമങ്ങളേയോ കുറിച്ചുള്ള വിശദീകരണങ്ങളടങ്ങിയത്. മറ്റേത് തത്ത്വം മാത്രം. പറയുന്നു: വ്യക്തമായ നിർദ്ദേശങ്ങൾ നല്കുന്നില്ല. രണ്ടാമത് പറഞ്ഞതിന്റെ ഉദ്ദേശ്യം പുതിയ സാഹചര്യങ്ങളെ നേരിടാനുള്ള മാർഗ്ഗദർശനമാണ്. ഉദാഹരണമായി ഒരു സ്ഥലത്ത് വിശുദ്ധഖുർആൻ പല്ലിന് പല്ല്, കണ്ണിനു കണ്ണ് എന്ന നിയമം വെക്കുന്നു. ഇതൊരു വിശദീകരണമാണ്. മറ്റൊരു സ്ഥലത്ത് വേറൊരു സിദ്ധാന്തം അവതരിപ്പിക്കുന്നു.

"ഒരു കുറ്റത്തിനുള്ള ശിക്ഷ അതിനനുപാതികമായതാണ്." (42:41)

പ്രത്യേകമായ നിയമം നടപ്പിലാക്കാൻ സാധിക്കാത്തിടത്ത് നിയമത്തെ വിപുലപ്പെടുത്താനുള്ള തത്ത്വമാണ് പറഞ്ഞിട്ടുള്ളത്. ഉദാഹരണത്തിന് തന്റെ പല്ലുകൾ നഷ്ടപ്പെട്ട ഒരാൾ മറ്റൊയാളുടെ പല്ലുകൾ കൊഴിക്കുന്നു. പല്ലിന് പല്ല് എന്ന നിയമം തനിക്ക് സ്വയം പല്ലില്ലാത്ത ഒരാളെ ഈ നിയമത്തിന് വിധേയനാക്കുന്നത് നിറുത്തുന്നു. അതുപോലെ അന്ധനായ ഒരാൾ വേറൊരു മനുഷ്യന്റെ കണ്ണ് നശിപ്പിച്ചാൽ മറ്റേയാൾക്ക് ഒന്നും ചെയ്യാൻ കഴിയില്ല. വിശുദ്ധഖുർആൻ അങ്ങനെയുള്ള കേസുകളിൽ പൊതുവായ സിദ്ധാന്തങ്ങൾ അവതരിപ്പിക്കുന്നു. അങ്ങനെ ചെയ്തുകൊണ്ട് ഓരോരുത്തരേയും അനുയോജ്യമായ നിയമം നിഗമനം ചെയ്തെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. തൗറാത്ത് ഈ രീതി അനുവർത്തിക്കുന്നില്ലെന്നത് ശോചനീയമാണ്. സുവിശേഷം പൂർണ്ണമായും ഈ അധ്യാപനത്തിൽനിന്ന് വിമുക്തമാണ്. അത് ചില ധാർമികോപദേശങ്ങൾ നല്കുന്നുണ്ട്. പക്ഷേ, അവ ഏതെങ്കിലും കോഡിന്റേയോ നിയമവ്യവസ്ഥയുടേയോ ഭാഗമല്ല. സുവിശേഷം നിയമപരമായ കാര്യങ്ങൾ മനുഷ്യരുടെ ബുദ്ധിക്ക് വിട്ടുകൊടുത്തിരിക്കുകയാണെന്ന ചില ക്രിസ്ത്യാനികളുടെ പ്രസ്താവന അഭിമാനാർഹമല്ല. അത് ദുഃഖകരവും ലജ്ജാകരവുമാണ്. എന്തെന്നാൽ ഏതൊന്ന് പ്രാപഞ്ചിക നിയമമായി വെക്കപ്പെട്ടിട്ടില്ലയോ ക്രമപ്പെടുത്തുന്ന സിദ്ധാന്തങ്ങളായി വെക്കപ്പെട്ടില്ലയോ അത് ദുരുപയോഗപ്പെടുത്തപ്പെടുന്നതാണ്; അത് തിന്മയായിത്തീരുന്നു. അതിന്റെ ഉദ്ദേശ്യം എത്ര നല്ലതായിരുന്നാലും ശരി. (കിത്താബുൽ ബരിയ്യ, റൂഹാനിഖസാഇൻ, വാല്യം 13, പേജ് 87–88)

സർവ്വശക്തനായ അല്ലാഹു, അവൻ ഹൃദയങ്ങളിലെ രഹസ്യങ്ങൾ അറിയുന്നു, സാക്ഷിയാണ്, ഏതെങ്കിലും ഒരാൾ വിശുദ്ധഖുർആനിൽ ഒരു ന്യൂനതയുടെ ആയിരത്തിലൊന്ന് ചൂണ്ടിക്കാണിക്കുകയാണെങ്കിൽ, അല്ലെങ്കിൽ തന്റെ ഗ്രന്ഥത്തിൽ വിശുദ്ധഖുർആന്റെ അധ്യാപനത്തിനെതിരായ എന്തെങ്കിലും മികവ് ചൂണ്ടിക്കാണിക്കുകയാണെങ്കിൽ ഞങ്ങൾ സ്വയംതന്നെ മരണശിക്ഷക്ക് വിധേയരാവാൻ തയ്യാറാണ്. (ബറാഹീനെ അഹ്മദിയ്യാ, റൂഹാനി ഖസാഇൻ, വാല്യം 1, പേജ് 298, സബ്ഫുട്ട്നോട്ട്–2)

**വിശുദ്ധഖുർആൻ**
**മനുഷ്യപ്രകൃതിയുമായി ഒത്തുചേരുന്നു**

ഗ്രന്ഥങ്ങളിൽവെച്ച് ദൈവവചനമെന്ന് അസന്നിഗ്ദ്ധമായി തെളിയിക്കപ്പെട്ട ഏകഗ്രന്ഥം വിശുദ്ധഖുർആനാണ്. മോക്ഷത്തിനുള്ള അതിന്റെ അധ്യാപനങ്ങൾ പൂർണമായും സത്യാധിഷ്ഠിതവും മനുഷ്യപ്രകൃതിക്കനുയോജ്യമായതുമാണ്. അതിന്റെ സിദ്ധാന്തങ്ങൾ സമഗ്രവും ഉറച്ചതുമാണ്. അതിന്റെ സത്യത്തിന് ശക്തമായ തെളിവുകൾ സാക്ഷ്യം വഹിക്കുന്നു. അതിന്റെ കല്പനകൾ സത്യത്തിലധിഷ്ഠിതമായതാണ്. അതിന്റെ അധ്യാപനങ്ങൾ എല്ലാവിധത്തിലുള്ള ബഹുദൈവാരാധനയിൽനിന്നും ബിദ്അത്തുകളിൽനിന്നും സൃഷ്ടിപൂജയിൽനിന്നും വിമുക്തമാണ്. ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ചുള്ള അതിന്റെ പ്രകടനം ജിജ്ഞാസ നിറഞ്ഞതാണ്. ദൈവത്തിന്റെ മഹത്ത്വവും ആദരണീയനായ നാഥന്റെ പരിപൂർണ്ണതയുള്ളതുമാണ്. ദൈവത്തിന്റെ ഏകത്വം കൊണ്ട് അത് നിറഞ്ഞിരിക്കുന്നു. സ്രഷ്ടാവിനെ സംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള ന്യൂനതയോ, അവന്റെ ഗുണങ്ങൾക്ക് ചേരാത്തതായോ ഒന്നുമില്ല. അധികാരം മുഖേന മാത്രം ഏതെങ്കിലും സിദ്ധാന്തം അത് അടിച്ചേൽപ്പിക്കുന്നില്ല. അത് പഠിപ്പിക്കുന്ന എല്ലാ സത്യങ്ങൾക്കും ഉള്ള കാരണങ്ങൾ നിരത്തിവെക്കുന്നു. എല്ലാ ഉദ്ദേശ്യങ്ങളും തെളിവുകളോടും വാദഗതികളോടും അത് സ്ഥാപിക്കുന്നു. ഓരോ സിദ്ധാന്തത്തിന്റെയും സത്യത്തിനുള്ള കാരണങ്ങൾ അത് നിരത്തിവയ്ക്കുന്നു. അങ്ങനെ മനസ്സിന്റെ സമഗ്രമായ ദൃഢനിശ്ചയത്തിലെത്തിക്കുന്നു. അതിൽ പൂർണമായ വിവേകവുമുണ്ട്.

ജനങ്ങളുടെ സിദ്ധാന്തങ്ങളെ ബാധിക്കുന്ന തിന്മകളെ അതകറ്റുന്നു. പ്രവൃത്തികളുടേയും വാക്കുകളുടേയും പ്രവർത്തനങ്ങളുടെയും തിന്മകളെ അകറ്റുന്നുവെന്നു മാത്രമല്ല തിളങ്ങുന്ന ബുദ്ധിപരമായ ന്യായവാദം നടത്തുന്നു. മനുഷ്യർക്കാവശ്യമായ അറിവും സൽപെരുമാറ്റവും അത് പഠിപ്പിക്കുന്നു. ഓരോ അഴിമതിയേയും അഴിമതിക്ക് കാരണമായ പ്രചോദനങ്ങളെയും അത് അകറ്റുന്നു. അതിന്റെ അധ്യാപനം ശക്തവും നേർക്കുനേരെയുള്ളതും സുരക്ഷിതവുമാണ്. അത് പ്രകൃതിനിയമത്തിന്റെ ഒരു കണ്ണാടിയിലെന്നപോലെ അതിന്റെ സത്യമായ പ്രതിഫലനവുമാണ്. ഹൃദയത്തിന്റെ ഉൾക്കാഴ്ചയെ പ്രബുദ്ധമാക്കുന്ന ഒരു സൂര്യനാണത്. ബുദ്ധിയുടെ തത്ത്വങ്ങളുടെ വിശദീകരണങ്ങൾ വിവരിച്ചുകൊണ്ട് അതിന്റെ ന്യൂനതകൾ തിരുത്തുന്നു.

വെളിപാട് ഗ്രന്ഥങ്ങളാണെന്നു പറയപ്പെടുന്ന മറ്റു ഗ്രന്ഥങ്ങൾ അതിന്റെ ഇപ്പോഴത്തെ അവസ്ഥയിൽ പരിപൂർണ്ണഗുണങ്ങളിൽനിന്ന് വിമുക്തമാണ്. ദൈവത്തിന്റെ അസ്തിത്ത്വത്തേയും ഗുണങ്ങളേയും സംബന്ധിച്ച് തെറ്റായ ധാരണകൾ ഉൾക്കൊള്ളുന്നു. ഈ ഗ്രന്ഥങ്ങളുടെ അനുയായികൾ വിചിത്രമായ സിദ്ധാന്തങ്ങൾ വെച്ചുപുലർത്തുന്നു. ദൈവം സ്രഷ്ടാവും സർവ്വശക്തനുമാണെന്ന കാര്യം നിഷേധിക്കുകയും അവനു പങ്കുകാരെ ചേർക്കുകയും അവർ അനന്തരും സ്വയം നിലനില്ക്കുന്നവരുമാണെന്ന് വിശ്വസിക്കുകയും ചെയ്യുന്നു. ചിലർ ദൈവത്തിന് ബിംബങ്ങളെയും പ്രതിരൂപങ്ങളേയും ആരാധ്യവസ്തുക്കളേയും പങ്കുകാരായി ചേർക്കുന്നു. അവന്റെ രാജ്യം ഭരിക്കുന്നവരായി അവരെ കണക്കാക്കുന്നു. ചിലർ അവനെ ചീങ്കണ്ണിയുടെയും ആമയുടെയും രൂപത്തിൽ ആരാധിക്കുന്നു. അവർ തമ്മിൽ തമ്മിൽ മുന്നോട്ടു ഓടുകയാണ്, പരിപൂർണ്ണമായ അസ്തിത്വം അങ്ങേയറ്റം നിർഭാഗ്യവാനാണെങ്കിൽ അവന് മനുഷ്യന്റെ ബുദ്ധി അംഗീകരിക്കുന്ന സമഗ്രതയിൽ എത്താൻ സാധിക്കുന്നില്ല. ജനങ്ങൾ ഇത്തരം വ്യാജമായ സിദ്ധാന്തങ്ങളിൽ കുടുങ്ങുകയും വളരെ ദുരിതങ്ങളിലകപ്പെടുകയും ചെയ്തല്ലോ എന്നോർത്ത് എന്റെ ഹൃദയം വിറകൊള്ളുകയും ഉരുകുകയും ചെയ്യുന്നു. അവരുടെ മാർഗ്ഗദർശനത്തിന് ഈ ഗ്രന്ഥം എഴുതേണ്ടത് എന്റെ ചുമതലയും ബാദ്ധ്യതയുമാണെന്ന് കരുതുകയും ചെയ്യുന്നു. അത് ഞാൻ പൂർണ്ണമായും നിർവ്വഹിക്കും.' (ബറാഹീനെ അഹ്മദിയ്യാ റൂഹാനീ ഖസാഇൻ, വാല്യം 1, പേജ് 81–83)

**വിശുദ്ധഖുർആന്റെ സത്യത്തിനും**
**മേൽക്കോയ്മക്കുമുള്ള തെളിവ്**

വിശുദ്ധഖുർആന്റെ സത്യത്തിനും മേൽക്കോയ്മക്കുള്ള തെളിവ് നാലുവിധമാണ്. ഒന്ന് പരിഷ്കരിക്കാനാവശ്യമായ കാര്യങ്ങളിൽനിന്നുള്ള തെളിവ്. രണ്ടാമത്, പരിപൂർണ്ണമാക്കപ്പെടേണ്ട കാര്യങ്ങളിൽനിന്നുള്ള തെളിവ്. ദൈവത്തിന്റെ ശക്തി പ്രകടിപ്പിക്കാനുള്ള കാര്യങ്ങളിൽനിന്നുള്ള തെളിവ്. നാലാമത് പരോക്ഷമായ കാര്യങ്ങളിൽനിന്ന് നേടേണ്ടത്. വിശുദ്ധഖുർആന്റെ സത്യത്തിനും മേൽക്കോയ്മക്കുമുള്ള ആന്തരികമായ തെളിവും ദൈവികശക്തി പ്രകടമാക്കുന്ന കാര്യങ്ങളിൽനിന്ന് ലഭ്യമാണ്.

**പരിഷ്കരിക്കപ്പെടേണ്ട കാര്യങ്ങൾ**

പരിഷ്ക്കരിക്കപ്പെടേണ്ട കാര്യങ്ങൾ, സത്യമായ സിദ്ധാന്തങ്ങൾക്കും സാത്വികമായ പ്രവൃത്തിക്കും പകരമായി ജനങ്ങൾ കൈക്കൊണ്ടിട്ടുള്ള വ്യാജസിദ്ധാന്തങ്ങളാണ്. അത് വളരെ വിപുലമായ രീതിയിൽ വ്യാപിപ്പിക്കുന്നു. അത് പരിഷ്കരിച്ചെടുക്കാൻ ദൈവത്തോടപേക്ഷിച്ച് അവന്റെ അനുഗ്രഹം തേടേണ്ടിയിരിക്കുന്നു.

**ദൈവത്തിന്റെ ശക്തി**
**പ്രകടമാക്കുന്ന കാര്യങ്ങൾ**

രണ്ടുവിധമുണ്ട്. ഒന്ന്, ബാഹ്യമായത്, അതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്, മനുഷ്യന്റെ ആസൂത്രണം കൂടാതെ ദൈവം സൃഷ്ടിച്ചിട്ടുള്ള കാര്യങ്ങളാണ്. അവയോരോന്നിലും നിക്ഷിപ്തമാക്കിയിട്ടുള്ളത് ദൈവത്തിന്റെ പ്രതാപവും അന്തസ്സും മഹത്ത്വവും ബുദ്ധികൊണ്ടുമാത്രം അത് നേടാൻ അസാധ്യമാണ്. അതിന് തുല്യമായത് ലോകത്തെവിടേയും കണ്ടെത്താവുന്നതല്ല.

രണ്ടാമതായി, ആന്തരികമായത്, അതുകൊണ്ടുദ്ദേശിക്കപ്പെട്ടത് വെളിപാട് ഗ്രന്ഥത്തിന്റെ സൗന്ദര്യവും രൂപവും അർഥവുമാണ്. അതിന് തുല്യമായത് മനുഷ്യന്റെ കഴിവുകൾക്കതീതമാണ്. അത് അതുല്യവും നിസ്തുലവും അതുല്യനും സർവ്വശക്തനുമായ ഒരുവനിലേക്ക് ചൂണ്ടിക്കാണിക്കുന്നതുമാണ്. അത് ദൈവത്തിലേക്ക് ചൂണ്ടുന്ന കണ്ണാടിയുമാണ്.

പരോക്ഷമായ കാര്യങ്ങൾകൊണ്ട് ഉദ്ദേശിക്കുന്നത് ഒരു വ്യക്തിയുടെ നാവിൽനിന്നു വരുന്ന കാര്യങ്ങളാണ്. അദ്ദേഹത്തിന് ഉറപ്പാണ് അതിന്റെ വിശദീകരണം തന്റെ കഴിവുകൾക്കതീതമാണെന്ന്. അതായത്, അവയെ അയാളുടെ സാഹചര്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ വ്യക്തമാവുന്നത് അത് സ്വാഭാവികമല്ലെന്നും അത് നിരീക്ഷണം കൊണ്ടോ ചിന്ത കൊണ്ടോ പ്രാപ്യമല്ലെന്നും അതിനെ സംബന്ധിച്ച് പരിചയസമ്പന്നനായ ഒരാളിൽനിന്ന് ആർജ്ജിച്ചതല്ലെന്നും വേറൊരു മനുഷ്യന്റെ കഴിവിന്നതീതമാണെന്നും. അങ്ങനെ അവ ആക്ഷേപികമായ കാര്യങ്ങളാണെന്നും അതായത് അത് വേറെ ചില പ്രത്യേക വ്യക്തിയുമായി ബന്ധപ്പെടുത്തുമ്പോൾ അത് പരോക്ഷമായതാണെന്നും മനസ്സിലാകുന്നു. മറ്റു വ്യക്തികളുമായി ബന്ധപ്പെടുത്തുമ്പോൾ അവയ്ക്ക് ഈ ഗുണമില്ല.' (ബറാഹീനെ അഹ്മദിയ്യാ, റൂഹാനീ ഖസാഇൻ, വാല്യം 1, പേജ് 143-145)

**സാത്വികർക്കുള്ള മാർഗദർശനം:**

സമഗ്രമായ ജ്ഞാനം വിശുദ്ധഖുർആനെ മാത്രം ആശ്രയിച്ചിരിക്കുന്നുവെങ്കിൽ ദൈവം എന്തുകൊണ്ട് അത് ലോകത്ത് എല്ലാ രാജ്യങ്ങളിലും ജനവാസമുള്ള പുരാതനവും ആധുനികവുമായ എല്ലാ സ്ഥലങ്ങളിലും പ്രസിദ്ധപ്പെടുത്തിയില്ല എന്ന് ബ്രഹ്മസമാജികളിൽ ചിലർ ആക്ഷേപമുന്നയിക്കുന്നു. എന്തുകൊണ്ടാണ് ദൈവം ലക്ഷക്കണക്കിന് സൃഷ്ടികളെ സമഗ്രമായ ജ്ഞാനത്തിൽനിന്നും സത്യസിദ്ധാന്തത്തിൽനിന്നും വിനഷ്ടമാക്കിയത് എന്നും അവർ ചോദിക്കുന്നു.

അതിനുള്ള മറുപടിയെന്തെന്നാൽ ഈ ആക്ഷേപം ഉണ്ടായിത്തീരുന്നത് ഹ്രസ്വദൃഷ്ടി കാരണമാണ് എന്നാണ്. ചില ഇരുണ്ട സ്ഥലങ്ങളിൽ സൂര്യപ്രകാശം എത്തുന്നില്ല എന്നതും ചില ആളുകൾ മൂങ്ങയെപോലെ സൂര്യനുനേരെ കണ്ണടക്കുകയും ചെയ്യുകയാണെന്നങ്കിൽ ഇതിന്റെ അർഥം സൂര്യൻ ദൈവസൃഷ്ടിയല്ലെന്നാണോ? ചില വരണ്ട ഭൂമിയിൽ മഴ വീഴുന്നില്ല അല്ലെങ്കിൽ ഉപ്പുരസമുള്ള ചില പ്രദേശങ്ങളിൽ മഴയുടെ പ്രയോജനം ലഭിക്കുന്നില്ലായെങ്കിൽ അത് മഴ മനുഷ്യസൃഷ്ടിയാണെന്നാണോ? അങ്ങനെയുള്ള സംശയങ്ങൾ ദൂരീകരിക്കാൻ സർവ്വശക്തനായ ദൈവം വിശുദ്ധഖുർആനിൽ വ്യക്തമാക്കിയിരിക്കുന്നത് ദൈവിക വെളിപാടിന്റെ മാർഗദർശനം എല്ലാ ഓരോ പ്രകൃതിഗുണങ്ങളുമുള്ളവർക്കല്ലെന്നും സാത്വികതയുടെ ഗുണമുള്ള പരിശുദ്ധ പ്രകൃതിയുള്ളവർക്കാണെന്നുമാണ്. അങ്ങനെയുള്ള ആളുകൾ മാത്രമാണ് വെളിപാടിന്റെ സമഗ്ര മാർഗദർശനത്തിൽനിന്ന് പ്രയോജനം നേടുന്നത്. ഏതു കാര്യത്തിലായാലും ദൈവിക വെളിപാട് അവർക്കെത്തുന്നു. ഈ അവസരത്തിൽ വിശുദ്ധഖുർആനിലെ താഴെകൊടുത്ത വചനങ്ങളിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്.

"*അലിഫ് ലാം മീം*- ഞാൻ അല്ലാഹു ഏറ്റവും നന്നായി അറിയുന്നവൻ. ഇത് പരിപൂർണഗ്രന്ഥമാണ്. ഇതിൽ ഒരു സംശയവുമില്ല. ദോഷബാധയെ സൂക്ഷിക്കുന്നവർക്ക് ഇത് മാർഗദർശകമാകുന്നു.

അദൃശ്യ(കാര്യ)ങ്ങളിൽ വിശ്വസിക്കുകയും നമസ്കാരം നിലനിറുത്തുകയും നാം അവർക്ക് നല്കിയിട്ടുള്ളതിൽനിന്ന് ചെലവഴിക്കുകയും ചെയ്യുന്നവരത്രെ അവർ.

നിനക്ക് അവതരിപ്പിച്ചതന്നതിലും നിനക്കു മുമ്പേ അവതരിപ്പിക്കപ്പെട്ടതിലും വിശ്വസിക്കുന്നവരുമാണവർ. പരലോക(ജീവിത)ത്തിൽ അവർ ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നു.

അവർ തങ്ങളുടെ നാഥനിൽനിന്നുള്ള സന്മാർഗത്തിലാകുന്നു. അവർ തന്നെയാണ് വിജയികൾ.

(സത്യത്തെ മനഃപൂർവ്വം) നിഷേധിച്ചവരാരോ അവർക്ക് നീ മുന്നറിയിപ്പ് നൽകുന്നതും നല്കാതിരിക്കുന്നതും അവരെ സംബന്ധിച്ചിടത്തോളം സമമാണ്. (ഈ ചിന്തക്ക് മാറ്റം വരുന്നതുവരെ) അവർ വിശ്വസിക്കുകയില്ല.

അല്ലാഹു അവരുടെ ഹൃദയങ്ങൾക്കും ചെവികൾക്കും മുദ്ര വച്ചിരിക്കുന്നു. അവരുടെ കണ്ണുകളിന്മേൽ ഒരു മറയുണ്ട്. അവർക്ക് വലിയ ശിക്ഷയുമുണ്ടായിരിക്കുന്നതാണ്. (2:2-8)

വീണ്ടും "അവനത്രെ അക്ഷരജ്ഞാനമില്ലാത്ത ആ ജനതയിൽ (അറബികളിൽ) അവരിൽ നിന്നുള്ള ഒരു ദൂതനെ എഴുന്നേല്പിച്ചിട്ടുള്ളത്. ആ ദൂതൻ അവന്റെ വചനങ്ങൾ അവർക്ക് വായിച്ചുകേൾപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും അവർക്ക് ഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു; ഇതിനുമുമ്പേ അവർ സ്പഷ്ടമായ വഴികേടിലായിരുന്നുവെങ്കിലും.

അവരോടൊപ്പം ഇതേവരെ ചേർന്നിട്ടില്ലാത്ത അവരിൽ നിന്നുള്ള മറ്റൊരു ജനതയിലും (അവൻ ദൂതനെ എഴുന്നേല്പിക്കുന്നതാണ്). അവൻ പ്രതാപവാനും അഗാധജ്ഞനുമാകുന്നു.

അത് അല്ലാഹുവിന്റെ അനുഗ്രഹമാകുന്നു. താനുദ്ദേശിക്കുന്നവർക്ക് അവനതു നല്കുന്നു. അല്ലാഹു മഹത്തായ അനുഗ്രഹത്തിന്റെ നാഥനത്രെ." (62:3-5)

ഒരാൾ ആദ്യം കൊടുത്ത സൂക്തത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കണം. അലിഫ്, ലാം, മീം. അവൻ അല്ലാഹു ഏറ്റവും അറിയുന്നവനാകുന്നു. ഇതിൽ ഒരു സംശയവുമില്ല. ദോഷബാധയെ സൂക്ഷിക്കുന്നവർക്ക് ഇത് മാർഗദർശനമാകുന്നു. (2:2,3)

ആക്ഷേപത്തിനു മറുപടിയായി എത്ര നല്ല നിലയിലും മനോഹരമായും സൂക്ഷ്മമായുമാണ് സർവ്വശക്തനായ ദൈവം ആക്ഷേപകരെ നേരിട്ടത്. ആദ്യത്തെ പരാമർശം വിശുദ്ധഖുർആനിന്റെ കർത്തവ്യത്തെക്കുറിച്ചാണ്. അവന്റെ മഹത്ത്വവും പ്രതാപവും എടുത്തുകാണിച്ചിരിക്കുന്നു.

ഞാൻ അല്ലാഹു എല്ലാം അറിയുന്നവനാകുന്നു (2:2)

ഞാൻ അല്ലാഹു, ഏറ്റവും നല്ലപോലെ അറിയുന്നു. അതായത്, സർവ്വജ്ഞനും യുക്തിജ്ഞനുമാണ് ഞാൻ. ഏതൊരുവന്റെ ജ്ഞാനം മറ്റുള്ള ആരുടേയും ജ്ഞാനവുമായി തുല്യതയില്ലാത്തവൻ. അവനാണ് ഈ ഗ്രന്ഥം വെളിപ്പെടുത്തിത്തന്നിരിക്കുന്നത്.

പിന്നെ വിശുദ്ധഖുർആനിന്റെ മാഹാത്മ്യം പരാമർശിച്ചുകൊണ്ടിങ്ങനെ പറയുന്നു. ദാലിക്കൽ കിത്താബ് (2:3)

ഇതാണ് ആ ഗ്രന്ഥം, അതായത് മഹത്തായതും മഹോന്നതവുമായ ഗ്രന്ഥം. അത് ദൈവികജ്ഞാനത്തിൽനിന്ന് വന്നതാണ്. അതിനെക്കുറിച്ച് സ്ഥാപിക്കപ്പെട്ടിരിക്കുന്നു, അതിന്റെ ഉറവിടവും അരുവിയും യുക്തിജ്ഞനായ ശാശ്വതസത്തയിൽനിന്നുള്ളതാണ് എന്ന്.

ആ എന്ന വാക്ക് ദൂരത്തെ കാണിക്കുന്നു. സർവ്വശക്തനായ ദൈവം ചൂണ്ടിക്കാണിക്കുന്നത് എല്ലാ ഗുണങ്ങളുമുള്ള സത്തയുടെ ജ്ഞാനത്തിൽനിന്നാണ് ഈ ഗ്രന്ഥം വന്നിട്ടുള്ളത് എന്നാണ്. അവൻ തുല്യതയില്ലാത്തവനും നിസ്തുലമായവനും അവന്റെ സമഗ്രജ്ഞാനവും അഗാധമായ നിഗൂഢതകളും മനുഷ്യദൃഷ്ടിയിൽനിന്നും മനുഷ്യന്റെ പരിമിതികളിൽനിന്നും വളരെ വിദൂരമാണെന്നുമാണ്.

പിന്നെ അതിന്റെ രൂപവും ഘടനയും സ്തുത്യർഹമാണെന്നും വിവരിക്കുന്നു. അതിൽ ഒരു സംശയവുമില്ല. (2: വചനം 3)

വിശുദ്ധഖുർആ്ന്റെ ഉള്ളടക്കം വളരെ ബുദ്ധിപൂർവ്വകമാണ്. അതിൽ ഒരുവിധ സംശയത്തിനും ഇടയില്ല. അതിന്റെ അർഥം മറ്റു ഗ്രന്ഥങ്ങളെപോലെ അത് വെറും കഥയല്ല. അത് വളരെ ബുദ്ധിപൂർവ്വകവും നിർണായകവുമായ വാദഗതികൾ അടങ്ങിയതാണ്. അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായ വ്യക്തമായ തെളിവുകൾ അത് മുന്നോട്ടുവയ്ക്കുന്നു. സംശയദൂരീകരണത്തിനുള്ള ഒരു വാൾപോലെ സ്വയം പ്രവർത്തിക്കുന്ന ഒരു അത്ഭുതമാണത്. ദൈവത്തെ തിരിച്ചറിയാനുള്ള കാര്യം ഊഹാധിഷ്ഠിതമായ ഉണ്ടായിരിക്കണം എന്ന ഘട്ടത്തിൽനിന്നും അവനുണ്ട് എന്ന ദൃഢജ്ഞാനത്തിലേക്ക് അത് നയിക്കുന്നു. ഫലവും പരിഷ്കരണവുമായി ബന്ധപ്പെട്ട ഉദ്ദേശ്യങ്ങളുടെ മഹത്ത്വം കൂടാതെ അതിന്റെ അന്തിമലക്ഷ്യമായ നാലാമത്തെ ഉദ്ദേശ്യത്തെ നിർവചിക്കുന്നു. അതായത് സാത്വികർക്കുള്ള മാർഗദർശനമാണ്. അത് പ്രഖ്യാപിക്കുന്നത്

*ഹുദല്ലിൽ മുത്തഖീൻ* (2:3)

ഈ ഗ്രന്ഥം വെളിപ്പെടുത്തപ്പെട്ടിരിക്കുന്നത് തങ്ങളുടെ പരിശുദ്ധമായ ആന്തരികാവസ്ഥകളും സ്വബോധമുള്ള ബുദ്ധികൊണ്ടും ഉറച്ച ബുദ്ധിവൈഭവംകൊണ്ടും സത്യാന്വേഷണ തൽപരതയാലും ശരിയായ ഉദ്ദേശ്യം കൊണ്ടും ഒടുവിൽ വിശ്വാസത്തിന്റെ ഉന്നത പദവിയിലെത്തുകയും ദൈവത്തെ തിരിച്ചറിയുകയും സമഗ്രമായ സാത്വികതയിലെത്തുകയും ചെയ്യുന്ന സാത്വികരുടെ മാർഗദർശനാർഥമാണ്.

(തുടരും)

**ഹദീഥുന്നബ്‌വി (സ):**

***സ്വന്തം കൈകൊണ്ടു സമ്പാദിച്ച ഭക്ഷണത്തെക്കാൾ ഉത്തമമായ ഒരു ഭക്ഷണവുമില്ല. (സ്വഹീഹ് ബുഖാരി, കിതാബുൽബുയൂഅ്)***

**കലാമുൽ ഇമാം:-**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "അല്ലാഹുവിനോടുണ്ടാകേണ്ട സത്യസന്ധത, കൂറ്, ആത്മാർഥത, സ്നേഹം അല്ലാഹുവിലുള്ള സമർപ്പണം ഒന്നും ഇല്ലാതായിപ്പോയിരിക്കുന്നു."(മൽഫൂദാത്ത് വാല്യം 6 പേജ് 352)**

**ത്വാലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

(പേജ് 2ൽനിന്ന്)

സ്ഥാപിക്കുന്നതിനു വേണ്ടി ഇദ്ദേഹം മേയറോടൊപ്പം ചേർന്ന് പ്രവർത്തിക്കുന്നു.

അദ്ദേഹം ഹുദൂറിന് നന്ദി പറഞ്ഞു. ഹുദൂർ ഞാൻ വിചാരിക്കുന്നത് ഇന്ന് ചെയ്തുകൊണ്ടിരിക്കുന്ന ഈ യുദ്ധം എങ്ങനെയുള്ളാതണെന്നാൽ ഇതിൽ എല്ലാ നെഗറ്റീവായിട്ടുള്ള ശക്തികളും യുവതലമുറയുടെമേൽ ആക്രമണം നടത്തുകയാണ്. അതുകൊണ്ട് നമ്മൾ യുവതലമുറയെ വളരെയധികം ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ഞങ്ങളുടെ ഇവിടെ കഴിഞ്ഞ രണ്ടുവർഷത്തെ അപേക്ഷിച്ച് ഇരട്ടി സംഖ്യയിൽ യുവാക്കളിൽ കൊലപാതകം അല്ലെങ്കിൽ കൊലപാതകശ്രമത്തിന് കേസ് രേഖപ്പെടുത്തിയിരിക്കുന്നു. നമ്മുടെ യുവതലമുറയെ വളരെയേറെ ശ്രദ്ധിക്കേണ്ടതുണ്ട്. ഞാൻ അങ്ങയ്ക്ക് നന്ദി പറയുന്നു. അങ്ങയെ കാണാനും സംസാരിക്കാനും സാധിച്ചത് എനിക്ക് വളരെയധികം ബഹുമതിയാണ്.

ഹുദൂർ ചോദിച്ചു: ഇത് വർധിക്കാനുള്ള കാരണമെന്താണ്?

അവർ പറഞ്ഞു: ഞാൻ പരിശോധിച്ചിടത്തോളം ഞങ്ങളുടെ ബാൾട്ടിമോർ നഗരത്തിൽ ഇത്തരം സംഭവങ്ങൾ വർധിക്കാൻ കാരണം യുവാക്കളിലുണ്ടായിരിക്കുന്ന നിരാശയാണ്. ബാൾട്ടിമോറിലെ 24% ആളുകൾ ദാരിദ്ര്യത്തിലാണ് കഴിയുന്നത്. സാമ്പത്തികമായ അവസ്ഥ മറ്റൊരു കാരണമാണ്. തൊഴിലില്ലായ്മ വർധിക്കുന്നു.

ഹുദൂർ ചോദിച്ചു: തൊഴിലില്ലാത്തവർക്കുവേണ്ടി എന്തെങ്കിലും സാമൂഹികമായ സഹായ വ്യവസ്ഥിതി നിലവിലുണ്ടോ?

മേയർ പറഞ്ഞു: ഞങ്ങൾക്ക് ഇവിടെ ഒരുപാട് വെല്ലുവിളികൾ നേരിടേണ്ടി വരുന്നുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസകാര്യങ്ങളിൽ ഞങ്ങൾ ഒരുപാട് ശക്തി ചെലുത്തുന്നുണ്ട്. വിദ്യാർഥികളിൽ ലഹരിപദാർഥങ്ങളുടെ ഉപയോഗത്തെ സംബന്ധിച്ചും ഒരുപാട് ജോലി ആവശ്യമുണ്ട്.

ഹുദൂർ: അപ്പോൾപിന്നെ ലഹരിയുടെ ഇഷ്യൂ ഉണ്ട്. വിദ്യാഭ്യാസ പ്രശ്നങ്ങളുണ്ട്. സാമ്പത്തികപ്രശ്നങ്ങളുണ്ട്. തൊഴിലില്ലായ്മയുണ്ട്. തുടർന്നു പറഞ്ഞു, സോഷ്യൽ മീഡിയയും അസ്വസ്ഥത പരത്തുന്നതിൽ വലിയൊരു പങ്കുവഹിക്കുന്നുണ്ട്. ഫാമിലി സ്ട്രെക്ചറിനെ അത് ബാധിക്കുന്നു. എല്ലാ ഓരോരുത്തരും തങ്ങളുടെ മൊബൈലുകളിൽ മുഴുകിയിരിക്കുന്നു.

കെനിയായിലെ എംബസിയിൽനിന്ന് എക്ണോമിക് കൗൺസിലറും പങ്കെടുത്തിരുന്നു. അദ്ദേഹം തന്നെ പരിചയപ്പെടുത്തി. ഹുദൂർ അദ്ദേഹത്തിന് നന്ദി പറഞ്ഞു. **(തുടരും)**

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ**

**പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.

വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

(പേജ് 8ൽനിന്ന്)

ന്നു: ഈ ഉപദേശം ഞാൻ എന്റെ ചുമതലയായി സ്വീകരിച്ചു. പിന്നീട് ഒരിക്കൽ അദ്ദേഹം അല്ലാഹുവിന്റെ സഹായത്തിന്റെ സംഭവം വിവരിച്ചു. പറയുന്നു: സിയറലിയോണിലെ വിദൂരപ്രദേശത്ത് ദീർഘദൂരം നടന്നും വഞ്ചിയിൽ യാത്ര ചെയ്തും വൈകുന്നേരത്ത് ഒരു ജനവാസമുള്ളിടത്ത് എത്തി. വൃദ്ധനായ ഒരു ആഫ്രിക്കൻ അഹ്മദിയും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. അവിടെ എത്തിയപ്പോൾ അവിടുത്തെ ചീഫ് അവിടെ ഉണ്ടായിരുന്നില്ല. അതുകൊണ്ട് അദ്ദേഹത്തിന്റെ നിയമവും പാരമ്പര്യവുമനുസരിച്ച് ചീഫ് ഇമാമിന്റെ അടുത്തുപോയി. ചീഫ് ഇമാം കാര്യം കേൾക്കാൻ സന്നദ്ധനായില്ല; ഗ്രാമത്തിൽനിന്ന് പുറത്താക്കി. നേരം ഇരുട്ടുകയായിരുന്നു. താമസിക്കാൻ ഇടമൊന്നുമുണ്ടായിരുന്നില്ല. തിരിച്ചു നടക്കാൻ തുടങ്ങി. അല്പം ദൂരെ ഗ്രാമത്തിൽനിന്ന് വനപ്രദേശം തുടങ്ങുകയായിരുന്നു. അവിടെ കടലിലെ അല്ലെങ്കിൽ നദിയിലെ വെള്ളം കയറുന്ന സ്ഥലമായിരുന്നു. അദ്ദേഹം പറയുന്നു: ഞാൻ നടക്കുകയായിരുന്നു. വളരെ പ്രയാസമുണ്ടായിരുന്നു. ആ നേരത്ത് ഒരു ഭാഗത്തുനിന്ന് ഒരു മനുഷ്യൻ വിളിക്കുന്നുണ്ടായിരുന്നു. അയാൾ ഉയർന്ന സ്ഥലത്ത് ഇരിക്കുകയായിരുന്നു. പിന്നീട് അയാൾ ഞങ്ങൾക്ക് തന്റെ കുടിലിൽ അഭയം നല്കി. കുറച്ചുനേരത്തിനുശേഷം കുറെയാളുകളുടെ ശബ്ദം വരാൻ തുടങ്ങി. ആളുകൾ ഞങ്ങളെ വിളിക്കുകയായിരുന്നു. ചീഫ് ഇമാം നിങ്ങളെ തിരിച്ചുവിളിക്കുന്നുവെന്ന് അവർ വിളിച്ചുപറയുകയായിരുന്നു. കാരണം നിങ്ങളെ അദ്ദേഹം പുറത്താക്കിയതു മുതൽ നിങ്ങൾ പോയതുമുതൽ അദ്ദേഹത്തിന് കഠിനമായ തലവേദന തുടങ്ങി. അപ്പോൾ അവരെ തിരിച്ചുവിളിക്കാൻ അദ്ദേഹം പറഞ്ഞു; അവർ കാരണമാകാം തനിക്ക് തലവേദനയുണ്ടായത്. അങ്ങനെ ഇവർ തിരിച്ചുപോയി. അയാൾ ഗ്രാമവാസികളെ എല്ലാം വിളിച്ചുവരുത്തി. അവിടെ രാത്രിയിൽ ഞങ്ങൾ തബ്‌ലീഗ് ചെയ്തു. 10, 12 പേർ അഹ്മദിയ്യത്ത് സ്വീകരിച്ചു. ചീഫ് ഇമാമിന്റെ ശിഫായ്ക്കുവേണ്ടി ഞങ്ങൾ സൂറഃഫാത്തിഹ ഓതി ഊതി. അല്ലാഹുവിന്റെ കൃപയാൽ അദ്ദേഹത്തിന്റെ തലവേദന നീങ്ങി. ഇപ്രകാരം അല്ലാഹുതന്നെ അവരുടെ താമസത്തിനുള്ള ഏർപ്പാട് ചെയ്തു. ഇതുമാത്രമല്ല ബയ്അത്തുകളും നല്കി.

അവിടെ അദ്ദേഹത്തിന് സിയറലിയോണിൽ പ്രിന്റിംഗ് പ്രസ് തുടങ്ങുന്നതിന് അവസരം കിട്ടി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) അവിടെ പ്രത്യേക മെഷിനുകൾ അയപ്പിച്ചു. അത് അവിടെ പ്രവർത്തിപ്പിച്ചു. അക്കാലത്ത് ആദ്യം അവിടെ പ്രസ് വിജയിച്ചിരുന്നില്ല. എന്തായാലും ഇവിടെ അത് വളരെ വിജയപ്രദമായി നടത്തി. ആ പ്രസ് കാരണത്താൽ ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) അദ്ദേഹത്തെ ഒരുപാട് പ്രശംസിച്ചിട്ടുണ്ട്. പിന്നീട് നൈജീരിയായിൽ അദ്ദേഹം നിയമിതനായിട്ടും അവിടേയും അദ്ദേഹം പ്രസ് തുടങ്ങി. വിജയകരമായ നിലയിൽ പ്രസ് പ്രവർത്തിപ്പിച്ചു. എന്നല്ല, അതിനിടയിൽ ഒരു അപകടവുമുണ്ടായി. ജോലി ചെയ്ത് ചെയ്ത് പ്രസിന്റെ മെഷീനിൽപെട്ട് അദ്ദേഹത്തിന്റെ ഒരു വിരൽ മുറിഞ്ഞുപോയി. വലിയ ചികിത്സ നടത്തിച്ചു. പക്ഷേ, സുഖം പ്രാപിച്ചിരുന്നില്ല. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് ഇതറിഞ്ഞപ്പോൾ അവിടന്ന് അദ്ദേഹത്തോട് ലണ്ടനിൽവന്ന് ചികിത്സ നടത്താൻ പറഞ്ഞു. പിന്നീട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖമാകുകയും ചെയ്തു. പിന്നീട് റഖീം പ്രസ് ഇവിടെ സ്ഥാപിതമാകണമായിരുന്നു. ഇദ്ദേഹം ഇവിടെ ഉണ്ടായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് പറഞ്ഞു. താങ്കൾ ഇവിടെ പ്രസ്സ് സ്ഥാപിക്കാൻ ശ്രമിക്കുക. ഒരു കമ്മിറ്റിക്ക് രൂപം നല്കി. അതിൽ മുസ്തഫാ ഥാബിത് സാഹിബും മുബാറക് സാഖീ സാഹിബും ഉണ്ടായിരുന്നു. അതിൽ ഇദ്ദേഹത്തേയും ചേർത്തു. പിന്നീട് ഇവിടെ ആ സമയം മുതൽ പ്രസ്സും ദൈവകൃപയാൽ നടന്നുവരുന്നു.

17 വർഷം അദ്ദേഹത്തിന് ആഫ്രിക്കൻ രാജ്യങ്ങളായ സിയറലിയോണിലും നൈജീരിയായിലും സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. പിന്നീട് 1988 –ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ആഫ്രിക്കൻ പര്യടനത്തിനിടയിൽ അദ്ദേഹത്തോടു പറഞ്ഞു കാമറൂണിൽ പോകുക. അവിടെ ജമാഅത്തു നടത്തുക. വളരെ പ്രയാസപ്പെട്ടാണ് അദ്ദേഹത്തിന് വിസ കിട്ടിയത്. ഇദ്ദേഹം അവിടെ പോയി ഒരു മാസത്തോളം കാമറൂണിൽ താമസിച്ചു. അവിടെ തബ്‌ലീഗ് ചെയ്യാനുള്ള അവസരവും കിട്ടി. റേഡിയോവിൽ അദ്ദേഹത്തിന്റെ ഇന്റർവ്യൂ പ്രക്ഷേപണം ചെയ്തു. അല്ലാഹുവിന്റെ കൃപയാൽ പര്യടനത്തിനിടയിൽ ഒരു കുടുംബത്തിന് ബയ്അത്ത് ചെയ്യാൻ തൗഫീഖ് കിട്ടി. 1988ൽ അദ്ദേഹം തിരിച്ച് പാക്കിസ്താനിൽ വന്നു. പിന്നീട് ലാഹോറിൽ മുറബ്ബി എന്ന നിലയിൽ സേവനം ചെയ്തു. ഇവിടേയും വിവിധ അവസരങ്ങളിൽ ജൽസയ്ക്ക് വരുമായിരുന്നു. പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫീസിൽ വിവിധ സേവനങ്ങൾ ചെയ്തുകൊണ്ടിരുന്നു. 1991ൽ നുസ്റത്ത് ആർട്ട് പ്രസ്സിന്റെ മാനേജർ എന്ന നിലയിൽ സേവനത്തിന് തൗഫീഖ് കിട്ടി. കുറച്ചുകാലം സ്ട്രോക്ക് കാരണത്താൽ സുഖമില്ലായിരുന്നു. ഇപ്പോൾ അദ്ദേഹം റിട്ടയേർഡ്മെന്റും വാങ്ങി.

അല്ലാഹു അദ്ദേഹത്തോടും കരുണയോടും പൊറുക്കലിനോടും കൂടി പെരുമാറട്ടെ. ദർജകൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന് ഒരു മകളുണ്ട്. അവർക്കും ക്ഷമയും സഹനവും നല്കുമാറാകട്ടെ. ഭാര്യയ്ക്കും ക്ഷമയും സഹനവും നല്കുമാറാകട്ടെ.

## നിങ്ങൾക്കുമെഴുതാം

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചുതരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും. അയക്കേണ്ട വിലാസം:

മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,
'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,
അടുത്തില, പഴയങ്ങാടി,
കണ്ണൂർ 670 303.
ismayeel.ha@gmail.com

**അല്ലാഹുവിന്റെ കലാം:**

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'**
**(2:43)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**'ഭൗതികശക്തികൾ ഇസ്‌ലാം–അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 24 October 2019 Issue-43

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# റബ്‌വ(പാക്കിസ്താൻ)യിലെ ആദ്യരാത്രി

കൂടാരങ്ങളും ചാർത്ത് കെട്ടുന്നതിനുള്ള സാധനസാമഗ്രികളും കയറ്റിയിരുന്ന ഞങ്ങളുടെ ട്രക് വൈകുന്നേരം 7 മണിയോടടുത്ത് ആ മണ്ണിലെത്തി. അല്ലാഹു പാക്കിസ്താനിൽ ഇസ്‌ലാമിന്റെ പുനരുജ്ജീവനത്തിനുള്ള കേന്ദ്രം പ്ലാൻ ചെയ്തു. ആ ട്രക്കിൽ ഡ്രൈവറും രണ്ട് ജോലിക്കാർക്കും പുറമെ മൗലവി മുഹമ്മദ് സിദ്ദീഖ് സാഹിബ് മൗലവി ഫാളിലുമുണ്ടായിരുന്നു. ചിനാബിലെ പാലത്തിന്റെ സൂക്ഷിപ്പുകാരനായ പട്ടാളക്കാരനും വൈകുന്നേരം ആ റോഡിലൂടെ നടന്നുപോകുന്ന വഴിയാത്രക്കാരുമുണ്ടായിരുന്നു. അവർ അത്ഭുതത്തോടെ ഞങ്ങളെ നോക്കുന്നുണ്ടായിരുന്നു; ഇവർ ഇവിടെ എന്താണ് ചെയ്യുന്നത്? എന്നാൽ, അല്ലാഹുവിന്റെ കൃപയാൽ ഞങ്ങൾ വളരെ സമാധാനത്തോടും ശാന്തിയോടുംകൂടി ട്രക്കിൽനിന്ന് ഞങ്ങളുടെ സാധനങ്ങൾ ഇറക്കുന്നതിൽ വ്യാപൃതരായി. സാധനങ്ങളെല്ലാം ഇറക്കിക്കഴിഞ്ഞപ്പോൾ ഡ്രൈവറേയും തൊഴിലാളികളേയും പറഞ്ഞുവിട്ടു. അക്കാലത്ത് മൈലുകളോളം ഈ പ്രദേശം തികച്ചും ശൂന്യാവസ്ഥയിലായിരുന്നു ഞങ്ങളുടെ മുമ്പിലുണ്ടായിരുന്നത്. വലതുഭാഗത്ത് വലിയ റോഡുണ്ടായിരുന്നു. ഇതിൽ രാത്രിനേരത്ത് ട്രാഫിക് പൂർണമായിരിക്കും. ഇടതുഭാഗത്ത് റെയിൽവെ ലൈനാണ്. അത് മലനിരകളുടെ ഇടയിലൂടെ വളഞ്ഞ് ചീനിയോട്ട് ഭാഗത്തേക്കും സർഗോദ ഭാഗത്തേക്കും പോകുന്നു. എന്നാൽ, രാത്രിയിൽ ഇതിലൂടെ ഒരു വണ്ടിയും പോകാറില്ല. പകൽ മാത്രം ഒരു വണ്ടി വരികയും പോകുകയും ചെയ്യുന്നു. രാത്രി 9 മണിയായിരുന്നു.

എന്റെ യജമാനരായ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) പറഞ്ഞ ആ പ്രത്യേക സ്ഥലത്താണ് ഞാൻ സാധനങ്ങൾ ഇറക്കിയത്. അടുത്ത ദിവസം ഹുദൂർ ഖുദ്ദാമിനോടൊപ്പം വരാൻ പോകുകായിരുന്നു. അതുകൊണ്ട് കൂടാരങ്ങളും ചാർത്തുകെട്ടാനുള്ള സാധനങ്ങളുമൊക്കെ ഞങ്ങൾ സ്വയം നാട്ടണമായിരുന്നു. എന്നാൽ, ആ കാട്ടിൽ ആദ്യരാത്രിയുടെ സങ്കല്പം കുറച്ചു ഭയാനകവും കുറച്ച് ആസ്വാദ്യകരവും മനോഹരവുമായിരുന്നു. ഇവിടുത്തെ ഗ്രാമവാസികൾ ഭൂരിഭാഗവും മൃഗങ്ങളേക്കാൾ ഒട്ടും കുറവല്ല എന്നു കേട്ടിരുന്നതാണ് ഭയത്തിന് കാരണം. പിന്നെ ഈ പ്രദേശത്ത് പാമ്പ്, തേൾ, കുറുക്കൻ, ചിലപ്പോൾ കരടികളും ഉണ്ടാകുമായിരുന്നു. ഇങ്ങനെയുള്ള വല്ലാത്ത ചിന്തകളാണ് വന്നുകൊണ്ടിരുന്നത്. എന്നാൽ, ഇതിനെക്കാളൊക്കെ മാധുര്യമേറിയ അവസ്ഥയുണ്ടായിരുന്നു. അത് അകൃഷ്ടമായ ഈ താഴ്‌വര ഒരു നാൾ ജനക്കൂട്ടത്തിന്റെ കേന്ദ്രമാകാൻ പോകുന്നുവല്ലോ എന്നതായിരുന്നു. ഞങ്ങളിരുവരും അല്ലാഹുവിന് ശുക്ർ ചെയ്തുകൊണ്ടിരുന്നു. അവനാണ് ഞങ്ങൾക്ക് ആദ്യത്തെ താമസക്കാരിൽ ഉൾപ്പെടാനുള്ള തൗഫീഖ് പ്രദാനം ചെയ്തത്.

രാത്രി ഇരുണ്ടുപോകുകയായിരുന്നു. ഞങ്ങളുടെ ഹൃദയമിടിപ്പും വർധിച്ചുകൊണ്ടിരുന്നു. ഞങ്ങൾ ചീനിയോട്ടിൽനിന്നു വരുമ്പോൾ, മൂന്നുനാല് ആൺകുട്ടികളുടെ കൈയിൽ ഒരു റാന്തലുകൊടുത്തുവിടാൻ തഅലീമുൽ ഇസ്‌ലാം ഹൈസ്കൂൾ ഹെഡ്മാസ്റ്റർ സയ്യിദ് മഹ്മൂദല്ലാഹ് ശാഹ് സാഹിബിനോടു പറഞ്ഞിട്ടാണ് വന്നത്. എന്നാൽ, 10 മണിവരെ ആ വിജനവും വെള്ളവും വെളിച്ചവുമില്ലാത്തതുമായ സ്ഥലത്ത് ഞങ്ങൾ രണ്ടുപേരല്ലാതെ മറ്റൊരു മനുഷ്യനേയും കാണാൻ കഴിഞ്ഞില്ല. മൗനവും വിജനമായ സ്ഥലത്തെ നിശബ്ദതയും സഹികെട്ട് കുറച്ച് പരിഭ്രമത്തോടെ എന്റെ കൂട്ടുകാരൻ, സഹോദരൻ എന്തെങ്കിലും കേൾപ്പിക്കുക എന്ന് പറഞ്ഞു. ഞാൻ ആദ്യം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുറച്ചു പദ്യങ്ങളും കുറച്ച് ട്രക്കിലിരുന്ന് ഞാനെഴുതിയ കവിതകളും ഉറക്കെ കേൾപ്പിച്ചു. ശബ്ദം മലനിരകളിൽ തട്ടി മുഴങ്ങിക്കൊണ്ടിരുന്നു. നമ്മുടെ ജൽസസാലാന ഇവിടെ നടക്കുമ്പോൾ ഇപ്രകാരം നമ്മുടെ പുണ്യാത്മാക്കളുടെ പ്രസംഗങ്ങളും തക്ബീറുകളും മലനിരകളിൽ തട്ടി പ്രതിഫലിക്കുന്നത് ഞാൻ സങ്കല്പിക്കുകയായിരുന്നു. ഇപ്രകാരം ഈ പ്രസംഗങ്ങളും തക്ബീർ ധ്വനികളും ഒരു ലോകത്ത് മുഴങ്ങുന്നതായിരിക്കും. ഈ ചിന്ത വന്നുടനെ മനസ്സിൽ ഒരു ബോധമില്ലായ്മപോലെതോന്നി. ഞങ്ങൾ കുറേനേരംവരെ മിണ്ടാതിരുന്നു.

ഞാനെന്റെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ ഖാദിയാനിന്റെ പ്രാരംഭകാലം കണ്ടിട്ടില്ല; അതായത് മഹല്ലുകൾ ഉണ്ടായിട്ടില്ലാത്ത ഖാദിയാനിലെ അക്കാലം. പക്ഷേ, ഞാൻ അത്ഭുതപ്പെടുകയായിരുന്നു; അല്ലാഹു ചരിത്രത്തെ ഒരു പുതിയ കാലഘട്ടത്തിലൂടെ കടത്തി കഴിഞ്ഞകാലം മടക്കിക്കൊണ്ടുവരുന്നു. ഞാൻ പറഞ്ഞു: മൗലവി സാഹിബേ! നോക്കൂ! ഖാദിയാനിലെ പ്രാരംഭകാലത്തിന്റെ ഒരു വശം നമ്മുടെ മുമ്പിലുണ്ട്. ചന്ദ്രൻ ചിരിക്കുകയായിരുന്നു. താരകങ്ങൾ മന്ദഹാസത്തോടെ ഞങ്ങളെ നോക്കുകയായിരുന്നു. പെട്ടെന്നാണ് ദൂരെനിന്ന് ഒരു വെളിച്ചം വരുന്നത് കണ്ടത്. നമ്മുടെ സ്കൂളിലെ മൂന്നു കുട്ടികൾ ഒരു റാന്തൽ പിടിച്ച് ഞങ്ങളിലേക്ക് നടന്നുവരികയായിരുന്നു. ഇവരിൽ രണ്ടുപേർ ബംഗാൾ കാരും ഒരാൾ ശ്രീലങ്കക്കാരനുമായിരുന്നു. തങ്ങളുടെ നാട്ടിൽനിന്ന് ആയിരക്കണക്കിന് മൈൽ ദൂരത്ത് രാത്രി 10 മണിക്ക് വിജനമായ ഒരു താഴ്‌വരയിൽ തങ്ങളുടെ യജമാനന്റെ ഖുദ്ദാമിനെ കാണാൻ വരികയായിരുന്നു.

വെളിച്ചം വന്നപ്പോൾ, ഈ മണ്ണിൽ ഏറ്റവും ആദ്യത്തെ കൂടാരം തൊഴിലാളികളുടെ സഹായമില്ലാതെ സ്വന്തം കൈകൊണ്ട് നാട്ടണമെന്ന് ഞങ്ങൾ തീരുമാനിച്ചു. അങ്ങനെ ഞാനും മൗലാനാ മുഹമ്മദ് സിദ്ദീഖ് സാഹിബും ഒരു കൂടാരം ശരിയാക്കി. ആരുടെ സഹായവും കൂടാതെ ഈ മൈതാനത്തിന്റെ നടുവിൽ ഞങ്ങളുടെ കൈകൊണ്ട് നാട്ടി.

ഇതിനുശേഷം ഞങ്ങൾ മഗ്‌രിബ്-ഇശാ നമസ്കരിച്ചു. കുറച്ചുനേരമിരുന്ന് സംസാരിക്കുകയായിരുന്നു. ഈ കൂടാരം റബ്‌വയുടെ മണ്ണിലെ ആദ്യത്തെ കൂടാരമായിരുന്നു. ഇത് നാട്ടാനുള്ള സൗഭാഗ്യം രണ്ട് ഖാദിയാൻ വാസികൾക്കുണ്ടായി.

ഏകദേശം അർദ്ധരാത്രി കഴിഞ്ഞപ്പോൾ അഹ്മദ് നഗറിൽനിന്ന് ജാമിഅ അഹ്മദിയ്യ പ്രിൻസിപ്പാൾ മൗലവി അബുൽ അത്വാസാഹിബ് കൊടുത്തുവിട്ട കുറച്ചു ചപ്പാത്തിയും പരിപ്പു കറിയും വന്നു. ഇത് എന്തായാലും വളരെ പെട്ടെന്ന് തയ്യാറാക്കിയതാണെന്ന് മനസ്സിലാകുന്നുണ്ടായിരുന്നു. ആ സമയത്ത് ആ പരിപ്പുകറിയും റൊട്ടിയും നല്കിയ രുചി, ജീവിതത്തിന്റെ നല്ല കാലത്ത് കഴിച്ച ഭക്ഷണത്തെക്കാൾ കൂടിയതായി തോന്നി. രാവിലെ ഹുദൂറിന്റെ ആഗമനമാണ്. അതുകൊണ്ട് കൂടാരങ്ങളും ചാർത്തുകളും ശരിയാക്കി. അതിൽ ഞങ്ങളെല്ലാവരും മുഴുകി. രാത്രി സമാധാനത്തോടും ശാന്തിയോടുംകൂടി ഞാൻ ഉറങ്ങി. എനിക്ക് ബോധമൊന്നുമുണ്ടായിരുന്നില്ല. എന്നാൽ, മൗലവി സാഹിബ് പറഞ്ഞു: ദൂരെനിന്ന് കുറച്ച് കുറുക്കന്മാരുടെ ശബ്ദം കേൾക്കാമായിരുന്നു.' പക്ഷേ, അല്ലാഹുവിന് ആയിരമായിരം നന്ദി. അവൻ എല്ലാത്തരം വിഷമങ്ങളിൽനിന്നും ഞങ്ങളെ കാത്തുസൂക്ഷിച്ചു. കാത്തുസൂക്ഷിച്ചുവരികയും ചെയ്യുന്നു. അൽഹംദുലില്ലാഹ്. (അൽഫള്ൽ ദിനപത്രം, 1948 ഒക്ടോബർ 2, പേജ് 5)

## കലാമുൽ ഇമാം:-

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:**
**"ഏഷ്യയിലേയും യൂറോപ്പിലേയും അമേരിക്കയിലേയും മനസ്സുകളിൽ മലക്കുകളുടെ സൈന്യം ആകാശത്തുനിന്നിറങ്ങുന്നത് നിങ്ങൾ കാണുന്ന കാലം വിദൂരമല്ല, പ്രത്യുത വളരെ അടുത്താണ്."**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

## തന്റെ ജമാഅത്തിനെക്കുറിച്ച് ഹദ്റത്ത് അഹ്മദ്(അ)

"നബി(സ)തിരുമേനിയുടെ സ്വഹാബാക്കൾ(റ.ഹും) ചരിത്രത്തിൽ എങ്ങും ലഭിക്കാത്ത സത്യസന്ധതയുടേയും കൂറിന്റേയും അതുല്യമായ മാതൃകയാണ് കാണിച്ചത്. അവർ ആ മഹാത്മാവിനുവേണ്ടി എല്ലാ തരത്തിലുളള വിഷമങ്ങളും സഹിക്കുന്നത് ലളിതമായി മനസ്സിലാക്കി. എത്രത്തോളമെന്നാൽ പ്രിയങ്കരമായ തങ്ങളുടെ പിറന്ന നാടുകൂടി ഉപേക്ഷിച്ചു. തങ്ങളുടെ സ്വത്തുവകകളിൽനിന്നും സാധനസാമഗ്രികളിൽനിന്നും ബന്ധുക്കളിൽനിന്നും വേർപ്പെട്ടു. ഇപ്രകാരം അല്ലാഹു എന്റെ ജമാഅത്തിനും അവരുടെ നിലയും വിലയുമനുസരിച്ച് ഒരു ആവേശം പ്രദാനം ചെയ്തിരിക്കുന്നതായി ഞാൻ കാണുന്നു. ആ കൂറിന്റേയും സത്യസന്ധതയുടേയും മാതൃക ഇവരും കാഴ്ച വെക്കുന്നു."

**(മൽഫൂദാത്ത് വാള്യം 1 പേജ് 336–337 1985 ലണ്ടൻ പതിപ്പ്)**

---

**(പേജ് 1ൽനിന്ന്)**

ളിൽ കൃത്രിമമായി ചിലയാളുകൾ മഴയുണ്ടാക്കാൻ ഈയിടെയായി ശ്രമിക്കുന്നു. ചുരുക്കത്തിൽ ഞാൻ എവിടെവരെയാണ് വിവരിക്കേണ്ടത്. നാലുഭാഗത്തുനിന്നും ഇസ്‌ലാമിന്റേമേൽ ആക്രമണം നടന്നുകൊണ്ടിരിക്കുന്നു. അതിന് ചീത്തപ്പേരുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അതേ! അവർ അശ്രാന്തപരിശ്രമം ചെയ്തുകൊണ്ടിരിക്കുകയാണ്. എന്നാൽ, അവരുടെ പദ്ധതികൾക്കും കൈയൂക്കിനും എന്താണ് ചെയ്യാൻ കഴിയുക. അല്ലാഹു അതിനെ സ്വയം ആ ആയുധങ്ങൾകൊണ്ട് രക്ഷിക്കാനാഗ്രഹിക്കുന്നു. ഈ ഭൗതികാഭിവൃദ്ധിയു ടെ കാലത്ത് ഇസ്‌ലാമിനെ സഹായിക്കാതെ അല്ലാഹു വിട്ടുകളഞ്ഞില്ല. മറിച്ച് അവൻ ഇസ്‌ലാമിനെ കാത്തുസൂക്ഷിക്കുകയും തന്റെ സത്യവാനായ റസൂലിന്റെ(സ) വാഗ്ദാനങ്ങളെ സത്യമായി സ്ഥാപിച്ചുകാണിക്കുകയും ചെയ്തു. അതിന്റെ അനുഗൃഹീതമായ പ്രവചനങ്ങളുടെ യാഥാർഥ്യം തുറന്നതന്നു. ഈ നൂറ്റാണ്ടിൽ ഒരു വ്യക്തിയെ സൃഷ്ടിച്ചു. ഞാൻ വീണ്ടും വീണ്ടും പറയുന്നു: ആ വ്യക്തി നിങ്ങളുടെ ഇടയിൽ സംസാരിച്ചുകൊണ്ടിരിക്കുന്നയാളാണ്. അവൻ സത്യസാക്ഷ്യത്തിന്റെ ആത്മാവ് ഇസ്‌ലാമിൽ ഊതുന്നതായിരിക്കും. അയാൾ കളഞ്ഞുപോയ സത്യസാക്ഷ്യങ്ങളെ ആകാശങ്ങളിൽനിന്നു കൊണ്ടുവരികയും ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുന്നു. അയാൾ തെറ്റായ ധാരണകളേയും ഈമാനികമായ ബലഹീനതകളേയും ദൂരീകരിക്കാൻ ആഗ്രഹിക്കുന്നു. **(മൽഫൂദാത്ത് വാള്യം 1, പേജ് 83–85, 2018 ഖാദിയാൻ)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin